വായിച്ചു വളരുക
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2016 ആഗസ്റ്റ്
വില ₹15



# ഇരട്ടി പുണ്യം





## കാരുണ്യയും കാരുണ്യ പ്ലസും

### കാരുണ്യ പ്ലസ്
എല്ലാ വ്യാഴാഴ്ചയും

ഒന്നാം സമ്മാനം ₹1 കോടി

രണ്ടാം സമ്മാനം ₹15 ലക്ഷം

മൂന്നാം സമ്മാനം ₹5 ലക്ഷം

1 ലക്ഷം വീതം 5 പേർക്ക്

ടിക്കറ്റ് വില ₹50

10000, 5000, 1000, 500,100
രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

### കാരുണ്യ
ചികിത്സാ ധനസഹായ പദ്ധതി

കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളിൽ
നിന്നുള്ള ലാഭം വിനിയോഗിക്കുന്നു
ഇതുവരെ ചികിത്സാ സഹായമായി 92458
രോഗികൾക്ക് നൽകിയത് 746.76 കോടി രൂപ

കാരുണ്യ, കാരുണ്യ പ്ലസ്
ഭാഗ്യക്കുറികൾ വാങ്ങൂ..
ഭാഗ്യം പരീക്ഷിക്കൂ...

ഇതു നമ്മുടെ
കടമ കൂടിയാണ്

### കാരുണ്യ
എല്ലാ ശനിയാഴ്ചയും

ഒന്നാം സമ്മാനം 1 കോടി

ടിക്കറ്റ് വില ₹50

രണ്ടാം സമ്മാനം ₹10 ലക്ഷം

മൂന്നാം സമ്മാനം ₹5 ലക്ഷം

1 ലക്ഷം വീതം 5 പേർക്ക്

10000, 5000, 1000, 500,100 രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

കേരള സംസ്ഥാന ഭാഗ്യക്കുറി വിശ്വസ്തം സുതാര്യം ജനകീയം

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**ആഗസ്റ്റ് 2016**
**വില ₹15**
**വാർഷികവരിസംഖ്യ ₹160**

ഉള്ളടക്കം

## വീണ്ടും ഭൂതം

**പ്രിയ എ എസ്**

18

മീനുകളായിരുന്നു അയാളുടെ ജീവിതം, അയാളുടെ കുട്ടികളുടെ ജീവിതം. പക്ഷേ ഒരു പഞ്ഞമാസത്തിൽ മീനില്ലാത്ത കടലിൽ വലയിൽ കുടുങ്ങിയത് ഒരു കുടം. പറഞ്ഞുകേട്ട കഥകൾ പോലെ കുടത്തിൽനിന്നും വീണ്ടും ഭൂതം! ഈ ഭൂതത്തിനു പക്ഷേ അയാളെ തിന്നേതീരൂ..



## ജീവിതം സമരമാണ്. ഒളിച്ചോടരുത്

**കാനായി കുഞ്ഞിരാമൻ**

6




ലോകത്തിനു കേരളം നൽകിയ സമ്മാനമാണ് ശില്പി കാനായി കുഞ്ഞിരാമൻ. കുട്ടിയായ കുഞ്ഞിരാമൻ ശില്പി കാനായി കുഞ്ഞിരാമനായി മാറിയ കഥ അദ്ദേഹം ഓർത്തെടുക്കുന്നു, എന്റെ കുട്ടിക്കാലം എന്ന പംക്തിയിൽ.

## അലിയെ കരയിപ്പിച്ച കുട്ടി

**ആർ രാധാകൃഷ്ണൻ**

14

ജെറി ക്വാറിയെ ബോക്സിങ് റിംഗിൽ ഇടിച്ചുവീഴ്ത്താൻ തുടങ്ങുമ്പോഴാണ് ലോകം കണ്ട ഏറ്റവും മികച്ച ബോക്സറായ മുഹമ്മദ് അലി ആ കാഴ്ച കാണുന്നത്. ഒരു കുട്ടിയുടെ കരഞ്ഞുകലങ്ങിയ മുഖം...




**മുൻമൊഴി** ....................5
സുഗതകുമാരി
**സ്കൂൾഡേയ്സ്**....................11
രാജീവ് എൻ ടി
**കവിതാപരിചയം**....................12
അക്കിത്തം അച്യുതൻ നമ്പൂതിരി
**കേരളവും അഞ്ചലാപ്പീസും**.......18
ഡോ. പി കെ ഭാഗ്യലക്ഷ്മി
**കാന്തത്തിനു മുകളിൽ പൊങ്ങിക്കിടക്കുന്ന തവള**.......28
വൈശാഖൻ തമ്പി
**ദാനം**....................27
ഹരിദാസ് സാരംഗി
**മഴയെവിടെ?**....................17
കെ കെ പല്ലശ്ശന
**ആരോഗ്യം**....................34
ഡോ. ബി പത്മകുമാർ
**ജാതകകഥ**....................24
വെങ്കി
**കതിരുകാള**....................31
പുനരാഖ്യാനം: നിർമ്മല ജെയിംസ്
**സംഗ്രാമധീര രവിവർമ**............40
ഡോ. എം ജി ശശിഭൂഷൺ
**നളപാചകം**....................38
എം എൻ കാരശ്ശേരി
**കേരളവും അഞ്ചലാപ്പീസും**......36
ഡോ. പി കെ ഭാഗ്യലക്ഷ്മി
**മഹാഭാരതം**....................44
സുഗതകുമാരി
**ഇളംതളിര്**....................48
**ഉണ്ടാക്കാം**....................50
അരവിന്ദ് ഗുപ്ത/ K V Potdar
**അക്ഷരചിത്രം**....................51
ഭരണിക്കാവ് കൃഷ്ണൻ



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ & ഡയറക്ടർ
**ഡോ. പോൾ മണലിൽ**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

കവർ & ആർട്ട്
**അരുണ ആലഞ്ചേരി**

ലേ ഔട്ട്
**വിഷ്ണു പി എസ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790

**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

**www.ksicl.org**

# മാനം നോക്കികൾ

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

നിങ്ങൾ മഴവില്ലു കണ്ടിട്ടുണ്ടോ? മിക്കവരും കണ്ടിട്ടില്ല എന്നെനിക്ക് ഉറപ്പുണ്ട്. കാരണം മഴവില്ല് വല്ലപ്പോഴും മാത്രം കാണുന്ന പ്രകൃതിയുടെ ഒരു മനോഹര മായാദൃശ്യമാണ്. കുറച്ചു മഴക്കാറും ഉച്ചയിലും നനവുമുള്ള ദിവസങ്ങളിലാണ് ഇതു പ്രത്യക്ഷപ്പെടുക. ഏഴുനിറങ്ങൾ മനോഹരമായി ഒന്നൊന്നായി ചാലിച്ചടുക്കിയപോലെ ഒരു വലിയ വില്ലിന്റെ ആകൃതിയിൽ ആകാശത്ത് ഈ അത്ഭുതം തെളിയുന്നു. ഏതു മഹാചിത്രകാരനാണിതിന്റെ പിന്നിൽ? പ്രകൃതി എന്നാണുത്തരം. സൂര്യനും അന്തരീക്ഷത്തിലെ പൊടിപടലങ്ങളും അദൃശ്യതരംഗങ്ങളും എല്ലാം കൂടിച്ചേർന്ന് ഈ സൗന്ദര്യം നമ്മെ കാട്ടിത്തരുന്നു. പക്ഷേ നിങ്ങൾ ഈ കാഴ്ച കണ്ടിട്ടുണ്ടോ എന്നെനിക്ക് സംശയമാണ്. മുകളിലേക്ക്, മാനത്തേക്ക് ഇടയ്ക്കിടെ നോക്കിയാൽ മാത്രമല്ലേ



ഈ കാഴ്ചയൊക്കെ കാണാനൊക്കുകയുള്ളൂ. നോക്കിയാൽ പിന്നെയും പലതും കാണാം. ആകാശത്ത് ചിറകുകൾ ചലിപ്പിക്കാതെ പറന്നു വട്ടം ചുറ്റുന്ന പരുന്തുകൾ. പലപല വിചിത്രാകൃതികൾ മാറിമാറി അണിയുന്ന മേഘങ്ങൾ. പഞ്ഞിക്കെട്ടുകൾപോലെ, തിരകൾ പോലെ, വെളുത്ത കുന്നുകൾ പോലെ, കിളിച്ചിറകുകൾ പോലെ എന്തെല്ലാം ആകൃതികളിലാണെന്നോ. അവയുടെ രൂപമാറ്റങ്ങൾ, വായുപ്രവാഹങ്ങളനുസരിച്ച് അവയുടെ രൂപഭാവങ്ങളും മാറും. മഴക്കാലത്തോ? കരിമ്പാറക്കെട്ടുകൾപോലെ, കൊമ്പനാനകൾപോലെ, കടലുപോലെ, കരിംകുന്നുകൾ കയറിവരും പോലെ, ആളിവീശുന്ന മിന്നൽപ്പിണരുകളും ഇടയ്ക്കിടെ ഇരമ്പിക്കേൾക്കുന്ന ഇടിമുഴക്കവും! ഇതൊക്കെ നോക്കിനിൽക്കുക രസമല്ലേ?

എന്റെ ജീവിതത്തിൽ ഒരിക്കൽ മാത്രം ഞാനൊരു ഇരട്ടമഴവില്ലു കണ്ടു. അട്ടപ്പാടി മലനിരകൾക്കിടയിൽ ഒരു കുന്നിൻമുകളിൽ ഞാൻ ഇരിക്കുകയായിരുന്നു. സന്ധ്യയാകാറായി വരുന്നു. ചുറ്റും മലനിരകൾ. താഴെ പച്ചക്കടൽപ്പോലെ വയലുകൾ. അങ്ങകലെ മല്ലീശ്വരൻമുടിയെന്നു പേരുള്ള ഒരു ചെറു കൊടുമുടി കാണാം. ശിവന്റെ ഇരിപ്പിടമാണെന്ന് ആദിവാസികൾ എനിക്കു പറഞ്ഞു തന്നു. മല്ലീശ്വരൻ മുടിയുടെയരികിൽ ഒരു വിളർത്ത അമ്പിളിക്കല കാണാം. തെളിഞ്ഞ ആകാശത്തു പെട്ടെന്നതാ ഒരു ചെറിയ മഴവില്ല് പ്രത്യക്ഷപ്പെട്ടു. ആഹ്ലാദത്തോടെ അതു നോക്കിയിരുന്ന എന്റെ മുമ്പിൽ അതാ അതിനെ തൊട്ടുകൊണ്ടുതന്നെ രണ്ടാമതൊരു മഴവില്ല്. ഞാൻ അമ്പരന്നു നോക്കിയിരിക്കുകയാണ്. ഇരട്ട മഴവില്ല് ആകാശത്തങ്ങനെ നിറച്ചാർത്തുകൾ വീശി തെളിഞ്ഞു നിൽക്കുകയാണ്. പിന്നിൽ കറുത്ത മല്ലീശ്വരൻ മുടിയും ഒരു അമ്പിളിക്കീറും. ആനന്ദത്തോടെ ഇതെല്ലാം കണ്ടിരിക്കുന്ന എന്നോട് അരികിൽ പുല്ലരിഞ്ഞു കൊണ്ടുനിന്ന ആദിവാസി സ്ത്രീകൾ പറഞ്ഞു.

''തൊഴമ്മാ, തൊഴ്, അതുതാൻ നമ്മ കടവുൾ!''


ഞാൻ നന്ദിപൂർവം തൊഴുതു. പ്രകൃതിയും ഈശ്വരനും ഒന്നാകുന്ന അറിവിൽ ആനന്ദിച്ചുകൊണ്ട്.

എന്റെ കുഞ്ഞുങ്ങൾ പുസ്തകവും ഇന്റർനെറ്റും ടി വി യും മറ്റും മാത്രം കണ്ടാൽ പോരാ. ഇടയ്ക്കിടെ മാനം നോക്കികളുമാകണമെന്നാണ് എന്റെ ആഗ്രഹം.

സ്നേഹത്തോടെ,
**സുഗതകുമാരി**



വര: അരുണ ആലഞ്ചേരി





# ജീവിതം സമരമാണ്. ഒളിച്ചോടരുത്.

**കാനായി കുഞ്ഞിരാമൻ**

കേരളം ലോകത്തിനു സമ്മാനിച്ച ശില്പിയാണ് കാനായി കുഞ്ഞിരാമൻ. ശംഖുമുഖം കടപ്പുറത്തെ മത്സ്യകന്യക, മലമ്പുഴയിലെ യക്ഷി തുടങ്ങിയ ശില്പങ്ങളിലൂടെ ഏവർക്കും പരിചിതനായ കാനായി തന്റെ കുട്ടിക്കാലം ഓർത്തെടുക്കുന്നു.





'പ്രധാനമന്ത്രി തീവണ്ടിയിൽ നിന്നിറങ്ങി നീയുണ്ടാക്കിയ കട്ടൗട്ട് നോക്കിനിന്നു എന്നു കേട്ടല്ലോ...' അത്ഭുതത്തോടെയാണ് ഞാനാ വാർത്തകേട്ടത്. കേട്ടതു വിശ്വസിക്കാനാവാതെ ഞാൻ ചെറുവത്തൂർ റെയിൽ വേസ്റ്റേഷനിലേക്ക് ഓടി. റെയിൽവേ സ്റ്റേഷനുമുന്നിലാണ് ടി വി കൃഷ്ണന്റെ ടെയിലറിങ് കട. അവിടെയാണ് പ്രധാനമന്ത്രി നെഹ്റുവിന്റെ കട്ടൗട്ട് വച്ചിരിക്കുന്നത്.അഞ്ചരയടി ഉയരമുള്ള ഒന്ന്. ഓടിക്കിതച്ചാണ് ഞാനവിടെ എത്തിയത്. പക്ഷേ അപ്പോഴേക്കും നെഹ്റു പോയ്ക്കഴിഞ്ഞിരുന്നു.

ടെയിലറിങ് അസോസിയേഷൻ സെക്രട്ടറിയാണ് ടി വി കൃഷ്ണൻ. അദ്ദേഹത്തിന്റെ നിർദേശപ്രകാരം അസോസിയേഷന്റെ ജാഥയ്ക്ക് ഉന്തുവണ്ടിയിൽ കൊണ്ടുപോകാൻ ഞാനാണ് ശില്പംപോലെയുള്ള ആ കട്ടൗട്ട് വരച്ചുണ്ടാക്കിയത്. പരിപാടിക്കുശേഷം അത് കൃഷ്ണേട്ടന്റെ കടയുടെ മുന്നിൽ സ്ഥാപിക്കുകയും ചെയ്തു.

കൊച്ചിയിൽ എന്തോ പരിപാടി കഴിഞ്ഞശേഷം മംഗലാപുരത്തേക്കുള്ള തീവണ്ടി യാത്രയിലായിരുന്നു പ്രധാനമന്ത്രി നെഹ്രു. അന്നൊക്കെ ആവിഎൻജിനാണ് തീവണ്ടിക്ക്. ചെറുവത്തൂർ സ്റ്റേഷനിൽ വെള്ളംനിറയ്ക്കാനായി മിക്ക വണ്ടികളും നിർത്തും. പ്രധാനമന്ത്രി സഞ്ചരിച്ച തീവണ്ടിയും അങ്ങനെ നിർത്തി. അദ്ദേഹമിരുന്ന കംപാർട്ട്മെന്റ് കൃഷ്ണേട്ടന്റെ കടയുടെ മുന്നിലാണ് യാദൃച്ഛികമായി നിന്നത്. കട്ടൗട്ട് കണ്ട നെഹ്രു അതു കാണാനായി പുറത്തിറങ്ങി. അത് അവിടെ വലിയ സംഭവമായി.

'നെഹ്രു നെഹ്രുവിനെ നോക്കിനിൽക്കുന്നു.' അങ്ങനെയാണ് പിറ്റേ ദിവസം പത്രങ്ങളിൽ വാർത്തവന്നത്. ഒരു പത്താം ക്ലാസുകാരന് അന്നത് വലിയ അംഗീകാരമായിരുന്നു. ജീവിതത്തിലെ മറക്കാനാവാത്ത ഒരു നിമിഷം!

കുഞ്ഞുന്നാളിലേ ഞാൻ ചിത്രം വരയ്ക്കുമായിരുന്നു. വീടിന്റെ ചുമരിൽ കരിക്കട്ട കൊണ്ടാണ് വര. ചുറ്റുപാടും കാണുന്നതൊക്കെത്തന്നെയാണു വരയ്ക്കാറ്. പട്ടിയും പൂച്ചയും പശുവും മനുഷ്യരും... അങ്ങനെ.

കലയെ പ്രോത്സാഹിപ്പിച്ചിരുന്നവർ അന്ന് അത്യപൂർവമാണ്. വരയ്ക്കുന്നത് അച്ഛനും ഇഷ്ടമല്ല. കണ്ടാൽ വഴക്കുപറയും. ചുമരിൽ വരച്ചത് ഒരിക്കൽ പിടിക്കപ്പെട്ടു.

'ചുമരു മുഴുവൻ നീ കലയാക്കി. വേഗം മായ്ച്ചു കളഞ്ഞോണം.'

അച്ഛൻ ദേഷ്യപ്പെട്ടു. അമ്മ ഉടൻ എനിക്കു പിന്തുണയുമായെത്തി.

'അത് അവന്റെ കലയല്ലേ?' വരച്ചത് അന്നു മായ്ച്ചുകളഞ്ഞെങ്കിലും വരയ്ക്കാതിരിക്കാൻ എനിക്കു കഴിയുമായിരുന്നില്ല. അച്ഛനറിയാതെ ചുമരിലും മറ്റും വീണ്ടും വരച്ചു. വരച്ചത് ഉടൻ മായ്ച്ചുകളയുകയും ചെയ്യും.

കാസർഗോഡ് ജില്ലയുടെ തെക്കേ അറ്റത്താണ് ഞാൻ കുട്ടിക്കാലം ചിലവഴിച്ചത്. ചെറുവത്തൂർ എന്ന ഗ്രാമത്തിൽ. അച്ഛന്റെ വീട് പക്ഷേ കാനായി എന്ന ഗ്രാമത്തിലാണ്. അങ്ങനെ ഞങ്ങൾ കാനായിക്കാരായി. അന്ന് കൂട്ടുകാരെന്നു പറയാൻ അങ്ങനെയാരും ഉണ്ടായിരുന്നില്ല. പതിനാറേക്കറോളം വരുന്ന വലിയ പറമ്പിലാണു വീട്. നിറയെ മരങ്ങളും ചെടികളും. മാവും പ്ലാവും ധാരാളമുണ്ട്. വിശന്നാൽ മാവിൽ വലിഞ്ഞു കയറും. മാമ്പഴം ആവോളം തിന്ന് വിശപ്പുമാറ്റും.

അന്ന് വീട്ടിൽ ചില ചിട്ടകളൊക്കെയുണ്ട് രാവിലെ അഞ്ചുമണിക്ക് എണീക്കണം. കുറച്ചുനേരം പാടത്ത് പണിക്കാർക്കൊപ്പം ചിലവഴിക്കണം. രാവിലെ ചായ മാത്രമേയുള്ളൂ. ഉച്ചയ്ക്ക് ഊണില്ല. സ്കൂൾവിട്ടുവന്നാൽ പുല്ലരിയാൻ വീണ്ടും പാടത്തു പോകണം. അങ്ങനെ പാടത്തെ പണിക്കാർ എന്റെ ചങ്ങാതിമാരായി മാറി.

നല്ല ചെളി കിട്ടും പാടത്ത്. അതു കുഴച്ച് പല രൂപങ്ങളും ഉണ്ടാക്കുക എന്റെ വിനോദമായിരുന്നു. ഇന്നത് ഉണ്ടാക്കിക്കളയാം എന്നു വിചാരിച്ചു ചെയ്യുന്നതല്ല. അങ്ങനെ ഓരോന്നു തോന്നും. ഉണ്ടാക്കും. മൃഗങ്ങളുടെയും പാടത്തു പണിയെടുക്കുന്നവരുടെയും രൂപങ്ങളായിരുന്നു പലതും. പണിക്കാർ കൗതുകത്തോടെ നോക്കും എന്റെ ശില്പപ്പണി. 'കൊള്ളാം, നന്നായിരിക്കുന്നു...' എന്നൊക്കെ അഭിനന്ദനവും കിട്ടും. ശില്പകലയുടെ ആദ്യചുവടുകളായിരുന്നു ആ പാടത്തെ ചെളി എനിക്കു നൽകിയത്.

പ്രൈമറിക്ലാസുകളിൽ



കാനായി കുഞ്ഞിരാമൻ

ഞാൻ പഠിച്ചത് പുത്തിലോട്ട് സ്കൂളിലായിരുന്നു. അഞ്ചു കിലോമീറ്ററോളം നടന്നു വേണം പോകാൻ. പഠിക്കാൻ മിടുക്കനൊന്നുമായിരുന്നില്ല. പക്ഷേ ചിത്രം വരയ്ക്കും പാട്ടു പാടും. അതുകൊണ്ട് അധ്യാപകർക്ക് ഇഷ്ടക്കേടൊന്നും ഉണ്ടായിരുന്നില്ല. സ്കൂളിൽ പ്രാർത്ഥന ചൊല്ലിയിരുന്നതു ഞാനാണ്. അന്ന് എന്റെ വരകണ്ട് പ്രോത്സാഹിപ്പിച്ച ഒരു ടീച്ചർ ഉണ്ടായിരുന്നു. ഗോവിന്ദൻമാഷ്. ടീച്ചർമാർക്കിടയിൽനിന്നും വരയ്ക്കു കിട്ടിയ ആദ്യ പ്രോത്സാഹനം ഗോവിന്ദൻ മാഷിന്റേതു തന്നെ. അദ്ദേഹത്തെ മറക്കാതിരിക്കാൻ മറ്റൊരു കാരണം കൂടിയുണ്ട്. ബുദ്ധചരിതം പഠിപ്പിച്ചത് അദ്ദേഹമാണ്. നല്ല രസമാണ് ക്ലാസ്. കഥകൾ പറഞ്ഞുതരും. ബുദ്ധന്റെ കഥകളും അക്കൂട്ടത്തിലുണ്ടായിരുന്നു. ആ കഥകൾ എന്നെ വല്ലാതെ സ്പർശിച്ചു. എന്നെ മാത്രമല്ല, അനിയത്തി മാധവിയെയും. ഞങ്ങൾ ഒരു ക്ലാസിലായിരുന്നു. ഒന്നിനെയും ഉപദ്രവിക്കരുത് എന്ന ഉപദേശം ഞങ്ങളെ വല്ലാതെ സ്വാധീനിച്ചു. അന്നു തീരുമാനിച്ചതാണ് സസ്യാഹാരിയാകാൻ. അതിന്നും തുടരുന്നു.

ചിത്രംവരയ്ക്കുന്നത് ചെറിയച്ഛന് ഇഷ്ടമായിരുന്നു. ചുമരിലൊക്കെ ഞാൻ വരച്ചിരുന്നത് വലിയ ചിത്രങ്ങളായിരുന്നു. എന്നേക്കാൾ ഉയരമുള്ളവ. നിഴൽ നോക്കിയാണു പലപ്പോഴും ചിത്രം വരയ്ക്കുക. വിളക്കിന്റെ പ്രകാശത്തിൽ എന്റെ സ്വന്തം നിഴൽച്ചിത്രം ഞാൻ വരയ്ക്കുന്നത് കണ്ണൻചെറിയച്ഛൻ ഒരിക്കൽ കണ്ടു. അദ്ദേഹത്തിന് അത്ഭുതമായി. 'രാമൻ നന്നായി വരയ്ക്കുന്നുണ്ടല്ലോ' എന്ന് അഭിനന്ദനവും കിട്ടി.

പുത്തിലോട്ട് സ്കൂളിലെ പഠനശേഷം നീലേശ്വരം രാജാസ് ഹൈസ്കൂളിലാണു ചേർന്നത്. വീട്ടിൽനിന്നും ഏറെ അകലെയാണ് രാജാസ് സ്കൂൾ. പതിനഞ്ചു കിലോമീറ്റർ നടന്നുതന്നെ പോണം. അത്യപൂർവമായി തീവണ്ടിയിലും പോയിട്ടുണ്ട്.

> ചിത്രംവരയ്ക്കുന്നത് ചെറിയച്ഛന് ഇഷ്ടമായിരുന്നു. ചുമരിലൊക്കെ ഞാൻ വരച്ചിരുന്നത് വലിയ ചിത്രങ്ങളായിരുന്നു. എന്നേക്കാൾ ഉയരമുള്ളവ. നിഴൽ നോക്കിയാണു പലപ്പോഴും ചിത്രം വരയ്ക്കുക. വിളക്കിന്റെ പ്രകാശത്തിൽ എന്റെ സ്വന്തം നിഴൽച്ചിത്രം ഞാൻ വരയ്ക്കുന്നത് കണ്ണൻചെറിയച്ഛൻ ഒരിക്കൽ കണ്ടു. അദ്ദേഹത്തിന് അത്ഭുതമായി.'രാമൻ നന്നായി വരയ്ക്കുന്നുണ്ടല്ലോ' എന്ന് അഭിനന്ദനവും കിട്ടി.

ബസ്സും കാറുമൊന്നും അന്ന് കണ്ടിട്ടുകൂടിയില്ല. തീവണ്ടികളും കുറവാണ്. റെയിൽപ്പാളത്തിലൂടെയാവും മിക്കപ്പോഴും സ്കൂളിലേക്കുള്ള നടത്തം. വീഴാതെ വേഗത്തിൽ നടക്കുന്നതാരാണ് തുടങ്ങിയ വിക്രസ്സുകളായിരുന്നു അന്നത്തെ ഞങ്ങളുടെ വിനോദം.

രാജാസ് ഹൈസ്കൂളിൽ ഒരു കൃഷ്ണക്കുട്ടൻമാഷുണ്ട്. ഡ്രോയിങ് മാഷാണ്. നാടകങ്ങൾക്ക് ആവശ്യമുള്ള കർട്ടനുകൾ വരയ്ക്കുന്നതിൽ അദ്ദേഹത്തിന് പ്രത്യേക കഴിവാണ്. നമ്മളെക്കാൾ വലിയ ചിത്രങ്ങളാണവ. കൃഷ്ണക്കുട്ടൻമാഷ് എന്നെ ഒത്തിരി പ്രോത്സാഹിപ്പിച്ചു. എന്റെ വരയെ ഏറെ സ്വാധീനിക്കാൻ അദ്ദേഹത്തിനായി. നെഹ്രുവിന്റെ കട്ടൗട്ട് വരച്ചുണ്ടാക്കിയ സമയത്തുവന്ന പിഴവുകൾ ചൂണ്ടിക്കാണിച്ചതും തിരുത്തിത്തന്നതും അദ്ദേഹമാണ്.

ഹൈസ്കൂളിൽ പഠിക്കുമ്പോൾ പണത്തിനു ബുദ്ധിമുട്ടിയുണ്ട്. അച്ഛൻ അങ്ങനെയിങ്ങനെയൊന്നും പണം തരില്ല. പിന്നെ ഒരു സൂത്രം കണ്ടെത്തി. ടീച്ചർമാരുടെയും സുഹൃത്തുക്കളുടെയും ചിത്രങ്ങൾ വരച്ചുനൽകുക അവരുടെ പാസ്പോർട്ട് ഫോട്ടോ നോക്കി അതു പോലെ പെൻസിൽകൊണ്ടു വരയ്ക്കും. ചിത്രങ്ങൾ അവർക്കു നൽകും.

സ്കൂളിലെ ചിത്രരചനാ മത്സരത്തിൽ എല്ലാ വർഷവും സമ്മാനം എനിക്കായിരുന്നു. ഒരുതവണ സമ്മാനമായി കിട്ടിയത് ഒരു പുസ്തകമായിരുന്നു. ആധുനിക ഫ്രഞ്ച്കലയെക്കുറിച്ചുള്ള ഒരു അപൂർവ്വപുസ്തകം – *മോഡേൺ ഫ്രഞ്ച് പെയിന്റിങ്സ്.* ആ പുസ്തകം വലിയ വഴികാട്ടിയായി മാറി. ആധുനിക ചിത്രരചനാ സങ്കേതങ്ങളെക്കുറിച്ച് മനസ്സിലാക്കിത്തരാൻ അതിനായി. ചെറുവത്തൂർ അന്നൊരു വായനശാലയുണ്ട്. അവിടെപ്പോയി ചിത്രകലയെക്കുറിച്ചുള്ള പുസ്തകങ്ങൾ വായിക്കുക പതിവായി. ചെറുപ്പത്തിലേ തുടങ്ങിയ വായനാശീലം എന്നെ പിന്നീട് ഒരുപാടു സഹായിച്ചിട്ടുണ്ട്.

ഹൈസ്കൂളിലെത്തിയപ്പോൾ ഞാൻ ഉറപ്പിച്ചു. എന്റെ വഴി കല തന്നെ. അന്നു മാതൃഭൂമി ആഴ്ചപ്പതിപ്പിൽ കെ പി പത്മനാഭൻ തമ്പിയുടെയും എം വി ദേവന്റെയും മറ്റും ചിത്രങ്ങളും ലേഖനങ്ങളും കാണാം. ശാന്തിനികേതനെ



വര: അരുണ ആലഞ്ചേരി

ക്കുറിച്ച് അറിഞ്ഞത് അങ്ങനെയാണ്. ശാന്തിനികേതനിൽ പഠിക്കാൻ പോകണം. ഞാൻ തീരുമാനിച്ചു. അച്ഛൻ പക്ഷേ സമ്മതിക്കില്ല. എന്നെ ഒരു വക്കീലാക്കണം എന്നാണ് അദ്ദേഹത്തിന്റെ ആഗ്രഹം.

എന്റെ ഒരു അമ്മാവനുണ്ട്. കുഞ്ഞപ്പുമാഷ്. അമ്മാവന്റെ ഒരു സുഹൃത്ത് കുഞ്ഞിക്കണ്ണൻ മദിരാശിയിലാണ് (ചെന്നൈ). ശാന്തിനികേതനു പകരം മദ്രാസ് സ്കൂൾഓഫ് ആർട്സിൽ ചേരാം എന്നു പറഞ്ഞത് അദ്ദേഹമാണ്. അവസാനം ഞാൻ മദിരാശിയിലേക്കു വണ്ടികയറി. വീടാണ് ആദ്യവിദ്യാലയം. അച്ഛനമ്മമാർ ഗുരുക്കന്മാരും. അങ്ങനെയാണു ഞാൻ കരുതുന്നത്. പോകുംമുൻപ് അമ്മയെ ചെന്നുകണ്ടു. അമ്മയായിരുന്നു എന്റെ ആദ്യ ഗുരു. ആരോഗ്യം നോക്കണം. ചീത്തപ്പേരു കേൾപ്പിക്കരുത്. ഇങ്ങനെ രണ്ട് ഉപദേശങ്ങളാണ് അമ്മ തന്നത്. മദിരാശിയിലെത്തിയതും നേരെ മദ്രാസ് സ്കൂൾ ഓഫ് ആർട്സിൽ ചെന്നു. അവിടത്തെ അധ്യാപകപ്രമുഖനായ കെ സി എസ് പണിക്കരെ പോയികണ്ടു.അദ്ദേഹത്തിന് എന്നെ ഇഷ്ടമായി. അവിടെ ചേരാൻ ടെസ്റ്റുണ്ട്. അതെഴുതാൻ പറഞ്ഞു. അങ്ങനെയാണ് എന്റെ കലാജീവിതം ശരിക്കും ആരംഭിക്കുന്നത്.

അവിടെ ക്യാന്റീനിലായിരുന്നു എന്റെ താമസം. ഒരു തമിഴ്നാട്ടുകാരനാണ് കട നടത്തുന്നത്. അദ്ദേഹത്തെ സഹായിച്ച് അവിടെ കൂടി. പണിക്കരുടെ നിർദേശമായിരുന്നു അവിടെ താമസിക്കാൻ. പഠനത്തിനുള്ള തുക മുഴുവൻ ഞാൻ തന്നെ ഉണ്ടാക്കേണ്ടിവന്നു. മൂന്നുകൊല്ലമാണ് അവിടെ പഠിച്ചത്. ചിത്രകലയിൽ നിന്നും ശില്പകലയിലേക്കു മാറിയതും അവിടെവച്ചാണ്. അതിനും കെ സി എസ് പണിക്കരോട് കടപ്പെട്ടിരിക്കുന്നു. മോഡേൺ ആർട്ടിനെ കെ സി എസ് ഒത്തിരി പ്രോത്സാഹിപ്പിച്ചിരുന്നു. എന്റെ ശില്പങ്ങൾ കണ്ട അദ്ദേഹമാണ് ഞാൻ ശില്പകല പഠിച്ചാൽ മതിയെന്നു നിർദേശിച്ചത്. കോളേജിൽ ഏതാണ്ടു മുഴുവൻ സമയവും ഞാൻ ജോലി ചെയ്തിരുന്നു ശരിക്കും എന്റെ മുഴുവൻ കഴിവും ശില്പകലയിൽ ത്തന്നെ അർപ്പിച്ച കാലം. കഠിനാധ്വാനം. അതായിരുന്നു എന്റെ നിലനിൽപ്പ്. അന്ന് ഞാനവിടെ കോൺക്രീറ്റിൽ ചെയ്ത ഒരു ശില്പം ഡൽഹിയിലെ ഗാലറി ഓഫ് മോഡേൺ ആർട്ട് വിലയ്ക്കു വാങ്ങി. അതിന്നും ഡൽഹിയിലെ ഗാലറിയിലുണ്ട്. പഠനത്തിന്റെ അവസാനകാലത്ത് പ്രിൻസിപ്പാളായി വന്ന പ്രൊഫ. ധനപാലും എന്നെ ഒരുപാടു സഹായിച്ചിട്ടുണ്ട്. ഭക്ഷണം കഴിക്കാനുള്ള പണമൊക്കെ ഇടയ്ക്ക് പോക്കറ്റിൽ വച്ചുതരും. പിന്നീടാണ് നാഷണൽ



കാനായി കുഞ്ഞിരാമൻ ചെയ്ത ഒരു ശില്പം.

സ്കോളർഷിപ്പ് കിട്ടുന്നത്. വലിയ തുകയായിരുന്നു അത്. അടുത്ത രണ്ടുവർഷത്തെ പഠനം ഈ സ്കോളർഷിപ്പ്തുക കൊണ്ടായിരുന്നു.

ഇതിനിടയിലാണ് കോമൺവെൽത്ത് സ്കോളർഷിപ്പിന് അപേക്ഷക്ഷണിച്ച് പരസ്യം കാണുന്നത്. പ്രതീക്ഷയൊന്നുമില്ലെങ്കിലും ഞാനും അയച്ചു. വർക്കുകളുടെ ഫോട്ടോകൾ അയച്ചു കൊടുക്കാൻ പറഞ്ഞ് മറുപടിവന്നു. അയച്ചുകൊടുത്തു. ഡൽഹിയിലായിരുന്നു ഇന്റർവ്യൂ. ബോർഡംഗങ്ങളുടെ ചോദ്യങ്ങൾക്ക് അറിയാവുന്ന രീതിയിൽ മറുപടി പറഞ്ഞു. പ്രതീക്ഷിച്ചിരുന്നില്ലെങ്കിലും അവസാനം ബ്രിട്ടനിലേക്കുള്ള കോമൺവെൽത്ത് സ്കോളർഷിപ്പ് എന്നെത്തേടി വന്നു. ചെറുപ്പം മുതൽക്കേയുള്ള വായനാശീലം വലിയതോതിൽ സഹായിച്ചിട്ടുള്ളത് ഇത്തരം ഇന്റർവ്യൂകളിലാണ്.

ജീവിതത്തിലെ മഹാഭാഗ്യമായിരുന്നു ആ സ്കോളർഷിപ്പ്. ഇംഗ്ലണ്ടിൽ പഠിക്കാം. പക്ഷേ കോട്ടും സ്യൂട്ടും വാങ്ങിക്കാൻ പണമില്ല. അങ്ങനെ വിഷമിച്ചു നിൽക്കുമ്പോഴാണ് ഡൽഹിയിലെ ഗാലറി എന്റെ ശില്പം വാങ്ങിയതിന്റെ തുക തരുന്നത്. 2000രൂപ! അന്നതൊരു വലിയ സംഖ്യയാണ്. എന്റെ ജീവിതത്തിലെ ഓരോ പ്രതിസന്ധിയിലും അപ്രതീക്ഷിതമായി എന്തെങ്കിലും സഹായം വന്നുചേർന്നിരുന്നു. ഇന്നും അതൊരു അത്ഭുതമാണ്.

ഇംഗ്ലണ്ടിൽ ലണ്ടൻ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള 'സ്ലേഡ് സ്കൂൾ ഓഫ് ആർട്സി'ലായിരുന്നു പഠനം. മൂന്നരക്കൊല്ലം ഞാൻ അവിടെ പഠിച്ചു. ഞാൻ ചോദിച്ചു വാങ്ങിയതാണ് അവിടെ. കാരണം റഞ്ച് ബട്‌ലർ എന്ന ലോകപ്രശസ്ത ആർട്ടിസ്റ്റ് അവിടെയാണു പഠിപ്പിക്കുന്നത്. അവിടെ വച്ച് റഞ്ച് ബട്‌ലറെ പരിചയപ്പെട്ടു. വളരെ മാന്യമായ സ്വഭാവം. അദ്ദേഹം ഞങ്ങളെ വീട്ടിലൊക്കെ വിളിച്ച് സത്കരിച്ചിട്ടുണ്ട്.

ഹെൻറി മൂർ, ഗാബോ, കെന്നത്ത് ആർമിട്ടേജ് തുടങ്ങി ലോകപ്രശസ്തരായ പല ആർട്ടിസ്റ്റുകളെയും നേരിട്ടു കാണാനും പരിചയപ്പെടാനും അവസരം ലഭിച്ചത് ഈ മൂന്നരവർഷത്തിനിടയിലാണ്. ഡ്യൂബാഷ് എന്ന ആർട്ടിസ്റ്റിനെ കാണാൻ ഏറെ പ്രയാസമാണ്. അത്രയ്ക്കു തിരക്കാണ് അദ്ദേഹത്തിന്. പക്ഷേ അതിനും എനിക്കു കഴിഞ്ഞു. കോമൺവെൽത്ത് സ്കോളർഷിപ്പ് ആയതിനാൽ യൂറോപ്പിലെ പല രാജ്യങ്ങളും ഇതിനിടയിൽ ഞങ്ങൾ സന്ദർശിച്ചു. അവിടത്തെ കലകളെക്കുറിച്ച് നേരിട്ടറിയാനും കഴിഞ്ഞു.

പഠനശേഷം ഇംഗ്ലണ്ടിൽ നിന്നും തിരികെ പോരുന്നത് ജപ്പാൻ വഴിയാണ്. ശരിക്കും ഭൂമിയൊന്നു ചുറ്റിത്തന്നെയാണ് തിരികെയെത്തിയത്. 'സ്ലേഡ് സ്കൂൾ ഓഫ് ആർട്സ്' എന്നെ പഠിപ്പിച്ച ഒരു കാര്യമുണ്ട്. ഒരു ആർട്ടിസ്റ്റ് ആർക്കു വേണ്ടിയും കാത്തിരിക്കരുത്. ആത്മാവിഷ്ക്കാരമാണ് അയാളുടെ കർമമണ്ഡലം.

ശില്പങ്ങൾ ചെയ്തു തുടങ്ങിയതിൽപ്പിന്നെ 1982ൽ അമേരിക്കയിലേക്ക് ഒരു ക്ഷണവും കിട്ടി. യു എസ് സർക്കാരിന്റെ തന്നെ. എല്ലാ ചിലവുകളും അവർ വഹിച്ചു. ഒന്നരമാസമാണ് അവിടെ ചിലവിട്ടത്. അമേരിക്കയിലെ മിക്കയിടങ്ങളിലും അവർ എന്നെ കൊണ്ടുപോയി. അവിടത്തെ ശില്പകല നേരിട്ടറിയാനും കഴിഞ്ഞു.

ജീവിതത്തിലെ തീക്ഷ്ണമായ അനുഭവങ്ങളിൽ പതറാതെ നിന്നതാണ് എന്നെ ഇവിടെ വരെ എത്തിച്ചത്. എല്ലാത്തിനെയും ധൈര്യപൂർവം നേരിടുക. സ്വയം തിരിച്ചറിഞ്ഞ് സ്വയം പ്രോത്സാഹിപ്പിച്ച് മുന്നോട്ടുപോവുക. അതേ ഞാൻ ചെയ്തിട്ടുള്ളൂ.

കുട്ടികളോട് എനിക്ക് ഒന്നേ പറയാനുള്ളൂ. ജീവിതം ഒരു സമരമാണ്. ഒളിച്ചോടരുത്. നേരിടുക.

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



# ഡ്രൈവർക്കുള്ളത്

## അക്കിത്തം അച്യുതൻ നമ്പൂതിരി

പാവുമുണ്ടും പട്ടുകോണവുമായി ഞാൻ
തീവണ്ടികാണുവാൻ ചെന്നുചേർന്നു.

ഷൊർണ്ണൂരെജ്ജംഗ്ഷനിൽ, അപ്പോൾ പ
ടിഞ്ഞാറു-
നിന്നാവിവണ്ടി കിതച്ചുവന്നു.

കണ്ടു ഞാൻ കൽക്കരിപോലെയപ്പോളാവി-
വണ്ടിതൻ വായിലെ ഡ്രൈവർമാരെ.

അയ്യർവാളിഡ്ഡലികാപ്പികൾ വിറ്റിടു-
മയ്യാറാറിന്റെ ലിപിക്കുനേരെ

പ്ലാറ്റുഫോറത്തിലിറങ്ങി,ദ്ധൃതിയില-
ക്കൂറ്റന്മാർ പെട്ടെന്നു യാത്രയാകെ.

തന്ത്രത്തിലെഞ്ചിൻമുറിയിൽക്കയറി ഞാൻ
യന്ത്രപ്പണികൾ നടന്നുനോക്കി

കാണുന്ന കുറ്റികൊളുത്തുകൾതോറുമെൻ
കൺകളും കൈകളും സഞ്ചരിക്കെ

എന്തോ ചിലതു വലിഞ്ഞിരിക്കാം, കുറ-
ച്ചെന്തോ ചിലതു തിരിഞ്ഞിരിക്കാം.

ഉണ്ടായതെന്തെന്നറിഞ്ഞുകൂടാ, വണ്ടി-
യുച്ചത്തിൽ ചൂളംവിളി തുടങ്ങി.

അമ്പരന്നെഞ്ചിൻമുറിയിൽ നിൽക്കുന്നു ഞാൻ:
മുമ്പോട്ടു വണ്ടി കുതിച്ചുപാഞ്ഞു.

ആളുകളെന്തോ വിളിച്ചുപറഞ്ഞുകൊ-
ണ്ടാംഗ്യങ്ങൾ കാട്ടുന്നുണ്ടെന്റെനേരെ.

ഒന്നും തിരിഞ്ഞില്ലെനി,ക്കതിൻമുമ്പവർ
പിന്നോട്ടുപിന്നോട്ടുകന്നുപോയി.

എഞ്ചിൻമുറിയിൽ ഞാനേക,നത്തീവണ്ടി-
യെന്നെയുംകൊണ്ടു കുതികുതിക്കേ

എന്തിനിച്ചെയ്യേണ്ടുവെന്നുള്ള ഭീതിയാൽ
കുന്തിച്ചിരുന്നു കരഞ്ഞുപോയ് ഞാൻ!

രണ്ടുഭാഗത്തും വിളഞ്ഞ നെൽപ്പാടങ്ങൾ
കണ്ടു, കരിമ്പനത്തോപ്പു കണ്ടു.
കാടും മലയും പുഴയുമായ് നീലച്ച
കോടക്കാറാടും സ്ഥലങ്ങൾ കണ്ടു


വറ്റിയില്ലപ്പൊഴും കണ്ണുനീർ, നാഡിയോ
ഞെട്ടിത്തെറിക്കുകയായിരുന്നു.

രാവപ്പോഴേക്കുമരിച്ചരിച്ചെത്തിയി-
പ്പാരിനെപ്പാടേ വരിഞ്ഞുചുറ്റി.

വട്ടംകറങ്ങിക്കുനിഞ്ഞുവന്നു വാനം
ഒട്ടിപ്പിടിച്ചിതെൻ കണ്ണിമകൾ.

കത്തിപ്പടർന്ന പൈദാഹത്തളർച്ചയിൽ
തത്തുന്നതമ്മതൻ മൗനമല്ലോ;

ചിമ്മിനി കത്തുന്ന വീട്ടിന്റെ വാതിൽക്കൽ
ചിമ്മാതെ നിൽക്കുമാക്കൺകൾ രണ്ടും



വര: അരുണ ആലഞ്ചേരി


എങ്ങുപോയെന്മകനെന്നൊരുത്കണ്ഠയാൽ
വിങ്ങിത്തുറിച്ചു കുതിർന്നിരുന്നു.

ചെയ്യേണ്ടതെന്തിനി? നിശ്ചയമില്ല, ഞാൻ
ചെയ്തതെന്തക്രമം? ഓർമയില്ല!

കുന്തിച്ചിരുന്നു ഞാൻ കണ്ണുതുറന്നപ്പോൾ
കഞ്ചിക്കോട്ടെത്തിക്കഴിഞ്ഞിരുന്നു.

കാരണമെന്തെന്നറിയില്ല, വണ്ടിയിൽ
കൽക്കരിയില്ലാഞ്ഞിട്ടായിരിക്കാം;

ഓടാതെ നിൽപ്പാണു തീവണ്ടി; കാണിക-
ളോതുന്നു തങ്ങളിലിപ്രകാരം:
''വാരുങ്കോ, ഡ്രൈവർക്കുളന്തൈ ചിരിക്കിന്റ്
പാരുങ്കോ! വേറുണ്ടോ പുത്തിശാലി!''



# 14 അലിയെ കരയിപ്പിച്ച കുട്ടി

**ആർ രാധാകൃഷ്ണൻ**

ലോകം കണ്ട ഏറ്റവും മികച്ച ബോക്സർമാരിൽ ഒരാളാണ് മുഹമ്മദ് അലി എന്ന കാഷ്യസ് ക്ലേ. 1989 ൽ മുഹമ്മദ് അലിക്ക് ആതിഥ്യമരുളാനുള്ള ഭാഗ്യം കേരളത്തിനുണ്ടായി. കോഴിക്കോട് പ്രസ് ക്ലബിൽ നടന്ന പരിപാടിയിലും അദ്ദേഹം പങ്കെടുത്തിരുന്നു. മനുഷ്യസ്നേഹിയായ നീതിബോധമുള്ള അലിയുടെ ജീവിതം അടുത്തറിയാം.

ജെറി ക്വാറിയുടെ മുഖത്തേറ്റ മുറിവിലൂടെ ചോര ചീറ്റിത്തുടങ്ങി. അലിയുടെ അവസാന പ്രഹരവും ക്വാറിയുടെ വീഴ്ചയും കാത്ത് കാണികൾ ശ്വാസമടക്കിയിരിക്കുന്നു. അതിനിടയിലാണ് അലി കാണികൾക്കിടയിലേക്കു നോക്കിയത്. അവിടെ ഒരു കൊച്ചുകുട്ടിയിരുന്ന് വിതുമ്പിക്കരയുന്നു. അച്ഛന്റെ ദൈന്യാവസ്ഥ കണ്ട് നിയന്ത്രിക്കാനാവാതെയുള്ള കരച്ചിൽ. ജെറി ക്വാറിയുടെ മകൻ! ആ കണ്ണീരു കണ്ടു നിൽക്കാൻ അലിക്കായില്ല. റഫറി മൈക്ക് കാപ്ലിനോട് മത്സരത്തിലിടപെടാൻ അലി ആവശ്യപ്പെട്ടു. മത്സരം നിർത്തിവച്ചു.

മത്സരശേഷവും അലിക്ക് ആഹ്ലാദിക്കാനായില്ല. ക്വാറിയുടെ മകന്റെ മുഖം അപ്പോഴും അലിയെ അലട്ടിയിരുന്നു. ക്വാറി വിശ്രമിക്കുന്ന മുറിയിലേക്കു ചെന്ന് അയാളെ ആശ്വസിപ്പിക്കാൻ അലി ശ്രമിച്ചെങ്കിലും ക്വാറിയുടെ ബന്ധുക്കൾ അതിനു സമ്മതിച്ചില്ല. വികാരാധീനനായാണ് അലി അന്നു മടങ്ങിപ്പോയത്. മത്സരശേഷം മൈക് കാപ്ലിൻ പറഞ്ഞു. ‘ലോക ബോക്സിങ് ചരിത്രത്തിൽ ഒരു ജേതാവും റഫറിയോട് തന്റെ പ്രതിയോഗിയെ രക്ഷിക്കാൻ ആവശ്യപ്പെട്ടിട്ടില്ല. അലിയുടെ ഹൃദയവിശാലത എന്നെ അത്ഭുതപ്പെടുത്തുന്നു.’

ആരാണ് ഈ അലിയെന്നോ? ലോകം കണ്ട ഏറ്റവും മികച്ച ബോക്സർ മുഹമ്മദ് അലി. നീണ്ട 14 വർഷത്തോളം ലോക ഹെവിവെയിറ്റിങ് ബോക്സിങ് കിരീടം നിലനിർത്തി എന്ന അപൂർവ റെക്കോഡ് മതി അലിയുടെ പ്രതിഭയെന്തെന്നറിയാൻ. ഇടിക്കൂട്ടിലെ വ്യാഘ്രം, മുഷ്ടിയുദ്ധരംഗത്തെ ഇതിഹാസം എന്നൊക്കെ അറിയപ്പെട്ടിരുന്ന അലി ജീവിതത്തിൽ ഒരു യഥാർത്ഥ മനുഷ്യസ്നേഹിയായിരുന്നു.

1970 ഒക്ടോബർ 26 അമേരിക്കയിലെ അറ്റ്ലാന്റയിലായിരുന്നു അലിയെ വേദനിപ്പിച്ച ബോക്സിങ് മത്സരം. എതിരാളി ജെറി ക്വാറി. അന്നത്തെ ഏറ്റവും മികച്ച ഒരു ബോക്സിങ് പ്രതിഭ. ഈ മത്സരത്തിന് ഒരു പ്രത്യേകതയുണ്ടായിരുന്നു. മൂന്നുവർഷത്തിനു ശേഷമാണ് അലി ബോക്സിങ് റിംഗിലേക്ക് ഇറങ്ങുന്നത്. താൻ രംഗത്തില്ലാതിരുന്ന

മൂന്നുവർഷം നിരവധിയാളുകൾ മത്സരരംഗത്തെത്തിയിട്ടുണ്ട്. അവരെയൊക്കെ തോൽപ്പിച്ചാൽ മാത്രമേ ലോകചാമ്പ്യൻപട്ടം വീണ്ടെടുക്കാനാകൂ. അതിനായി എല്ലാ തയ്യാറെടുപ്പുകളോടെയുമാണ് തിരിച്ചുവരവ്.

ബോക്സിങിൽ ലോക ചാമ്പ്യനായി കഴിയുന്നതിന് ഇടയിലാണ് 1967ൽ അമേരിക്കൻ സേനയ്ക്കൊപ്പം വിയറ്റ്നാം യുദ്ധത്തിനു പോകാൻ അലിയോട് യു എസ് സർക്കാർ ആവശ്യപ്പെടുന്നത്. എന്നാൽ തന്റെ വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ അതിനൊരുക്കമല്ലെന്ന് അലി വെട്ടിത്തുറന്നു പറഞ്ഞു. സർക്കാർ പ്രതികാരനടപടികളിലേക്കു കടന്നു. അലിയുടെ ബോക്സിങ് ലൈസൻസ് റദ്ദാക്കപ്പെട്ടു. ലോകചാമ്പ്യൻ പദവിയും പിൻവലിച്ചു. പിന്നീട് മൂന്നുവർഷം നീണ്ട നിയമപോരാട്ടത്തിന് ഒടുവിലാണ് അലി തിരിച്ചെത്തിയിരിക്കുന്നത്.

ഒരിക്കൽ ലോകചാമ്പ്യനായിരുന്നു അലി. എങ്കിലും മൂന്നുവർഷം മത്സരരംഗത്തില്ലാതിരുന്ന ഒരാൾ. അതിനാൽ അലിയെ എളുപ്പം കീഴടക്കാം എന്ന വിശ്വാസത്തിലായിരുന്നു ജെറി ക്വാറി. മാത്രമല്ല ഈ മത്സരത്തിനു കുറച്ചുദിവസം മുൻപാണ് പ്രസിദ്ധ ബോക്സർമാരായ എർണി ഷെയ്വേർസിനെയും റോൺ ലൈലിനെയും ഇടിച്ചുവീഴ്ത്തിയതെന്ന മുൻതൂക്കവും ക്വാറിക്കുണ്ട്.

അലിയുടെ തിരിച്ചുവരവ് ആഘോഷിക്കാൻ നൂറുകണക്കിനാളുകൾ വന്നെത്തിയിട്ടുണ്ട്. മാത്രമല്ല അന്നത്തെ ലോകചാമ്പ്യനായ ജോലൂയിസ് ഉൾപ്പടെ പ്രശസ്തരായ അനേകം ബോക്സർമാരും റിംഗിനു പുറത്ത് മുഷ്ടിയുദ്ധം കാണാനായി ഇരിപ്പുണ്ട്. റഫറിയും ലോകപ്രശസ്തൻ. മൈക് കാപ്ലിൻ.

മത്സരം തുടങ്ങി. ഇരുവരും തങ്ങളുടെ കഴിവുകളെല്ലാം പുറത്തെടുത്ത് പരസ്പരം ഇടി തുടങ്ങി. തന്നെ അകാരണമായി മൂന്നുവർഷം പുറത്തിരുത്തിയ അധികാരികളോടുള്ള പ്രതിഷേധം അലി ബോക്സിങിൽ കാണിച്ചു. ആളുകൾ ആർപ്പുവിളിച്ചു. ഇരുവരെയും ആവോളം പ്രോത്സാഹിപ്പിച്ചു. ഒന്നാം റൗണ്ട് കഴിഞ്ഞു. ഓരോ റൗണ്ടിലും അലിയുടെ വാശി കൂടിയതേയുള്ളൂ. ഏഴാം റൗണ്ട് ആയപ്പോഴാണ് അലിയെ വേദനിപ്പിച്ച ആ സംഭവമുണ്ടായത്. ഒരു കുട്ടിയുടെ കണ്ണീരിനു മുന്നിൽ അലി അലിഞ്ഞുപോയി.

> **ഒരിക്കൽ ലോകചാമ്പ്യനായിരുന്നു അലി. എങ്കിലും മൂന്നുവർഷം മത്സരരംഗത്തില്ലാതിരുന്ന ഒരാൾ. അതിനാൽ അലിയെ എളുപ്പം കീഴടക്കാം എന്ന വിശ്വാസത്തിലായിരുന്നു ജെറി ക്വാറി.**

1960ലെ റോം ഒളിംപിക്സിൽ ലൈറ്റ് ഹെവി വെയിറ്റിങ് ഇനത്തിൽ ബോക്സിങിന് സ്വർണമെഡൽ നേടു



മുഹമ്മദ് അലി ഒരു ബോക്സിങ് മത്സരത്തിനിടയിൽ.



പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം ബഹുമതി ഏറ്റുവാങ്ങിയ മുഹമ്മദ് അലിയെ അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷ് അഭിനന്ദിക്കുന്നു.




മ്പോൾ അദ്ദേഹത്തിന്റെ പ്രായം വെറും പതിനെട്ടു വയസ്സ്. പന്ത്രണ്ടാമത്തെ വയസ്സിലാണ് കാഷ്യസ് ക്ലേ എന്ന മുഹമ്മദ് അലി ബോക്സിങ്ങിനായി ആദ്യം ഗ്ലൗസ ണിയുന്നത്. ആദ്യ ഒളിംപിക്സ് മെഡലിനു മുൻപ് ഈ അത്ഭുതതാരം പങ്കെടുത്തത് 108 അമച്വർ മത്സരങ്ങളിൽ. അതിൽ നൂറെണ്ണത്തിലും വിജയം അലിക്കൊപ്പമായിരുന്നു. ഇരുപത്തിരണ്ടാമത്തെ വയസ്സിലാണ് ലോകചാമ്പ്യൻ കിരീടം ആദ്യമായി അണിയുന്നത്. പിന്നീടു നടന്ന 61 പ്രൊഫഷണൽ മത്സരങ്ങളിൽ പരാജയപ്പെട്ടിട്ടുള്ളത് വെറും 5 എണ്ണത്തിൽ മാത്രം. അലിയെ തോൽപ്പിച്ച പലരെയും അദ്ദേഹം പിന്നീട് പരാജയപ്പെടുത്തുകയും ചെയ്തു.

ലോകത്തെ എക്കാലത്തെയും മികച്ച ബോക്സർ എന്ന പെരുമയോടെ 1979ൽ ബോക്സിങ് രംഗത്തുനിന്നും വിരമിച്ച അലിയുടെ ജീവിതം ഒട്ടും സുഖകരമായ സാഹചര്യങ്ങളിലൂടെയല്ല കടന്നുപോയിട്ടുള്ളത്. ജീവിതാരംഭം മുതൽ ദാരിദ്ര്യവും വർണവെറിയരായ വെള്ളക്കാരുടെ അവഹേളനങ്ങളും നേരിട്ടാണ് അലി വളർന്നു വന്നത്. എല്ലാം സഹിച്ച് വെറുതേയിരിക്കുകയായിരുന്നില്ല ഈ ബോക്സർ. വർണവെറിക്കെതിരെ സന്ധിയില്ലാത്ത പോരാട്ടത്തിലായിരുന്നു അദ്ദേഹം ജീവിതകാലം മുഴുവനും. അടിച്ചമർത്തപ്പെട്ടവരുടെയും അവഗണിക്കപ്പെട്ടവരുടെയും മോചനത്തിനായി അവർക്കൊപ്പം എന്നും നിലകൊണ്ടിരുന്നു ആ മനുഷ്യസ്നേഹി.

2016 ജൂൺ മൂന്നിന് അമേരിക്കയിലെ അരിസോണയിൽ 74 ാമത്തെ വയസ്സിൽ അന്തരിച്ച മുഹമ്മദ് അലിയുടെ ജീവിതം ഓരോ കുട്ടിയും അറിഞ്ഞിരിക്കണം. നിറത്തിന്റെയും വംശത്തിന്റെയും മതത്തിന്റെയും പേരിൽ ഭാവി തലമുറകൾ തമ്മിൽത്തല്ലാതിരിക്കാൻ അലിയെപ്പോലുള്ളവരുടെ ജീവിതം നിങ്ങളെ സഹായിക്കും. തീർച്ച.

1998ൽ ഐക്യരാഷ്ട്ര സംഘടനയുടെ സമാധാനദൂതനായി അലി നിയോഗിക്കപ്പെട്ടിരുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ കായികതാരമായി ബി ബി സിയും സ്പോർട്സ് ഇലസ്ട്രേറ്റഡ് വീക്കിലിയും തിരഞ്ഞെടുത്തത് മുഹമ്മദ് അലിയെയാണ്. അമേരിക്കയിലെ ഏറ്റവും ഉയർന്ന സിവിലിയൻ ബഹുമതിയായ മെഡൽ ഓഫ് ഫ്രീഡം 2005ൽ അദ്ദേഹത്തെ തേടിയെത്തി.



# മഴയെവിടെ?


കെ കെ പല്ലശ്ശന

ഇടവത്തിലെ പാതി മഴയെവിടെ?
ഇടിവെട്ടിയെത്തുന്ന മഴയെവിടെ?
തുള്ളിക്കൊരുകുടം മഴയെവിടെ?
തുമ്പിക്കൈവണ്ണത്തിൽ മഴയെവിടെ?
മദ്ദളംകൊട്ടുന്ന മഴയെവിടെ?
മാരിവിൽചന്തത്തിൽ മഴയെവിടെ?
അന്തിക്കുപെയ്യുന്ന മഴയെവിടെ?
ആറ്റുമീൻ തുള്ളുന്ന മഴയെവിടെ?
*ഞാറ്റുവേലക്കാല മഴയെവിടെ?
മൊഴിമുട്ടിമുത്തശ്ശിമിഴിപൂട്ടിനിൽപ്പൂ
മഴമൊഴിപ്പുസ്തകം നോക്കുകുത്തി.

*ഞാറ്റുവേല- മുന്നേഴ്, പിന്നേഴ്
(14 ദിവസം)



വര: അരുണ ആലഞ്ചേരി





# വീണ്ടും ഭൂതം

പ്രിയ എ എസ്

ആയിടെയെല്ലാം മുക്കുവനു പഞ്ഞമാസങ്ങളായിരുന്നു. കടലിലേക്കു വലയെറിഞ്ഞു വലയെറിഞ്ഞ് കൈകഴയ്ക്കുന്നതു മാത്രം മിച്ചം. മീനായ മീനൊക്കെ എവിടെ പോയി മറഞ്ഞു എന്നയാൾ കടലിനോടും കാറ്റിനോടും ആകാശത്തിനോടും ചോദിച്ചു. ആരും മറുപടി ഒന്നും പറഞ്ഞില്ല . കുറച്ചുകിളികൾ തലയ്ക്കു മീതെ ചിലച്ചുകൊണ്ടു പറന്നു പോയപ്പോൾ, മിണ്ടാതിരിക്ക് എന്ന് അയാൾ, അയാളുടെ ദേഷ്യവും സങ്കടവുമൊക്കെ കിളികളോടു തീർത്തു.

അതൊരു വൈകുന്നേരമായിരുന്നു. സൂര്യൻ, മൂത്തുപഴുത്ത ഒരു വലിയ പപ്പായ പോലെ കടലിലേക്ക് അടർന്നു വീഴുകയായിരുന്നു. കുടിലിനു പിൻവശത്തെ പപ്പായമരത്തിലെ പഴുത്ത പപ്പായകളൊക്കെ തീർന്നതിനാൽ പച്ച പപ്പായയിൽ ഉപ്പും മുളകും വിതറി മക്കൾ തിന്നുന്നതു കണ്ടുകൊണ്ടാണ് അയാൾ അന്നു വീട്ടിൽ നിന്നിറങ്ങിയത്. പപ്പായകളും ഇനി ഒന്നോ രണ്ടോ എണ്ണമേ മിച്ചമുള്ളു. അതും കൂടി തീർന്നാലോ?

മീനുകളായിരുന്നു അയാളുടെ ജീവിതം. വലയിൽ ഒരു പാടുമീൻ കയറിയാൽ ചന്തയിൽ കൊണ്ടുപോയി മീൻ വിറ്റ് ആ കാശിനു വീട്ടിലേക്കുള്ള അരിയും പച്ചക്കറിയും വാങ്ങാം. ഇനി കുറച്ചു മീനേ വലയിൽ കയറിയുള്ളുവെങ്കിൽ, അതു മുറിച്ച് ഒരു മീൻകറി വയ്ക്കാം. എങ്ങനെയായാലും മീനില്ലെങ്കിൽ ജീവിതം വഴിമുട്ടും.

അയാൾ കടൽക്കരയിൽ നനഞ്ഞമണ്ണിൽ മുട്ടുകുത്തി നിന്നു തിരകളായ തിരകളോടൊക്ക പറഞ്ഞുവിട്ടു–'ചെല്ല്, ചെന്ന് ഒരു മീനിനെയെങ്കിലും

കൊണ്ടു വാ. എന്റെ കുഞ്ഞുങ്ങളല്ലേൽ പട്ടിണിയാവും. ഉണക്കമീനിത്തിരി ഉണ്ടായിരുന്നതും തീർന്നു. ഉണക്കക്കപ്പയുടെ പാത്രം കാലിയാകാറായി. പപ്പായയും തീരാറായി. ഇനീം ഇങ്ങനെ തുടർന്നാല് ഞങ്ങളു വിശന്നുപൊരിഞ്ഞു നാളെയോ മറ്റന്നാളോ തന്നെ ചത്തുപോകും.'

. പക്ഷേ തിരകൾക്കൊന്നിനും ചെവിയില്ലായിരുന്നു. അതുകൊണ്ട് അവരാരും മുക്കുവൻ പറഞ്ഞതൊന്നും കേട്ടില്ല. ചുമ്മാ ആർത്തുല്ലസിച്ച് ആകാശത്തോളം തുള്ളിത്തിമർത്ത് അവരങ്ങ് കടന്നുപോയി .

ഇനിയെന്തുവഴി എന്ന് ഒരു പിടിയും കിട്ടാതെ അയാൾ മുഖംപൊത്തിയിരുന്നു തേങ്ങി. കരഞ്ഞിട്ട് എന്താ കാര്യം എന്ന് ആലോചിച്ചു കണ്ണീര് ഇടംകൈകൊണ്ടു തുടച്ച്, വലംകൈകൊണ്ടു വലയുമെടുത്ത് അയാൾ കടലിന്റെ നെഞ്ചിനുള്ളിലേക്കു നടന്നുനടന്നുപോയി. കഴുത്തറ്റം വെള്ളത്തിലായപ്പോൾ അയാൾ നിന്നു. സർവശക്തിയുമെടുത്തു വല, കടലിന്റെ മടിയിലേക്ക് അയാൾ ആഞ്ഞാഞ്ഞെറിഞ്ഞു. നീണ്ടുപരന്ന് ഉപ്പുവെള്ളത്തിനെ ഉമ്മവച്ച് വല കടലിന്റെ ആഴത്തിലേക്ക് ആണ്ടാണ്ടുപോയി.

ഏതോ കാണാമീനിനോട് അയാൾ ഉറക്കെ ഉറക്കെ, വിളിച്ചുപറഞ്ഞു. 'വലിയൊരു മീനേ, പ്രിയപ്പെട്ട മീനേ, എന്റെ വീടിന്റെ വിശപ്പുമാറ്റാനായി നീ എവിടുന്നേലും ഒന്നോടി വന്ന് എന്റെ വലയിൽ കേറിമറിയ്.'

അങ്ങനെ പറയുമ്പോൾ അയാൾ വിങ്ങിവിങ്ങിക്കരയുകയായിരുന്നു. അപ്പോഴയാളുടെ മുന്നിൽ കുഞ്ഞുമക്കളുടെ തളർന്ന പട്ടിണിക്കണ്ണുകൾ തെളിഞ്ഞുമാഞ്ഞു. കടലിലെ ഉപ്പിലേക്ക് അയാളുടെ കണ്ണീരുപ്പു വീണുകൊണ്ടേയിരുന്നു. ഒരു കക്കയും ശംഖും അയാൾക്കു മുന്നിലൂടെ ഒലിച്ചുപോയി, തമ്മിൽത്തമ്മിൽ നിർത്താതെ സംസാരിച്ചുകൊണ്ട്. ഒരു ഞണ്ട് അയാളുടെ സങ്കടം കണ്ടു സഹിക്കാഞ്ഞാവും കരയിലേക്കു കയറിപ്പോയി മണ്ണിൽ മാളത്തിൽ പുതഞ്ഞുകിടന്നു.

ഒരു കൊറ്റിയെപ്പോലെ വെള്ളത്തിൽ തപസ്സു ചെയ്തുനിന്നുനിന്ന് അയാൾക്കു കാലുമരവിച്ചുതുടങ്ങി. വല മൊത്തമൊന്ന് ഇളകിയനങ്ങിയതു പെട്ടെന്ന്. എന്തോ ഒന്ന്, വളരെ കനത്ത എന്തോ ഒന്നു വലയിൽ കുരുങ്ങിയിരിക്കുന്നു. പെട്ടെന്നയാൾക്ക് ഉള്ളിൽ കുളിരുകോരി.

ആരും കാണാത്തത്ര വലിപ്പമുള്ള ഒരു മീനാവുമോ അത് എന്നയാൾ അന്തിമാനത്തു തെളിഞ്ഞ നക്ഷത്രങ്ങളോടു ചോദിച്ചു. നക്ഷത്രങ്ങൾ ഒരു കള്ളച്ചിരി ചിരിച്ചു താഴോട്ടു കുനിഞ്ഞുനോക്കി നിന്നു. വലിയ മീനിനെ വിറ്റാൽ എത്ര നാളത്തേക്കു സുഖമായി കഴിയാനുള്ള വക കിട്ടുമായിരിക്കും എന്ന് അയാൾ ചന്ദ്രനോടു ചോദിച്ചു. ഒരു വലിയ നാടകം അരങ്ങേറാൻ പോവുകയാണ്, ഞങ്ങളതിനു വിളക്കു തെളിച്ചു നിൽക്കുകയാണ് എന്ന മട്ടിൽ ചന്ദ്രനും നക്ഷത്രങ്ങളും മിന്നിത്തിളങ്ങി നിൽക്കുന്നേരം അയാൾ സർവശക്തിയുമെടുത്ത് വല, കരയിലേക്ക് ആഞ്ഞുവലിച്ചു.

എന്തോരു കനമാണ് ഈ വലയ്ക്കുള്ളിൽ കുരുങ്ങിയ പെരുംമീനിന്. എന്നോളംവലുതായിരിക്കുമോ ഇത്. അതോ കഥകളിലെ പോലെ സ്വർണമുട്ടയിടുന്ന സ്വർണമീനായിരിക്കുമോ? ഇതു വിറ്റാൽ ഇനിയൊരിക്കലും ഞാനിനി ഇങ്ങനെ കടപ്പുറത്തുവന്നുനിന്ന്'അന്നം മുട്ടിക്കല്ലേ കടലമ്മേ' എന്നു നെഞ്ചുപൊട്ടി കരയേണ്ടിവരില്ലായിരിക്കും. എന്നെല്ലാം അയാൾ തന്നോടു തന്നെ ചോദിച്ചും പറഞ്ഞും കൊണ്ടിരുന്നു.

വല, കരയിലേക്കു വലിച്ചെത്തിച്ചതും വിയർത്തു കുളിച്ച് അയാൾ മണ്ണിലേക്കു വീണുപോയി. വിയർപ്പിനു മുകളിലേക്കു വന്നുവീണു കൂറ്റനൊരുതിര അയാളെ സർവാംഗം കുളിപ്പിച്ചു. അയാൾ അങ്ങനെ കിടന്നുകൊണ്ടുതന്നെ വലയിലേക്കു നോക്കി. നോക്കുന്തോറും അയാൾക്കു മനസ്സിലായി, വലയിലുള്ളത് ഒരു പെരുംമീനല്ല. ഒന്നുകൂടി സൂക്ഷിച്ചു നോക്കിയപ്പോൾ അയാൾക്കു തീർച്ചയായി, കുരുങ്ങിയതു മീനേയല്ല. പിന്നെ എന്താവും ഇത്ര കനത്തുപെരുത്ത് എന്നെയിങ്ങനെ വിയർത്തു കുളിപ്പിച്ചു വലയിൽ വന്നടിഞ്ഞിരിക്കുന്നത്?

ചന്ദ്രനും നക്ഷത്രങ്ങളും ഞെക്കുവിളക്കുകൾ കത്തിച്ച് അയാൾക്കു വലയുടെ അകം കാണിച്ചുകൊടുത്തു. ഒരു ചെപ്പുകുടം. ഒരു കൂറ്റൻ ചെപ്പുകുടം. സ്വർണം പോലെ തിളങ്ങുന്ന ചെപ്പുകുടം .

**ഒരു കൊറ്റിയെപ്പോലെ വെള്ളത്തിൽ തപസ്സു ചെയ്തുനിന്നുനിന്ന് അയാൾക്കു കാലുമരവിച്ചുതുടങ്ങി. വല മൊത്തമൊന്ന് ഇളകിയനങ്ങിയതു പെട്ടെന്ന്. എന്തോ ഒന്ന്, വളരെ കനത്ത എന്തോ ഒന്നു വലയിൽ കുരുങ്ങിയിരിക്കുന്നു. പെട്ടെന്നയാൾക്ക് ഉള്ളിൽ കുളിരുകോരി. ആരും കാണാത്തത്ര വലിപ്പമുള്ള ഒരു മീനാവുമോ അത് എന്നയാൾ അന്തിമാനത്തു തെളിഞ്ഞ നക്ഷത്രങ്ങളോടു ചോദിച്ചു.**

**അകത്തേക്കു നോക്കിയിട്ട് പുകമഞ്ഞുപോലെ എന്തോ അല്ലാതെ മറ്റൊന്നും കാണുന്നില്ല എന്ന് ഒരുനിമിഷം അയാൾ വേവലാതിപ്പെട്ടു. പിന്നെ മുഖമാകാശത്തേക്ക് ഉയർത്തി ചന്ദ്രനോടും നക്ഷത്രങ്ങളോടും, 'വെളിച്ചമായ വെളിച്ചമൊക്കെ ഇതിനകത്തേക്കു ചൊരിഞ്ഞിട് ഈ കുടത്തിനകത്തേക്ക്, അങ്ങനെ ഈ കുടത്തിനകം എന്നെയൊന്നു വിസ്തരിച്ചു കാണിച്ചുതാ, എനിക്കുള്ള നിധിശേഖരം എവിടെയാണു പറ്റിപ്പിടിച്ചിരിക്കുന്നതെന്നു ഞാനൊന്നു വേഗം, അതിവേഗം കണ്ടോട്ടെ 'എന്നയാൾ ഉറക്കെയുറക്കെ വിളിച്ചു പറഞ്ഞു.**

അയാൾ പിടഞ്ഞെണീറ്റോടി. എന്താവും ഇതിൽ? അയാളുടെ നെഞ്ചിടിപ്പു കനത്തു. സ്വർണനാണയങ്ങൾ, രത്നക്കൂമ്പാരങ്ങൾ എന്നെല്ലാം മനസ്സു കഥമെനഞ്ഞു. പടുകൂറ്റൻമാളികകൾ, പെരുംകാറുകൾ, വർണക്കുപ്പായങ്ങൾ, സ്വർണഹാരങ്ങൾ അങ്ങനെ എന്തെല്ലാം എന്തെല്ലാമാണ് ഈ കുടത്തിലെ നിധി എനിക്കുനേടിത്തരാൻപോകുന്നത് എന്നയാൾ അത്ഭുതപ്പെട്ടു . ഒരു പക്ഷേ, ഇനി എന്റെ എത്രയോ വരുംതലമുറകൾക്ക് ഉണ്ണാനും ഉടുക്കാനും മദിച്ചുജീവിക്കാനുമുള്ള വകയാവും ഈ കുടം അതിന്റെ അകത്ത് എനിക്കായി അണച്ചുപിടിച്ചിട്ടുണ്ടാവുക എന്നയാളുടെ ഉള്ള് ആർത്തുചിരിച്ചു .



കുടത്തിന്റെ ഭദ്രമായടച്ചുവച്ചയടപ്പ്, വാ വാ എന്ന് അടുത്തേക്കു വിളിക്കുംപോലെ അയാൾക്കു തോന്നി. തുറക്ക്, തുറക്ക് എന്നു കുടം ചാഞ്ഞുചെരിഞ്ഞയാളോടു പറഞ്ഞുകൊണ്ടിരുന്നു. അടുത്തുചെന്നു കുടമെടുത്തു തിരിച്ചും മറിച്ചും നോക്കി. അയാൾ. പിന്നെ മെല്ലെ മെല്ലെ അതു തുറന്നു.

അകത്തേക്കു നോക്കിയിട്ട് പുകമഞ്ഞുപോലെ എന്തോ അല്ലാതെ മറ്റൊന്നും കാണുന്നില്ല എന്ന് ഒരുനിമിഷം അയാൾ വേവലാതിപ്പെട്ടു. പിന്നെ മുഖമാകാശത്തേക്ക് ഉയർത്തി ചന്ദ്രനോടും നക്ഷത്രങ്ങളോടും, 'വെളിച്ചമായ വെളിച്ചമൊക്കെ ഇതിനകത്തേക്കു ചൊരിഞ്ഞിട് ഈ കുടത്തിനകത്തേക്ക്, അങ്ങനെ ഈ കുടത്തിനകം എന്നെയൊന്നു വിസ്തരിച്ചു കാണിച്ചുതാ, എനിക്കുള്ള നിധിശേഖരം എവിടെയാണു പറ്റിപ്പിടിച്ചിരിക്കുന്നതെന്നു ഞാനൊന്നു വേഗം, അതിവേഗം കണ്ടോട്ടെ' എന്നയാൾ ഉറക്കെയുറക്കെ വിളിച്ചു പറഞ്ഞു.

കുടത്തിൽ നിന്നു പുകച്ചുരുളുകൾ കുനുകുനാ എന്നു പുറത്തേക്കു വരുന്നുവോയെന്ന് അയാൾക്കാനിമിഷം സംശയം തോന്നി. പിന്നെ തോന്നി, വെറും തോന്നലായിരിക്കും.

കുടത്തിൽ നിന്നു പുറത്തേക്കു തലനീട്ടിയ കുനുകുനാ ചുരുളുകൾക്കു പുറകെ കുമുകുമാ എന്നു കനത്തുകനത്തു പുകച്ചുരുളുകൾ രൂപപ്പെട്ടതു പെട്ടെന്നാണ്. അതയാൾക്കു തൊടാമായിരുന്നു, കാണാമായിരുന്നു, മണക്കാമായിരുന്നു. തോന്നലല്ല സത്യമാണു കുടത്തിൽ നിന്നു തലനീട്ടുന്നത് പുകച്ചുരുളാണെന്നു ക്രമേണ അയാൾക്കു ബോധ്യമായി. പുകച്ചുരുളുകൾ ചേർന്ന് ഒരു രൂപമാകാൻ തുടങ്ങുന്നത് അയാൾ കൺമുന്നിൽക്കണ്ടു. പേടിച്ചയാൾ പുറകോട്ടു നടന്നു, പിന്നെ പിന്തിരിഞ്ഞോടി. ഓടിയലച്ച് അയാൾ തീരത്തെ കല്ലിൽ തട്ടിവീണു. പുകച്ചുരുൾ, ആകാശം തൊടുന്ന കനത്തിരുണ്ട വിചിത്രരൂപിയായി അയാളുടെ തൊട്ടുമുന്നിൽ വന്നുനിന്നു. ചോന്ന കണ്ണുകളും നീട്ടിയ നാവും പങ്കായം പോലത്തെ കൈകളും തോണിപോലത്തെ ദേഹവും കൂടുതൽ കാണാൻ ശക്തിയില്ലാതെ അയാൾ കണ്ണുകളിറുകെയടച്ചു.

തന്റെ അടുത്തു നനഞ്ഞ മണ്ണിൽ ആ രൂപം മുട്ടുകുത്തി നിൽപ്പായത് അയാളറിഞ്ഞു. അയാൾ വിറച്ചു വിറച്ച് ചോദിച്ചു. 'ആരാണു നിങ്ങൾ?'

പരപരശബ്ദത്തിൽ അതു പറഞ്ഞു 'ഞാനൊരു ഭൂതം.'

നല്ലഭൂതമോ ചീത്തഭൂതമോ എന്നു ധൈര്യം സംഭരിച്ചു ചോദിച്ചു അയാൾ. അതു കേട്ട മട്ടു കാണിച്ചില്ല ഭൂതം.

എന്നെ എന്തുചെയ്യാൻ പോകുന്നു എന്നു ചോദിച്ചു മുക്കുവൻ .

അതിനു മറുപടിയായി നാവുനീട്ടി മുക്കുവന്റെ കവിളിൽ തൊട്ടു ഭൂതം.

എന്നെത്തിന്നാൻ പോവുകയാണോ എന്നു കരഞ്ഞു മുക്കുവൻ.

നിങ്ങൾ എന്നെ നിങ്ങളുടെ അടിമയാക്കിക്കോ. പക്ഷേ എന്നെ തിന്നല്ലേ. എനിക്ക് ഒരു കുടുംബത്തെ കരയ്ക്കെത്തിക്കാനുണ്ട്. ഞാനാണവരുടെ തുഴയും വഞ്ചിയുമെല്ലാം എന്നെല്ലാം എണ്ണിപ്പെറുക്കി അയാൾ കരഞ്ഞു.

ഭൂതം പറഞ്ഞു. ''എനിക്കു മനസ്സിലാവും നിങ്ങൾ പറയുന്നതൊക്കെ. പക്ഷേ ഇനി ഈ കുടത്തിന്റെ വായ തുറക്കുന്നവനെ കൊന്നു കടലിൽ തള്ളും എന്ന് ഈ കടലായ കടലൊക്കെ കേൾക്കുമാറ്, ആകാശമായ ആകാശമൊക്കെ കേൾക്കുമാറ് അലറിവിളിച്ചു കരഞ്ഞുലഞ്ഞ് ഞാൻ

എന്നോടുതന്നെ സത്യം ചെയ്തുപോയി. നിനക്ക് കുടുംബത്തോടുള്ള കടമ പോലെ എനിക്ക് എന്റെ സത്യത്തിനോടും ഇല്ലേ ഒരു കടമ?''

അതുകേട്ട് മുക്കുവൻ കരഞ്ഞുകുഴഞ്ഞു നിലത്തുവീണു. ഭൂതം പറഞ്ഞു. ''എല്ലാവർക്കുമുണ്ട് കഥകൾ. ഒരു ഭൂതത്തിനുപോലുമുണ്ട് ഒരു കഥ. കാഴ്ചകൾ കണ്ട് അലഞ്ഞുതിരിഞ്ഞുനടക്കുന്ന ഒരു പാവം ഭൂതമായിരുന്നു ഞാൻ. ഭൂതത്തിന് എന്തു കാഴ്ച, എന്തു കരൾ, എന്തു കനവ്, എന്തു നിനവ് എന്നു ചോദിച്ചു വഴിയിൽ കണ്ടവരെല്ലാവരും. ഒരുപാടലഞ്ഞു ക്ഷീണിച്ചവശനായതല്ലേ, ഈ കുടത്തിൽ കയറ്, നിന്നെ ഞാൻ തലയിൽ ചുമന്നോളാം, നിനക്കിറങ്ങേണ്ടിടമാകുമ്പോൾ നിന്നെ ഇറക്കിവിടാം എന്നു പറഞ്ഞു കൂടെക്കൂടി ഒരുത്തൻ. കുടത്തിലെ യാത്ര എന്നെ മോഹിപ്പിച്ചു. പുകച്ചുരുളായി രൂപം മാറി ഞാൻ കുടത്തിനകത്തുകയറി. അയാൾ കുടത്തിന്റെ വായ മൂടിക്കെട്ടി .

എന്നിട്ട്, ഭൂമിയിൽ ഭൂതങ്ങളൊന്നും നടക്കാനിറങ്ങണ്ട എന്നു പറഞ്ഞ് അയാൾ ആ കുടമെടുത്ത് ഊക്കോടെ കടലിലേക്കെറിഞ്ഞു. എന്റെ കരച്ചിലിനു മീതെ കൂടെ കടൽ അലറിവിളിച്ചു മദിച്ചുനടന്നു. കുഞ്ഞുമീനുകൾ മാത്രം മുഖമുരുമ്മി എന്നോടു വർത്തമാനം പറഞ്ഞു. എന്നെ രക്ഷിക്കുന്നയാൾക്കു ഞാൻ ലോകത്തിലെ എല്ലാ സമ്പത്തും കൊടുക്കുമെന്നു ഞാനവരോടു പറഞ്ഞു. അതായിരുന്നു എന്റെ ആദ്യത്തെ സത്യം. നൂറു വർഷങ്ങൾ കഴിഞ്ഞുപോയി. ആരും വന്നില്ല.

സുനാമിയും ഭൂകമ്പവുമൊക്കെവന്നുവന്ന്, മനുഷ്യർ കഷ്ടപ്പെട്ടുണ്ടാക്കിയ പണവും പൊന്നും സ്ഥാനവും മാനവും എല്ലാം അവരുടെ കൺമുന്നിലൂടെ തന്നെ ഒലിച്ചും ഒളിച്ചും കടന്നുപോകുന്നകാലമായിരുന്നു പിന്നീട്. സമ്പത്തിൽ വിശ്വാസം പോയി.എല്ലാവരും മൃതസഞ്ജീവനിക്കു കൊതിക്കുന്നകാലമാണു വന്നു ചേർന്നിരിക്കുന്നതെന്നു മീനുകൾ എന്നോടു വിസ്തരിച്ചു. ഇനി വരുന്നയാളെ ഞാൻ അമരനാക്കും എന്നു ഞാൻ മീനുകളോടു പറഞ്ഞു. അതായിരുന്നു എന്റെ രണ്ടാമത്തെ സത്യം.

കാത്തുകാത്തുമടുത്തപ്പോൾ ഒരാൾ വന്നു. ദൂരെ ദൂരെക്കൂടെ ഒഴുകിപ്പോയ കുടം, അയാൾ നീന്തിച്ചെന്നു പിടിച്ചടുപ്പിച്ചു കരയിൽ കൊണ്ടുവന്നു വച്ചപ്പോൾ ഞാൻ സന്തോഷിച്ചു. കുമുകുമാ എന്നു പുകച്ചുരുളായി പുറത്തേക്കു ഇറങ്ങിവന്നു. അയാൾ പുകപടലമൊക്കെ കണ്ടുപേടിച്ചുപോയി. എന്തോ ആപത്താണ്, അത്യാപത്താണ് എന്നു ധരിച്ചു കരഞ്ഞു കൂവാൻതുടങ്ങിയ അയാളെ ഞാൻ സമാധാനിപ്പിച്ചു. കൂട്ടു



വര: ബോബിരുജ്ജൻ

കാരാ, ഞാൻ ഒരു പാവം ഭൂത മാണു ഭൂതമെന്നു കേട്ടതും അയാൾ നെഞ്ചത്തടിച്ചു കര ച്ചിലായി. മനുഷ്യരിൽ കിരാ തന്മാരുള്ളതുപോലെ, ഭൂത ങ്ങളിലും പാവത്താൻമാരുണ്ട് എന്നൊക്കെ ഞാനയാളോടു പറഞ്ഞുനോക്കി. അയാള തൊന്നും കേട്ടതായേ തോന്നി യില്ല. വിങ്ങിവിറച്ചു കുറേനേ രം മിണ്ടാതിരുന്നു അയാൾ.

പിന്നെ മുഖം തെളി ഞ്ഞ് ഒരു പൂപ്പുഞ്ചിരിയോടെ അയാളെന്നോടു ചോദിച്ചു, പുറത്തേക്കു പുകച്ചുരുളായി ഇറങ്ങിയതുപോലെ അകത്തേ ക്കു പുകച്ചുരുളായി കയറാൻ പറ്റുമോ നിനക്ക്? അയാളുടെ മുഖത്ത് ഒരു കളിക്കുട്ടിയെ കണ്ട് എനിക്ക് ചിരിവന്നു. പാവം ഭൂതമെന്നയാൾ ഒടു വിൽ മനസ്സിലാക്കിയതു കണ്ട് എനിക്കു അയാളോടു പാവം തോന്നി. അതിനാണോ വിഷ മം എന്നു ചോദിച്ചു ഞാൻ വീണ്ടും പുകച്ചുരുളായി കുട ത്തിനകത്തേക്കു ഞൊടിയി ടകൊണ്ട് കയറിപ്പറ്റി. എന്താ വിശ്വാസമായോ എന്നുവിളി ച്ചുചോദിക്കാൻ 'ഭാവിച്ച ഞാൻ കേട്ടതു കുടത്തിന്റെ അടപ്പു മുറുകുന്ന ശബ്ദമാണ്. അയാൾ പറഞ്ഞു, 'അവിടെ കിട. പാവം ഭൂതമാണു പോലും. മനുഷ്യരിൽപ്പോലും പാവത്താന്മാരില്ലാതായ കാല മാണ്. പിന്നെയെങ്ങനെയാണ് ഒരു ഭൂതത്താന് ഒരു പാവ ത്താനാകാൻ കഴിയുക?'

മനുഷ്യരിൽ 'ഭയങ്കര'ഭൂത ങ്ങൾ മാത്രമേയുള്ളായിരിക്കും ഇപ്പോൾ, പക്ഷേ ഞങ്ങൾ ഭൂതങ്ങളിൽ ഇപ്പോഴും പാവ ത്താന്മാരുണ്ട് എന്നു ഞാൻ അലറിക്കരഞ്ഞു. ഞാൻ നിങ്ങൾക്ക് അമരത്വം തരാം, പോരെങ്കിൽ നിങ്ങൾ നട ക്കുന്ന വഴിയേ മുഴുവൻ രത് നം വാരിവിതറാം എന്നൊക്കെ ഞാൻ വിളിച്ചുകൂവി.

അയാൾ പറഞ്ഞു, നുണ, പെരുംനുണ.

നുണ പെരുക്കും കാല മാണ് ഭൂമിയിൽ, അയാൾക്കു സത്യവും നുണയായി തോ ന്നുന്നതിൽ, ആരേയും വിശ്വാ സമില്ലാതായതിൽ ഒന്നും അത്ഭുതപ്പെടേണ്ട കാര്യമില്ല എന്നു കുഞ്ഞുമീനുകൾ കു ടത്തിൽ തട്ടിവിളിച്ച് എന്നെ പറഞ്ഞുകേൾപ്പിച്ചു.

പാവത്തത്തിന്റെ അളവ ളക്കാനുള്ള ഉപകരണങ്ങ ളൊന്നും ആരും ഇതുവ രെയും കണ്ടുപിടിച്ചിട്ടില്ലാ ത്തതിനാൽ , എനിക്കു വീണ്ടും കുടവും കടലുമായി സഞ്ചാരപഥങ്ങൾ. കടലിലൊ ഴുകിയൊഴുകി നടന്നു കുടം തേഞ്ഞു തീർന്നാൽ മാത്രമേ ഇനി എനിക്കു മോചനമുള്ളു എന്നെനിക്കു ബോധ്യമായി. ഞാനും കടൽപോലെ പരു ക്കനായി. ഇനി രക്ഷിക്കാൻ ആരെങ്കിലും വന്നാൽ അയാ ളെ കൊന്നിട്ടുതന്നെ ബാക്കി കാര്യം എന്നു മനസ്സിനു മൂർ ച്ചവന്നു. നന്മ വേണ്ടാത്തയി ടങ്ങളിലേക്കായി ഞാൻ, എന്നെ കൂർപ്പിച്ചുവച്ചു. അപ്പോഴാണ് എന്റെ പാവം മുക്കുവാ നിങ്ങൾ വന്നത്. എ നിക്ക് എന്നോടുള്ള എന്റെ വാക്കുവലുതാണ്. എനിക്കു നിങ്ങളെ കൊന്നേ പറ്റൂ.''

ഭൂതം പറഞ്ഞ കഥ കേട്ട്, അയ്യോ എന്നുപോലും കര യാനാകാതെ വിറങ്ങലിച്ചിരു ന്നു മുക്കുവൻ. ഭൂതം ദംഷ്ട്ര പുറത്തെടുത്ത് അയാൾക്കു നേരെ തിരിഞ്ഞതും കുറേ കളിയൊച്ചകൾ കടപ്പുറമാ കെ നിറഞ്ഞതും ഒരേ നേ രത്ത്. മുക്കുവന്റെ മേലെ ആഴ്ത്താൻ തുടങ്ങിയ ദംഷ്ട്ര ഒളിപ്പിച്ചുവച്ച് 'ഭൂതമൊന്ന് തി രിഞ്ഞുനോക്കി.

ചിരിച്ചുമറിഞ്ഞു കൊ ണ്ടോടി വരുന്ന രണ്ടുകുട്ടി കൾ. അവരുടെ കൈയിൽ ഒരു പൂച്ചക്കുട്ടി. ഒരു ഓല പ്പന്ത്. പൂച്ചയും പന്തും അവരും കൂടി നനമണ്ണിൽ ഓ ടിക്കളിച്ചു.

കടപ്പുറത്തു കിടക്കുന്ന മുക്കു വനെ കണ്ട്, അച്ഛാ എന്നുവി ളിച്ച് അവരും മ്യാവൂ എന്നു വിളിച്ച് പൂച്ചയും ഒന്നും വിളി ക്കാതെ പന്തും അയാളുടെ അടുത്തേക്ക് ഓടിവന്നു. എന്തിനാണ് അച്ഛനിങ്ങനെ വിഷമിക്കുന്നത്, കളിച്ചപ്പോൾ ഞങ്ങളുടെ വിശപ്പെല്ലാം പോയി എന്നു മൂത്തവൻ അയാളെ കെട്ടിപ്പിടിച്ച് പറഞ്ഞു . ചെറിയ കുട്ടി അയാളുടെ മേത്തു തൂങ്ങി ക്കിടന്നു .

ഇനി എന്തു ചെയ്യ ണം എന്നറിയാതെ നിന്ന ഭൂതത്തെ അപ്പോഴാണവർ കണ്ടത് . 'ഓ , ഇതു ഭൂതമ ല്ലേ ,കഥയിലെ ഭൂതം' എന്നു ചോദിച്ചു കുട്ടികളൊന്നിച്ച്. നിന്നെ കുടത്തീന്ന് ആരും രക്ഷിച്ചില്ല എന്നാണല്ലോ ഞങ്ങളുടെ പാഠപുസ്തക ത്തിൽ, പിന്നെ നീ എങ്ങനെ ഞങ്ങളുടെ അച്ഛന്റെയടു ത്തെത്തി എന്ന് അച്ഛനൊപ്പം മണ്ണിൽ മലർന്നുകിടന്നു ചോ ദിച്ചു അവർ രണ്ടാളും .

വിശപ്പുകൊണ്ടു കൂമ്പിയ അവരുടെ നക്ഷത്രക്കണ്ണുക ളിൽ നോക്കിയപ്പോൾ, ഭൂത ത്തിന് ആരെയും കൊല്ലണം എന്നോ ഒരു കാര്യവുമില്ലാ തെ കുടത്തിനകത്ത് തന്നെ തടവിലിട്ട കാലത്തിനോടു പകവീട്ടണം എന്നോ തോന്നി യില്ല .

പതിയെ ഭൂതവും അവർ ക്കൊപ്പം മലർന്നുകിടന്നു മണ്ണിൽ .

ഭൂതം പറഞ്ഞു, ''കാലം തേഞ്ഞുതീരുമ്പോലെ, എന്നെയടച്ച കുടവും തേ ഞ്ഞു തീർന്നു. എനിക്ക് ഒടുവിൽ മോചനം .. കട ലിൽക്കിടന്നു നിങ്ങളുടെ



**ഭൂതം കുട്ടിക്കാലം ഓർത്തെടുക്കാൻ, അടുക്കിപ്പെറുക്കാൻ നോക്കുന്നതിനിടയിൽ ഇളയ കുട്ടി അവന്റെ കാലെടുത്തു ഭൂതത്തിനുമേലേക്കു വച്ച് ഉറങ്ങിപ്പോയി. വിശപ്പുകൊണ്ടു പൂച്ചയും മൂത്തകുട്ടിയും ഉറക്കമായി . അച്ഛനും ഭൂതവും ഉറങ്ങാതെ കിടന്നു, കുട്ടിക്കാലമോർത്തെടുത്തുകൊണ്ട്.**

അച്ഛനെ ഞാനെന്നും കാണുന്നുണ്ടായിരുന്നു. കക്കകളും മീനുകളും പവിഴപ്പുറ്റുകളും ശംഖുകളും ഞണ്ടുകളും നിങ്ങളെക്കുറിച്ച്, നിങ്ങളുടെ കഷ്ടപ്പാടിനെക്കുറിച്ച് എന്നോടു പറയാറുണ്ടായിരുന്നു.''

ഒന്നുനിർത്തി, രണ്ടാം ശപഥത്തിന്റെ കഥ പറയണ്ട എന്നു തീരുമാനിച്ച് 'ഭൂതം കഥ ഒന്നു മാറ്റിപ്പറഞ്ഞു– നിങ്ങൾക്ക് സ്വർണനാണയങ്ങളും രത്നക്കൂമ്പാരങ്ങളും അമരത്വവും തരാം എന്നു കരുതി നിങ്ങളുടെ അച്ഛനെ കാണാൻ വന്നതാണു ഞാൻ.

കുട്ടികൾ രണ്ടാളും അപ്പറഞ്ഞതു കേട്ടില്ല. അച്ഛനെ ഇക്കിളിയിട്ടു ചിരിക്കുകയും ചിരിപ്പിക്കുകയുമായിരുന്നു അവർ രണ്ടാളും. അതിനിടെ ഇളയകുട്ടി അച്ഛന്റെ നെഞ്ചത്തു ചുറ്റിപ്പടർന്നുകിടന്ന്, തൊട്ടടുത്തു കിടക്കുന്ന ഭൂതത്തിനോടു ചോദിച്ചു . 'എനിക്ക് ഒരു കഥ പറഞ്ഞു തരാമോ? ഉറക്കം വരുന്നു എനിക്ക്. എനിക്കു ലോകത്തേക്കുവച്ചേറ്റവും ഇഷ്ടം കഥ കേൾക്കാനാണ്.'

ഭൂതത്തിനു കഥ പറയാനൊക്കെ അറിയാമോ എന്ന് അച്ഛനും പൂച്ചയും അമ്പരപ്പോടെ ആലോചിക്കുന്നതിനിടയിൽ ഭൂതമേ,നിന്റെ കുട്ടിക്കാലത്തെക്കുറിച്ചൊരു കഥ പറയ് എന്നുപറഞ്ഞു മൂത്തകുട്ടി. കഥ പറയാൻ, കഥ കേൾക്കാൻ ഇത്ത്രയും വെളിച്ചം മതിയോ എന്നു ചോദിച്ചു ചന്ദ്രനും നക്ഷത്രങ്ങളും.

ഭൂതം കുട്ടിക്കാലം ഓർത്തെടുക്കാൻ, അടുക്കിപ്പെറുക്കാൻ നോക്കുന്നതിനിടയിൽ ഇളയകുട്ടി അവന്റെ കാലെടുത്തു ഭൂതത്തിനുമേലേക്കു വച്ച് ഉറങ്ങിപ്പോയി. വിശപ്പുകൊണ്ടു പൂച്ചയും മൂത്തകുട്ടിയും ഉറക്കമായി . അച്ഛനും ഭൂതവും ഉറങ്ങാതെ കിടന്നു, കുട്ടിക്കാലമോർത്തെടുത്തുകൊണ്ട്.

ഞാൻ, എന്നോടു പറഞ്ഞ വാക്കുകൾ തെറ്റിക്കുന്നതിൽ വലിയ കുഴപ്പമൊന്നുമില്ല, കഥയിലെ വാക്കുകളാണു ശരിയാവേണ്ടത്, കുട്ടികളോടു പറയുന്ന കഥയാണെങ്കിൽപ്പിന്നെ വാക്കുകളൊന്നും തെറ്റാനേ പാടില്ലല്ലോ എന്നോർത്തുപോയി ഭൂതം. .

എന്തു കുട്ടിക്കാലക്കഥ പറയണം, അതെങ്ങനെ പറയണം എന്നു വീണ്ടും വീണ്ടുമാലോചിച്ചുനോക്കി ഭൂതം.

അവരവരുടെ കുട്ടിക്കാലമോർത്തുകൊണ്ടു ഭൂമിയും കടലും ആകാശവും കൈകോർത്തുനിന്നു. പിന്നെ അവരെല്ലാം പരസ്പരം കഥപറയാൻ തുടങ്ങി .

ഭൂതം എല്ലാവരുടേയും കഥകൾക്കായി കാതോർത്തു കിടന്നു .

ഒരു കഥ, അതിനു ചേർന്ന വാക്കുകൾ പതിപ്പിച്ചുവച്ച്, കേൾക്കുന്നവരുടെ മനസ്സിൽ പതിയും വിധം പറയാനെന്തൊരു പാടാണ് എന്നു ഭൂതം തന്നോടുതന്നെ പറഞ്ഞുപോയി .

സ്വർണത്തിനും രത്നത്തിനും അമരത്വത്തിനും തടവിനും സ്വാതന്ത്ര്യത്തിനും തടങ്കലിനും പകയ്ക്കും എത്രയെത്രമേലെയാണു കഥകളെന്നു ഭൂതം മുക്കുവനോടോ, മുക്കുവൻ ഭൂതത്തിനോടോ പറഞ്ഞത് എന്നുമാത്രം നിശ്ചയമില്ല .

ഒരുപക്ഷേ കുഴിമാളങ്ങൾക്കുള്ളിലൊളിച്ചിരുന്ന ഞണ്ടുകൾക്കറിയാമായിരിക്കും അതേക്കുറിച്ച് .

# കള്ളസന്ന്യാസി

(ജാതകകഥ)
ചിത്രീകരണം വെങ്കി






ഒരിക്കൽ ഹിമാലയത്തിന്റെ താഴ്വരയിലുള്ള ഒരു കാട്ടിൽ ബോധിസത്വൻ ആനയായി ജന്മമെടുത്തു. അവിടെ ആനക്കൂട്ടത്തിന്റെ തലവനായി കഴിഞ്ഞു വരികയായിരുന്നു.



കാട്ടിൽ വിറകുവെട്ടുവാനായി പോയ ഒരു നാട്ടിൻ പുറത്തുകാരൻ ഈ ആനക്കൂട്ടത്തെ കാണുവാൻ ഇട യായി. പെട്ടെന്ന് അയാളുടെ മനസ്സിൽ ഒരു കുതന്ത്രം രൂപപ്പെട്ടു. അയാൾ വിചാരിച്ചു. 'ഹോ... ഒരുപാട് ആനകളുണ്ടല്ലോ. ഇവ ഓരോന്നിനെയായി കൊന്നു കൊമ്പുവിറ്റാൽ എത്ര കാശുകിട്ടും! കാട്ടിൽ പോയി ജോലി ചെയ്യാതെ സുഖിച്ചു കഴിയുകയും ചെയ്യാം.'







നേരെ അയാൾ പോയത് ഒരു ആനക്കാ രന്റെ അടുത്തേക്കായിരുന്നു. അയാ ളുടെ അടുക്കൽ നിന്നും ആനയുടെ മർമങ്ങളെല്ലാം പഠിച്ചു. പിന്നെ പോയത് പട്ടണത്തിൽ ആനക്കൊമ്പു ശില്പമു ണ്ടാക്കുന്നവന്റെ അടുത്തേക്ക്. അയാ ളുമായും സംസാരിച്ചു. അടുത്ത ദിവസം അയാൾ ഒരു സന്ന്യാസിവേഷത്തിൽ ധ്യാനത്തിലെന്നപോലെ വഴിയിൽ ഇരു ന്നു. അതുവഴി വന്ന ആനകൾ സന്ന്യാ സിയെ കണ്ട് ബഹുമാനത്തോടെ കടന്നു




പോയി. ഏറ്റവും ഒടുവിൽ പോയ ആന കടന്നു കഴിഞ്ഞപ്പോൾ അയാൾ അതിന്റെ മർമം നോക്കി കൈയിലുണ്ടായിരുന്ന വടി കൊണ്ട് ആഞ്ഞൊരടി.

ഒരു ശബ്ദവും പുറപ്പെടുവിക്കാതെ ആന ചരിഞ്ഞു. അയാൾ ചരിഞ്ഞ ആനയുടെ കൊമ്പെടുത്ത് പട്ടണത്തിൽ കൊണ്ടുപോയി വിറ്റു. പിറ്റേദിവസവും അയാൾ ഇത് ആവർത്തിച്ചു. കുറെ നാൾ ആയപ്പോൾ ബോധിസത്വനു സംശയം തോന്നി.



ആനകളെ ആരോ കൊല്ലുന്നുണ്ട്. എന്നും വഴിയിൽ കാണുന്ന ആ സന്ന്യാസിയെ ഒന്നു സൂക്ഷിക്കേണ്ടിയിരിക്കുന്നു.

പിറ്റേദിവസം ആനക്കൂട്ടം പോകുന്ന വഴിയിൽ വടിയും പിടിച്ച് സന്ന്യാസി നിന്നിരുന്നു. അന്ന് ആനകളുടെ ഏററവും പിറകിലായി പോയത് ബോധിസത്വനായിരുന്നു. ബോധിസത്വൻ കടന്നുപോയതും സന്ന്യാസി വടി ഓങ്ങി. അയാളുടെ നീക്കങ്ങൾ ശ്രദ്ധിച്ചിരുന്ന ആന പെട്ടെന്നു തിരിഞ്ഞ് വടി കൈക്കലാക്കി. എന്നിട്ടു ബോധിസത്വൻ പറഞ്ഞു.



"വഞ്ചകാ, സന്ന്യാസിയുടെ വേഷത്തിലായതുകൊണ്ടു മാത്രം നിന്നെ വെറുതെ വിടുന്നു. ഇനി നിന്നെ ഈ കാട്ടിൽ കണ്ടാൽ കുടൽ ഞാനെടുക്കും. ജീവൻ വേണമെങ്കിൽ ഓടിക്കോ..."

ഇതു കേട്ടപാട് അയാൾ ജീവനുംകൊണ്ട് അവിടെ നിന്നും ഓടിപ്പോയി.





വര: സുരേഷ് പരിയാരത്ത്

# ദാനം

ഹരിദാസ് സാരംഗി

ദാനത്തേക്കാൾ മഹത്വമായത്
ഭൂമിയിലെന്തുണ്ട്.
കൊടുത്തിടുമ്പോളേറീടുന്നൊരു
വിദ്യ നമുക്കുണ്ട്.
നശിച്ചിടുന്നൊരു ദേഹമിതല്ലോ
ജീവൻ പോയീടിൽ
നമുക്കു നൽകാം മറ്റൊരു ജീവൻ
നിലനിർത്താനായി
കണ്ണും, കരളും, ഹൃദയം, വൃക്ക,
രക്തവുമതുപോലെ
കഴിവതു ചെയ്തു സമൂഹത്തിന്നൊരു
മാതൃകയായീടാം.
ദേഹത്തുണ്ടാം തുടർന്നുരക്തം
പകർന്നു നൽകീടിൽ
ചങ്ങാതികളേ നമുക്കു സ്വർഗം
ഭൂമിയിലുണ്ടാക്കാം.

# കാന്തത്തിനു മുകളിൽ പൊങ്ങിക്കിടക്കുന്ന തവള!

വൈശാഖൻ തമ്പി

വായുവിൽ പൊങ്ങി നിൽക്കുന്ന തവള! താഴെ അതിശക്തമായ ഒരു കാന്തമുണ്ട് എന്നു മാത്രം. ഇതു മാജിക് ഒന്നുമല്ല. ശരിക്കും നടക്കുന്ന ഒരു കാര്യമാണ്. അതിശക്തമായ ഒരു കാന്തം തവളയെ വികർഷിക്കും! അതെങ്ങനെ? അങ്ങനെയെങ്കിൽ മനുഷ്യർക്കും ഇങ്ങനെ പൊങ്ങിക്കിടക്കാമോ? അതറിയണമെങ്കിൽ ആദ്യം കാന്തികതയെക്കുറിച്ച് കുറച്ചു കാര്യങ്ങൾ നാം അറിയണം. ഈ ലേഖനം വായിക്കൂ. നിങ്ങളുടെ സംശയങ്ങൾക്ക് ഉത്തരം കിട്ടും!

## എന്താണ് കാന്തികത?

പണ്ടുകാലത്ത് ടർക്കിയിൽ ആടുമേയ്ക്കാൻ പോയിരുന്ന ഇടയൻമാരിൽ ചിലർ ഒരു അത്ഭുതം അനുഭവിച്ചറിഞ്ഞിരുന്നു. തങ്ങളുടെ ഇരുമ്പ് വടികളെ ചില പാറകൾ ആകർഷിക്കുന്നു! മനുഷ്യൻ ആദ്യം തിരിച്ചറിഞ്ഞ കാന്തികതാ പ്രഭാവം ഒരു പക്ഷേ ഇതായിരിക്കും! ടർക്കിയിലുള്ള മഗ്നീസ്യ എന്ന സ്ഥലത്താണ് ഇത്തരം പാറകൾ കണ്ടത്. ഇംഗ്ലീഷ് ഭാഷയിൽ മാഗ്നെറ്റ്, മാഗ്നെറ്റിസം എന്നൊക്കെയുള്ള വാക്കുകൾ കാന്തിക പ്രഭാവത്തിന് കിട്ടാൻ കാരണവും മറ്റൊന്നല്ല.

ശരിക്കും എന്താണ് ഈ കാന്തികത? വൈദ്യുതകാന്തികത (electro magnetism) എന്ന പ്രതിഭാസത്തിന്റെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളു കാന്തികത. വൈദ്യുതപ്രഭാവവും കാന്തികപ്രഭാവവും അടിസ്ഥാനപരമായി ഒരേ പ്രതിഭാസത്തിന്റെ രണ്ട് പകുതികൾ മാത്രമാണ്. വൈദ്യുതിയും കാന്തവും ഒക്കെ കണ്ടുപിടിച്ച് ഏറെ നൂറ്റാണ്ടുകൾ കഴിഞ്ഞാണ് നാമിതു തിരിച്ചറിഞ്ഞത് എന്നുമാത്രം. ആദ്യമൊക്കെ ഇവ വേറെ വേറെ പ്രതിഭാസങ്ങളാണെന്നാണ് കരുതപ്പെട്ടിരുന്നത്.

ഒരിടത്ത് സ്ഥിരമായിരിക്കുന്ന ചാർജുകൾ അവയ്ക്ക് ചുറ്റും ഒരു വൈദ്യുത ക്ഷേത്രം (electric field) നിലനിർത്തുന്നുണ്ടാകും എന്ന് കേട്ടിട്ടുണ്ടോ? ഈ ഫീൽഡ് നമുക്ക് നേരിട്ട് കാണാൻ പറ്റില്ല എന്നു മാത്രം.



എന്നാൽ ഈ ചാർജ് ചലിച്ചാലോ? വൈദ്യുതക്ഷേത്രത്തിനു പുറമേ ഒരു കാന്തികക്ഷേത്രവും (magnetic field) ഉണ്ടാവും! ചലിക്കുന്ന ചാർജാണ് കറന്റ്. അപ്പോൾ കറന്റ് എന്ന് നമ്മൾ വിളിക്കുന്ന വൈദ്യുതപ്രവാഹം ഒരേ സമയം വൈദ്യുതക്ഷേത്രവും കാന്തികക്ഷേത്രവും ഉണ്ടാക്കും.

സ്ഥിരകാന്തവും വൈദ്യുതകാന്തവും ഉണ്ടെന്നു നിങ്ങൾക്കറിയാം. പക്ഷേ കാന്തത്തിനുള്ളിൽ എന്താണുള്ളത് എന്ന് ചോദിച്ചാലോ? ഇലക്ട്രോണുകൾ എന്നാണ് ഉത്തരം. പദാർത്ഥത്തിന്റെ അടിസ്ഥാനനിർമാണഘടകങ്ങളായ ആറ്റങ്ങളിൽ ന്യൂക്ലിയസ്സിനെ ചുറ്റിത്തിരിയുന്ന ഇലക്ട്രോണുകൾ തന്നെ. വൈദ്യുതകാന്തത്തിൽ കമ്പികളിലൂടെ ഒഴുകുന്ന ഇലക്ട്രോണുകളാണ് കാന്തികമണ്ഡലമുണ്ടാക്കുന്നത്. എന്നാൽ സ്ഥിരകാന്തങ്ങളിൽ കുറച്ചുകൂടി വ്യത്യസ്തമായ രീതിയിലാണവ പെരുമാറുന്നത്. ചാർജുള്ള ഇലക്ട്രോണുകൾ ന്യൂക്ലിയസ്സിന് ചുറ്റുമോ സ്വയമോ തിരിയുമ്പോൾ അതൊരു ചെറിയ കറന്റിന്റെ ഫലം ചെയ്യും. കാരണം കറക്കവും ഒരു ചലനമാണ്. ചലിക്കുന്ന ചാർജ് കാന്തികപ്രഭാവവും ഉണ്ടാക്കും. സ്വയം തിരിയുന്ന ഒരു ഇലക്ട്രോൺ ഒരു വളയിലൂടെ ഒഴുകുന്ന കറന്റിന് തുല്യമാണ്. ഇതിനെ ഒരു കറന്റുവളയം (current loop) എന്നു വിളിക്കാം. കറന്റുവളയത്തിന്റെ കാന്തസ്വഭാവം ഒരു കുഞ്ഞു ബാർമാഗ്നെറ്റിന്റേതിന് സമാനമാണെന്നു പറയാം. വളയത്തിന്റെ ഒരു വശം ഉത്തരധ്രുവവും മറുവശം ദക്ഷിണധ്രുവവും (north pole and south pole) ആയി പ്രവർത്തിക്കും.

**കാന്തികക്ഷേത്രത്തോട് ആകർഷിക്കപ്പെടാൻ സാധ്യതയുള്ള പദാർത്ഥങ്ങളെ പാരാമാഗ്നെറ്റിക് എന്നാണ് വിശേഷിപ്പിക്കുന്നത്. ജോഡിചേരാതെ ഒറ്റയ്ക്കൊറ്റയ്ക്ക് നിന്ന് കാന്തികസ്വഭാവം നിലനിർത്തുന്ന ഇലക്ട്രോണുകളാണ് ഇവയുടെ രഹസ്യം. എന്നാൽ എല്ലാ ഇലക്ട്രോണുകളും ജോഡി ചേർന്ന് പരസ്പരം കാന്തികത ഇല്ലാതാക്കുന്ന തരത്തിലുള്ള പദാർത്ഥങ്ങളെ ഡയാമാഗ്നെറ്റിക് എന്നാണു വിശേഷിപ്പിക്കുക.**

## പദാർത്ഥങ്ങളുടെ കാന്തികസ്വഭാവം

കറങ്ങുന്ന ഇലക്ട്രോണിന്റെ ഉത്തര-ദക്ഷിണ ധ്രുവങ്ങൾ തമ്മിലുള്ള വ്യത്യാസമാണ് എല്ലാ സ്ഥിരകാന്തങ്ങളുടെയും കാന്തസ്വഭാവത്തിന്റെ കാരണം. ഇലക്ട്രോണുകൾ എന്ന കുഞ്ഞു ബാർമാഗ്നറ്റുകൾ ഒരു വസ്തുവിനുള്ളിൽ എങ്ങനെ ക്രമീകരിക്കപ്പെട്ടിരിക്കുന്നു എന്നതനുസരിച്ച് വസ്തുവിന്റെ മൊത്തത്തിലുള്ള കാന്തികസ്വഭാവം മാറും. ഉദാഹരണത്തിന് ഒരു വസ്തുവിൽ 100 കുഞ്ഞു ബാർമാഗ്നറ്റുകൾ ഉണ്ടെന്നിരിക്കട്ടെ. ഇതിൽ ഓരോ ജോഡിയും പരസ്പരം എതിർദിശകളിൽ അവരുടെ ഉത്തര-ദക്ഷിണധ്രുവങ്ങൾ ക്രമീകരിച്ച് നിന്നാൽ വസ്തുവിന്റെ മൊത്തം കാന്തികത പൂജ്യമായിരിക്കും. കാരണം ഓരോ ഉത്തരധ്രുവവും തൊട്ടടുത്ത ഒരു ദക്ഷിണധ്രുവത്താൽ ക്യാൻസൽ ചെയ്യപ്പെടും. പ്രത്യേകിച്ച് ദിശയൊന്നുമില്ലാതെ ഈ കുഞ്ഞു മാഗ്നറ്റുകൾ ക്രമരഹിതമായി ചിതറിക്കിടന്നാൽ അതിന്റെ കാന്തസ്വഭാവം വളരെ വളരെ ദുർബലമായിരിക്കും. നേരേ മറിച്ച് എല്ലാ ഇലക്ട്രോൺ മാഗ്നറ്റുകളും ഒരേ ദിശയിൽ ചൂണ്ടിനിൽക്കുന്ന തരം ക്രമമാണ് ഒരു വസ്തുവിൽ ഉള്ളതെങ്കിലോ? ഐകമത്യം മഹാബലം എന്നുപറഞ്ഞതുപോലെ ആ പദാർത്ഥത്തിന് നല്ല കാന്തിക സ്വഭാവം കൈവരുന്നു. ഒരു ഇലക്ട്രോണിനെ എടുത്താൽ അതിന്റെ കാന്തികത വളരെ ദുർബലമായിരിക്കും. പക്ഷേ എന്നുവച്ച് ഒരു പദാർത്ഥത്തിലെ കോടാനുകോടി ഇലക്ട്രോണുകൾ ഒരേ ദിശയിൽ തങ്ങളുടെ ധ്രുവങ്ങൾ ക്രമീകരിച്ച് നിൽക്കുമ്പോൾ കളി മാറും. ഇങ്ങനെയാണ് സ്ഥിരകാന്തങ്ങൾ ഉണ്ടാകുന്നത്.

ഉള്ളിലെ കുഞ്ഞുകാന്തങ്ങളുടെ ക്രമീകരണരീതി അനുസരിച്ച്, പദാർത്ഥങ്ങളിൽ പലതരം കാന്തികസ്വഭാവങ്ങൾ കാണാൻ സാധിക്കും. ഈ വ്യത്യാസം കാരണം പുറമേ നിന്ന് ഒരു കാന്തികക്ഷേത്രം പ്രയോഗിച്ചാൽ, പല വസ്തുക്കളും പല രീതിയിലാകും അതിനോട് പ്രതികരിക്കുക.

കാന്തികക്ഷേത്രത്തോട് ആകർഷിക്കപ്പെടാൻ സാധ്യതയുള്ള പദാർത്ഥങ്ങളെ പാരാമാഗ്നെറ്റിക് എന്നാണ് വിശേഷിപ്പിക്കുന്നത്. ജോഡി ചേരാതെ ഒറ്റയ്ക്കൊറ്റയ്ക്ക് നിന്ന് കാന്തികസ്വഭാവം നിലനിർത്തുന്ന ഇലക്ട്രോണുകളാണ് ഇവയുടെ രഹസ്യം. എന്നാൽ എല്ലാ ഇലക്ട്രോണുകളും ജോഡി ചേർന്ന് പരസ്പരം കാന്തികത ഇല്ലാതാക്കുന്ന തരത്തി

ലുള്ള പദാർത്ഥങ്ങളെ ഡയാമാഗ്നെറ്റിക് എന്നാണു വിശേഷിപ്പിക്കുക. ഇവ ബാഹ്യമായ ഒരു കാന്തികക്ഷേത്രത്തിൽ വികർഷിക്കപ്പെടുകയേ ഉള്ളൂ. പക്ഷേ ഈ വികർഷണം വളരെ ദുർബലമായിരിക്കും. കാന്തത്തോട് ആകർഷിക്കപ്പെടാത്തതായി തോന്നുന്ന വെള്ളം, പ്ലാസ്റ്റിക് തുടങ്ങിയ മിക്ക വസ്തുക്കളും ഡയാമാഗ്നെറ്റിക് ആണ്.

ചില വസ്തുക്കളിൽ പാരാമാഗ്നെറ്റിക് സ്വഭാവം വളരെ ശക്തമായിരിക്കും. ഒരുപാട് ഇലക്ട്രോണുകൾ ഒരേസമയം ഒരേ ദിശയിൽ നിൽക്കുന്നതു കൊണ്ടാണത്. അതിനെ ഫെറോമാഗ്നെറ്റിക് സ്വഭാവം എന്നാണ് വിളിക്കുക. സ്ഥിര കാന്തം ഉണ്ടാക്കാൻ ഉപയോഗിക്കുന്ന എല്ലാ ലോഹങ്ങളും ലോഹസങ്കരങ്ങളും ഫെറോമാഗ്നെറ്റിക് സ്വഭാവം ഉള്ളതായിരിക്കും. വടക്കുനോക്കിയന്ത്രത്തിലെ കാന്തസൂചിയും ഒരു ഫെറോമാഗ്നെറ്റാണ്. അതുകൊണ്ട് ഭൂമിയുടെ കാന്തികക്ഷേത്രത്തിന്റെ നേർക്ക് തിരിഞ്ഞ് നിൽക്കാനായിരിക്കും അതിനെപ്പോഴും താത്പര്യം.

ഇങ്ങനെ നിത്യജീവിതത്തിൽ നാം രണ്ടുതരം കാന്തികസ്വഭാവങ്ങളാണ് കാണുക. ഒന്ന് സ്ഥിരകാന്തങ്ങളുടെയും കാന്തങ്ങളാൽ ആകർഷിക്കപ്പെടുന്ന വസ്തുക്കളുടേയും ഫെറോമാഗ്നെറ്റിക് സ്വഭാവം. പിന്നെയുള്ളത് കാന്തങ്ങളോട് പ്രതികരിക്കാത്ത വെള്ളം, പ്ലാസ്റ്റിക്, ഗ്ലാസ് തുടങ്ങിയവയുടെ ഡയാമാഗ്നെറ്റിക് സ്വഭാവവും.

## നമ്മുടെ ശരീരവും കാന്തികതയും

**ഇത്തിരിപ്പോന്ന തവളയെ പൊക്കി നിർത്താൻ പ്രയോഗിച്ചിരിക്കുന്ന കാന്തികക്ഷേത്രത്തിന്റെ തീവ്രത 16 ടെസ്ല ആണ്. ഇതുവരെ ലബോറട്ടറിയിൽ സജ്ജീകരിക്കാൻ സാധിച്ചിട്ടുള്ള ഏറ്റവും ശക്തിയുള്ള കാന്തികക്ഷേത്രം 45 ടെസ്ലയും.**

നമ്മുടെയൊക്കെ ശരീരവും പലവിധ പദാർത്ഥങ്ങളാൽ നിർമിക്കപ്പെട്ടിരിക്കുന്നു എന്ന് കൂട്ടുകാർക്കറിയാം. അങ്ങനെയെങ്കിൽ ശരീരത്തിനും ഒരു കാന്തികസ്വഭാവം ഉണ്ടാകുമല്ലോ. എന്നാൽ ശരീരത്തിന്റെ അടുത്തേക്ക് കാന്തം കൊണ്ടുചെന്നാൽ അതിന് പ്രത്യേകിച്ച് ആകർഷണമൊന്നും ഉണ്ടാവില്ല എന്ന് പരീക്ഷിച്ച് നോക്കിയാൽ ബോധ്യമാകും. അതിന്റെ അർത്ഥം നമ്മുടെ ശരീരം എന്തായാലും ഫെറോമാഗ്നെറ്റിക് അല്ല എന്നാണ്. എന്നാൽ ശരീരത്തിന് കാന്തികസ്വഭാവമേ ഇല്ല എന്നല്ല. ജീവകലകളുടെ (biological tissues) ഭൂരിഭാഗവും വെള്ളം ആണെന്നറിയാമല്ലോ. വെള്ളമാകട്ടെ ഡയാമാഗ്നെറ്റിക്കും. അതുകൊണ്ട് തന്നെ പൊതുവേ ജൈവ ശരീരങ്ങൾ ഡയാമാഗ്നെറ്റിക് സ്വഭാവമാണ് പ്രകടിപ്പിക്കുന്നത്. പക്ഷേ ഡയാമാഗ്നെറ്റിസം വളരെ ദുർബലമായ ഒരു പ്രതിഭാസമായതിനാൽ അത് അത്രപെട്ടെന്ന് നമുക്ക് തിരിച്ചറിയാൻ സാധിക്കില്ല. അതിനുള്ള ഒരു മാർഗം അതിശക്തമായ കാന്തികക്ഷേത്രം പ്രയോഗിക്കുക എന്നതാണ്.

അങ്ങനെ ചെയ്താൽ ഒരു തവളയെ ഒരു കാന്തികക്ഷേത്രത്തിൽ പൊക്കി നിർത്താൻപോലും നമുക്കു കഴിയും. തവളയുടെ ശരീരം ഡയാമാഗ്നെറ്റിക് ആയതിനാൽ കാന്തികക്ഷേത്രത്തിൽ നിന്ന് അത് വികർഷിക്കപ്പെടുന്നു. ആ വികർഷണബലമാണ് ഗുരുത്വാകർഷണത്തെ മറികടന്ന് തവളയെ പൊക്കി നിർത്തുന്നത്.

ഇങ്ങനെയെങ്കിൽ, മനുഷ്യനെയും ഇങ്ങനെ പൊക്കിനിർത്താൻ പറ്റണ്ടേ? പറ്റേണ്ടതാണ്. പക്ഷേ തവളയുടെ മേൽ പ്രയോഗിക്കപ്പെടുന്ന ഗുരുത്വാകർഷണബലത്തിന്റെ എത്രയോ മടങ്ങാണ് ഒരു മനുഷ്യശരീരത്തിൽ അനുഭവപ്പെടുന്നത്. അതുകൊണ്ട് അത്രയും കൂടുതൽ ശക്തമായ ഒരു കാന്തികക്ഷേത്രം വേണ്ടിവരും. ചിത്രത്തിലെ ഇത്തിരിപ്പോന്ന തവളയെ പൊക്കി നിർത്താൻ പ്രയോഗിച്ചിരിക്കുന്ന കാന്തികക്ഷേത്രത്തിന്റെ തീവ്രത 16 ടെസ്ല ആണ്. (കാന്തികക്ഷേത്രത്തിന്റെ തീവ്രത അളക്കാനുപയോഗിക്കുന്ന യൂണിറ്റാണ് ടെസ്ല.) ഇത് വളരെ ശക്തമായ ഒരു കാന്തികക്ഷേത്രമാണ്. മനുഷ്യന് ഇതുവരെ ലബോറട്ടറിയിൽ സജ്ജീകരിക്കാൻ സാധിച്ചിട്ടുള്ള ഏറ്റവും ശക്തിയുള്ള കാന്തികക്ഷേത്രം 45 ടെസ്ല മാത്രമേയുള്ളൂ. എന്നാൽ ന്യൂട്രോൺ നക്ഷത്രങ്ങൾക്ക് അതിശക്തമായ കാന്തികക്ഷേത്രമുണ്ട്. 10000 ടെസ്ല മുതൽ 100കോടി ടെസ്ല വരെയാണത്രേ അതിന്റെ കാന്തികക്ഷേത്രം. അവിടത്തെ ഗുരുത്വാകർഷണവും അതിശക്തമാണ്. ഭൂമിയുടേതിന്റെ ആയിരംകോടി ഇരട്ടി വരെ വരും. ഇനിയൊരു ചോദ്യം. അവിടെ ചെന്നാൽ മനുഷ്യർക്ക് അന്തരീക്ഷത്തിൽ പൊങ്ങിക്കിടക്കാൻ കഴിയുമോ? അന്വേഷിച്ചു കണ്ടെത്തൂ!

ഉക്രേനിയൻ നാടോടിക്കഥ

# കതിരുകാള

പുനരാഖ്യാനം : നിർമ്മല ജെയിംസ്

ഉക്രേനിയയിൽ അന്തോണി എന്നും അന്ന എന്നും പേരുള്ള ഒരു അപ്പൂപ്പനും അമ്മൂമ്മയും താമസിച്ചിരുന്നു. അവർ വളരെ പാവപ്പെട്ടവർ ആയിരുന്നു. കാളയോ കാളക്കുട്ടിയോ ഒരു കോഴിക്കുഞ്ഞുപോലും അവർക്ക് ഉണ്ടായിരുന്നില്ല. അന്തോണി അപ്പൂപ്പൻ ടാറുണ്ടാക്കും, അന്ന അമ്മൂമ്മ വീട്ടുകാര്യങ്ങൾ നോക്കും. അമ്മൂമ്മ ഒരു ദിവസം അപ്പൂപ്പനോടു പറഞ്ഞു.

''ഇങ്ങനെ ഒറ്റയ്ക്കിരുന്ന് മടുത്തു. എനിക്ക് വൈക്കോലുകൊണ്ട് ഒരു കാളക്കുട്ടിയെ ഉണ്ടാക്കിത്തരുമോ?''

''നീ എന്തു മണ്ടത്തരമാ പറയുന്നത്? നിനക്കിപ്പോൾ ഒരു കതിരുകാള എന്തിനാ?''

''ഞാൻ അവനെ മേയ്ക്കാൻ വിടും പുറത്ത്....''

അപ്പൂപ്പൻ ചിരിച്ചുകൊണ്ട് അമ്മൂമ്മയ്ക്ക് ഒരു കതിരുകാളയെ ഉണ്ടാക്കിക്കൊടുത്തു. അതിന്റെ വശങ്ങളെല്ലാം ടാർ കൊണ്ട് ഒട്ടിച്ചു. അമ്മൂമ്മ വസ്ത്രം തുന്നാൻ ചർക്കയുമെടുത്ത് കതിരുകാളയെയും കൊണ്ടു പുറത്തേക്കുപോയി. അവർ ഒരു കുന്നിൻചരുവിൽ



വര: അരുണ ആലഞ്ചേരി

പോയി ഇരുന്നു.

''മേയൂ.. മേയൂ.. കുഞ്ഞുകാളേ...

കറുത്ത ടാറിട്ട കതിരു കാളേ...''

അമ്മൂമ്മ പാട്ടുപാടു കയും കുപ്പായം തുന്നു കയും ചെയ്തു. തുന്നി ത്തുന്നി അവർ ഉറക്കം തൂങ്ങിപ്പോയി. അപ്പോൾ കൊടുങ്കാടിനുള്ളിൽ നിന്ന് ഒരു കരടി ഇറങ്ങിവന്നു.

അവൻ കൊച്ചു കതിരു കാളയോടു ചോദിച്ചു:

''നീ ആരാ...?''

''ഞാൻ കറുത്ത ടാറടിച്ച ഒരു കൊച്ചു കതി രു കാളയാണേ...''

''എനിക്കു നീ കുറച്ചു ടാറു താ ഒട്ടിക്കാൻ. എന്റെ ഈ ശരീരമെല്ലാം കുറച്ചു നായ്ക്കൾ കടിച്ചു കീറിയി ട്ടുണ്ട്...''

കതിരുകാള മറുപടി യൊന്നും പറയാതിരുന്ന പ്പോൾ കരടിക്കു ദേഷ്യം വന്നു.

അവൻ കതിരുകാള യുടെ പുറത്തൊരു മാന്തു കൊടുത്തു. അപ്പോൾ അവൻ ടാറിലേക്കു ഒട്ടി പ്പോയി. ശബ്ദംകേട്ട അമ്മൂമ്മ മയക്കത്തിൽ നിന്ന് ഞെട്ടി ഉണർന്നു.

''അയ്യോ! ഒന്ന് ഓടിവ രണേ എന്റെ കതിരുകാ ളക്കുട്ടി ഒരു കരടിയേപ്പി ടിച്ചേ...''

അവൾ കരഞ്ഞുകൊണ്ട് അപ്പൂപ്പനെ വിളിച്ചു. കര ച്ചിൽ കേട്ട് അപ്പൂപ്പൻ ഓടിവന്നു. മലമുകളിൽ നിൽക്കുന്ന കരടിയെയും കതിരുകളെയെയും കണ്ടു. അപ്പൂപ്പൻ പാഞ്ഞുചെന്ന് ഒരു തൊഴി കൊടുത്തു. പിന്നെ അവനെ നിലവറ യിലേക്കു വലിച്ചെറിഞ്ഞു.

പിറ്റേദിവസവും അമ്മൂമ്മ കതിരുകാളയേയും കൂട്ടി വസ്ത്രം തുന്നാൻ ഇറങ്ങി. മലഞ്ചരിവിലിരുന്ന് അവർ പാട്ടുപാടി.

''മേയൂ... മേയൂ... കുഞ്ഞുകാളേ...

കറുത്ത ടാറിട്ട കതിരു കാളേ...''

തുന്നിത്തുന്നി അമ്മൂമ്മ ഉറങ്ങിപ്പോയി. അപ്പോഴതാ കാട്ടിൽ നിന്നും ഒരു ചെന്നായ് ഓടി വരുന്നു. അവൻ കതിരുകാളയെ കണ്ടതും ഉറക്കെ ചോദിച്ചു.

''നീ ആരാ?''

''അയ്യോ ഞാനൊരു കതിരുകാളയാണേ.

കറുത്ത ടാറിട്ട കതിരു കാള.''

''എനിക്കു കുറച്ചു ടാറു താ. എന്റെ മേലാകെ ആ നായ്ക്കൾ കടിച്ചു പൊളിച്ചു.''

''ഇന്നാ എടുത്തോ.'' കാളക്കുട്ടി പറഞ്ഞു.

ചെന്നായ അവനെ തൊട്ടതും ടാറിലേക്ക് ഒട്ടി പ്പിടിച്ചു.

അമ്മൂമ്മ ഉണർന്നു കരഞ്ഞു.

''ഇതാ, കതിരുകാള ഒരു ചെന്നായെ പിടിച്ചു.''

അപ്പൂപ്പൻ ഓടിവന്ന് ചെന്നായയെപ്പിടിച്ച് നില വറയിലേക്കു വലിച്ചെറി ഞ്ഞു.

മൂന്നാം ദിവസവും അമ്മൂമ്മ കതിരുകാള യെയും കൂട്ടി തുന്നാൻ പോയി. തുന്നിത്തുന്നി ഉറക്കം തൂങ്ങിയപ്പോൾ ഒരു കുറുക്കൻ വന്നു. അവൾ ചോദിച്ചു.

''നീ ആരാ?''

''ഞാനൊരു കറുത്ത ടാറടിച്ച കതിരുകാള.''

''എനിക്കു കുറച്ചു ടാറു താ. ആ നായ്ക്കൾ എന്റെ ശരീരമെല്ലാം കടിച്ചു കീറി.''

''എടുത്തോളൂ.'' അവൾ എടുക്കാൻ തുനിഞ്ഞതും കതിരുകാളക്കുട്ടിയുടെ പുറത്തേക്ക് ഒട്ടിപ്പോയി. അപ്പോൾ അമ്മൂമ്മ ഉണർന്ന് നിലവിളിച്ചു.

**ചെല്ലനമ്മാൻ കൈലിയുടുത്തു. പിന്നെ നെഞ്ചത്തുകൈവെച്ച് ഇത്തിരിനേരം മിണ്ടാതെ കണ്ണടച്ചുനിന്നിട്ട് ലിവർ ഓണാക്കി. ഒന്നറച്ചുനിന്നശേഷം ഇഞ്ചൻ പ്രവർത്തിച്ചു തുടങ്ങിയെങ്കിലും വല്ലാത്തൊരു ശബ്ദത്തോടെയത് പൊടുന്നനെ കിതച്ചു നിന്നു. അതോടെ ചെല്ലനമ്മാന്റെ മുഖത്ത് അവശേഷിച്ചിരുന്ന നേരിയ വെട്ടവും അണഞ്ഞു. നിരാശയോടെ മുഖം താഴുകയും ചെയ്തു. ആ നിരാശയുടെ നിഴൽ ഞങ്ങളിലേക്കും വീണു.**

അപ്പൂപ്പൻ വന്ന് അവ ളെയും നിലവറയിലേക്കു വലിച്ചെറിഞ്ഞു. ഇപ്പോൾ നിലവറയിൽ മൂന്നു ജീവി കളുണ്ട്. അപ്പൂപ്പൻ നിലവ റയുടെ വാതിലിനടുത്തി രുന്ന് കത്തിക്കു മൂർച്ച കൂട്ടി.

''ഈ കരടിയുടെ തോലെടുത്താൽ നല്ലൊരു കോട്ടുണ്ടാക്കാം.''

അതുകേട്ട കരടി ഉറക്കെ നിലവിളിച്ചു.

''അപ്പൂപ്പാ എന്നെ കൊല്ലല്ലേ. എന്നെ ഇവിടെ നിന്നും തുറന്നുവിട്ടാൽ ഞാൻ തേൻ കൊണ്ടുത്ത രാം.''

''എന്നെ പറ്റിക്കാ

നല്ലേ?''

''അയ്യോ തീർച്ചയായും അല്ല.''

''ശരി. നീ സത്യവാനാണോയെന്ന് നോക്കട്ടെ.'' അപ്പൂപ്പൻ അവനെ തുറന്നുവിട്ടു.

വീണ്ടും അപ്പൂപ്പൻ കത്തിക്കു മൂർച്ചകൂട്ടി പറഞ്ഞു. ''ഈ ചെന്നായയുടെ തോലെടുത്താൽ തണുപ്പുകാലത്തേക്കു നല്ലൊരു തൊപ്പിയുണ്ടാക്കാം.''

''അയ്യോ എന്നെ കൊല്ലാതെ വിട്ടാൽ ആട്ടിൻകൂട്ടത്തെ മുഴുവൻ അങ്ങേക്കു കൊണ്ടുത്തരാം.''

''ശരി നീയും സത്യസന്ധനാണോ എന്നു നോക്കാം.''

അപ്പൂപ്പൻ അവനെയും തുറന്നുവിട്ടു. വീണ്ടും അപ്പൂപ്പൻ കത്തിക്കു മൂർച്ചകൂട്ടി കുറുക്കനോടു പറഞ്ഞു.

''നിന്റെ ഈ മൃദുരോമം കൊണ്ട് അമ്മൂമ്മയുടെ കുപ്പായത്തിന് ഞാൻ നല്ലൊരു കോളർ ഉണ്ടാക്കും.''

''അയ്യോ എന്നെ ഉപദ്രവിക്കല്ലേ അപ്പൂപ്പാ. ഞാൻ കോഴികളെയും താറാവുകളെയും കൊണ്ടുത്തരാം.''

''ശരി നീയും എന്നെ പറ്റിക്കില്ലെന്നു കരുതുന്നു.''

അങ്ങനെ കുറുക്കനെയും സ്വതന്ത്രയാക്കിവിട്ടു. നേരം പുലരുന്നതേയുള്ളൂ. കതകിൽ ആരോ തട്ടുന്ന ശബ്ദം കേട്ട് അപ്പൂപ്പനും അമ്മൂമ്മയും ഉണർന്നു. വാതിൽ തുറന്നു നോക്കുമ്പോൾ തേനുമായി കരടി നിൽക്കുന്നു. തേൻ വാങ്ങി അപ്പൂപ്പൻ കതകടച്ചു. അപ്പോൾ കതകിൽ തട്ടുന്നു. തുറന്നു നോക്കുമ്പോഴോ, ചെന്നായയോടൊപ്പം ആട്ടിൻകൂട്ടം മുഴുവനുണ്ട്. പിന്നാലെ അതാ വരുന്നു കുറുക്കൻ. ഒപ്പം കോഴികളും താറാവുകളും പറ്റംപറ്റമായി.

ധനികരായ് മാറിയ അപ്പൂപ്പനും അമ്മൂമ്മയും സന്തോഷത്തോടെ ദീർഘനാൾ ജീവിച്ചു.



# എന്തു കഴിക്കണം? എങ്ങനെ കഴിക്കണം?

ഡോ. ബി പത്മകുമാർ

നമ്മുടെ സ്കൂൾബസ്സും വാനും വീട്ടിലെ കാറുമൊക്കെ ഓടണമെങ്കിൽ ഡീസലും പെട്രോളുമൊക്കെ വേണം. അതുപോലെതന്നെ മനുഷ്യശരീരം എന്ന മഹായന്ത്രവും നേരാവണ്ണം പ്രവർത്തിക്കണമെങ്കിൽ ആവശ്യമായ ഇന്ധനം വേണം. പോഷകപ്രദമായ ഭക്ഷണമാണ് നമ്മുടെ ശാരീരിക പ്രവർത്തനങ്ങൾക്കാവശ്യമായ ഇന്ധനം.

നമ്മുടെ ഭക്ഷണത്തിൽ പ്രധാനമായും മൂന്നു ഘടകങ്ങളാണ് അടങ്ങിയിരിക്കുന്നത്. അന്നജം അഥവാ കാർബോഹൈഡ്രേറ്റാണ് ആദ്യ ഇന്ധനം. ശാരീരിക പ്രവർത്തനങ്ങൾക്കാവശ്യമായ ഊർജം ലഭിക്കുന്നത് അന്നജത്തിൽ നിന്നാണ്. അരിയും ഗോതമ്പും കിഴങ്ങുവർഗങ്ങളും പഴങ്ങളുമൊക്കെയാണ് നമുക്കാവശ്യമുള്ള അന്നജം നൽകുന്നത്.

ഭക്ഷണത്തിലെ രണ്ടാമത്തെ പ്രധാന ഘടകം മാംസ്യം അഥവാ പ്രോട്ടീനാണ്. കോശനിർമിതിക്കും ശരീരവളർച്ചയ്ക്കുമെല്ലാം പ്രോട്ടീൻ കൂടിയേ തീരൂ. സസ്യഭക്ഷണത്തിൽനിന്നും മാംസഭക്ഷണത്തിൽനിന്നും നമുക്കാവശ്യമായ പ്രോട്ടീനുകൾ ലഭിക്കുമെങ്കിലും മാംസയിനങ്ങളിൽ നിന്നാണ് കൂടുതൽ പ്രോട്ടീൻ ലഭിക്കുന്നത്. പയർ, പരിപ്പ്, കടല തുടങ്ങിയവയാണ് സസ്യപ്രോട്ടീൻ ജേതാക്കൾ. മത്സ്യം, മുട്ട, മാംസം തുടങ്ങിയവയാണ് സസ്യേതരപ്രോട്ടീൻ സ്രോതസ്സുകൾ.

കൊഴുപ്പ് അഥവാ ഫാറ്റ് ആണ് ഭക്ഷണത്തിലെ മൂന്നാമത്തെ പ്രധാന ഘടകം. ഭക്ഷണസാധനങ്ങൾക്ക് രുചി വർധിപ്പിക്കാൻ കൊഴുപ്പ് കൂടിയേ തീരൂ. കൂടാതെ ഊർജത്തിന്റെ ഉത്തമസ്രോതസ്സുകൂടിയാണ് കൊഴുപ്പ്. എണ്ണകൾ, നെയ്യ്, ഡാൽഡ തുടങ്ങിയവ സസ്യക്കൊഴുപ്പുകളും മാംസം, മത്സ്യം, മുട്ട തുടങ്ങിയവ മൃഗക്കൊഴുപ്പുകളുമാണ്.

ഈ മൂന്നു പ്രധാന ഘടകങ്ങൾ കൂടാതെ ബി വിറ്റാമിനുകൾ, ജീവകം എ, ഡി, ഇ, കെ തുടങ്ങിയവയും വിറ്റാമിനുകൾ, കാത്സ്യം, ഫോസ്ഫറസ്, അയൺ തുടങ്ങിയ ധാതുലവണങ്ങൾ, പഴങ്ങളിലും പച്ചക്കറികളിലും സുലഭമായി അടങ്ങിയിരിക്കുന്ന നാരുകൾ തുടങ്ങിയവയും നമ്മുടെ ഭക്ഷണത്തിലടങ്ങിയിരിക്കുന്ന മറ്റു പോഷകഘടകങ്ങളാണ്.

കൂട്ടുകാർക്ക് നന്നായി പഠിക്കുകയും പഠിച്ചത് നന്നായി ഓർമ നിൽക്കുകയും ചെയ്യണമെങ്കിൽ നല്ല ഭക്ഷണം കഴിക്കണം. നല്ല ഭക്ഷണമെന്നു പറഞ്ഞാൽ വിലകൂടിയ ഭക്ഷണമെന്നല്ല



വര: അരുണ ആലഞ്ചേരി

**നമ്മുടെ വീട്ടിലുണ്ടാക്കുന്ന ഭക്ഷണവിഭവങ്ങളൊക്കെ സമീകൃതവും രുചികരവുമാണ്. ഉദാഹരണത്തിന് രാവിലെ ബ്രേക്ക് ഫാസ്റ്റിന് ഉണ്ടാക്കുന്ന ഇഡ്ഡലിയും സാമ്പാറും. അല്ലെങ്കിൽ പുട്ടും കടലയും. അന്നജത്തിന്റെയും മാംസ്യത്തിന്റെയും ഉത്തമമിശ്രിതമാണ് ഇവ രണ്ടും.**

അർത്ഥം. നേരത്തേ പറഞ്ഞ എല്ലാ പോഷകങ്ങളും വേണ്ട അളവിൽ അടങ്ങിയ ഭക്ഷണമാണ് പോഷകസമ്പുഷ്ടമായ ഭക്ഷണം. കൂട്ടുകാരുടെ ശാരീരിക വളർച്ചയ്ക്കും ബുദ്ധിപരമായ വികാസത്തിനുമൊക്കെ നല്ല ഭക്ഷണം തന്നെയാണു മരുന്ന്.

നമ്മുടെ വീട്ടിലുണ്ടാക്കുന്ന ഭക്ഷണവിഭവങ്ങളൊക്കെ സമീകൃതവും രുചികരവുമാണ്. ഉദാഹരണത്തിന് രാവിലെ ബ്രേക്ക് ഫാസ്റ്റിന് ഉണ്ടാക്കുന്ന ഇഡ്ഡലിയും സാമ്പാറും. അല്ലെങ്കിൽ പുട്ടും കടലയും. അന്നജത്തിന്റെയും മാംസ്യത്തിന്റെയും ഉത്തമമിശ്രിതമാണ് ഇവരണ്ടും. ഒപ്പം എന്തെങ്കിലും കുറച്ചു പഴങ്ങൾ കൂടി കഴിച്ചാൽ ആവശ്യത്തിനുള്ള ജീവകങ്ങളും ഫൈബറുമെല്ലാം ലഭിക്കും. പക്ഷേ സമയമില്ലായെന്നു പറഞ്ഞു രാവിലെ ഒന്നും കഴിക്കാതെ സ്കൂളിലേക്ക് ഓടിയാൽ ഒരു ദിവസത്തെ ഏറ്റവും നല്ല ഭക്ഷണമാണ് നാം നഷ്ടമാക്കുന്നത്. രാവിലെ പതിനൊന്നു മണി കഴിയുമ്പോൾ സ്കൂളിൽവച്ച് അനുഭവപ്പെടുന്ന ക്ഷീണത്തിന്റെയും തളർച്ചയുടെയും കാരണങ്ങളും രാവിലെ പ്രാതൽ കഴിക്കാതെ പോകുന്നതാണ്.

ദിവസവും ഒരു ഗ്ലാസ് പാലെങ്കിലും കുടിക്കണം. എല്ലിന്റെയും പല്ലിന്റെയുമൊക്കെ വളർച്ചയ്ക്കാവശ്യമായ കരുത്തും പാലിൽ നിന്നു ലഭിക്കും. കൂടാതെ ചെറുമീനുകൾ മുള്ളോടെ കഴിക്കുന്നതും കാത്സ്യം ലഭിക്കുന്നതിനുള്ള മറ്റൊരു മാർഗമാണ്..

കൂട്ടുകാരുടെ ക്ഷീണത്തിനുള്ള മറ്റൊരു കാരണമാണ് രക്തത്തിന്റെ അളവ് കുറയുന്നതുമൂലമുണ്ടാകുന്ന വിളർച്ച. ഇരുമ്പ് ധാരാളമടങ്ങിയിട്ടുള്ള പച്ചക്കറികൾ, ഇലക്കറികൾ, ശർക്കര, ഈന്തപ്പഴം, ഉണക്കമുന്തിരി, മാംസാഹാരങ്ങൾ എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തിയാൽ വിളർച്ച ഒഴിവാക്കാം.

പലനിറങ്ങളിലുള്ള പഴവർഗങ്ങളും പച്ചക്കറികളുമൊക്കെ നമ്മുടെ ശരീരത്തിനാവശ്യമായ വിറ്റാമിനുകളുടെ ഉത്തമ സ്രോതസ്സുകളാണ്. ദിവസവും ഏതെങ്കിലുമൊരു നേരം ഭക്ഷണത്തിന്റെ കൂടെ ധാരാളം പഴവർഗങ്ങളും കഴിക്കാൻ ശ്രദ്ധിക്കണം. കൂടാതെ ഇവയിൽ സമൃദ്ധമായി അടങ്ങിയിരിക്കുന്ന നാരുകളും ശരീരത്തിനു നല്ലതാണ്.

നല്ല ഭക്ഷണം കൃത്യസമയങ്ങളിൽ തന്നെ കഴിക്കാനും ശ്രദ്ധിക്കണം. ഒരുനേരം പോലും ഭക്ഷണം കഴിക്കാതെയിരിക്കരുത്. ഭക്ഷണം കഴിക്കുമ്പോൾ ശ്രദ്ധയോടെ ഓരോ വിഭവവും മനസ്സിലാക്കി, രുചിയും മണവുമൊക്കെ ആസ്വദിച്ചുതന്നെ കഴിക്കണം. ടി വി കണ്ടും പുസ്തകം വായിച്ചും അശ്രദ്ധയോടെ എന്തെങ്കിലുമൊക്കെ വാരിവലിച്ചകത്താക്കിയാൽ ഭക്ഷണത്തിന്റെ ദഹനവും ആഗിരണവും സുഗമമായി നടക്കുകയില്ല.

ഒരുകാര്യം കൂടി പറയട്ടെ. ആരോഗ്യത്തിനു ഹാനികരമായ വറുത്ത ഭക്ഷണങ്ങളായ ജങ്ക്ഫുഡ്സ്, ബേക്കറി പലഹാരങ്ങൾ, കൃത്രിമ ശീതള പാനീയങ്ങൾ തുടങ്ങിയവ വേണ്ടായെന്നു പറയാനും കൂട്ടുകാർ തയ്യാറാകണം. പകരം കൊഴുക്കട്ടയും ഇലയടയും മോദകങ്ങളുമൊക്കെ ആസ്വദിച്ചു കഴിക്കാൻ നമുക്കു ശീലിക്കാം. നല്ല ഭക്ഷണം ശീലമാക്കാൻ തുടക്കമിടാം.

## കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു

തളിരിലേക്ക് കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു. സ്കൂളിലും നാട്ടിലും വീട്ടിലും നിങ്ങൾക്കുണ്ടായ രസകരങ്ങളായ അനുഭവങ്ങൾ, നിങ്ങളുടെ സ്കൂളിൽ നടന്ന വളരെ ശ്രദ്ധിക്കപ്പെടേണ്ട പ്രവർത്തനങ്ങൾ, കഥ, കവിത, ചെറുലേഖനങ്ങൾ, നിങ്ങൾ നടത്തിയ പരീക്ഷണങ്ങൾ എന്നിവയെല്ലാം തളിരിനയയ്ക്കാം. പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് ഉചിതമായ പ്രതിഫലമോ സമ്മാനങ്ങളോ നൽകുന്നതാണ്.

എഡിറ്റർ


ഫോട്ടോ: challiyan

# കേരളവും അഞ്ചലാപ്പീസും

**ഡോ. പി കെ ഭാഗ്യലക്ഷ്മി**

അഞ്ചൽ. അതായിരുന്നു കേരളത്തിലെ ആദ്യകാല തപാലിന്റെ പേര്. അന്നത്തെ തപാൽവിശേഷങ്ങൾ അടുത്തറിയാൻ ശ്രമിക്കാം.

കേരളത്തിലെ തപാലിന്റെ ചരിത്രം ഏറെ രസകരമാണ്. സർക്കാർ ആവശ്യങ്ങൾക്കു വേണ്ടി 1680 മുതൽ തപാൽ സർവീസ് ആരംഭിച്ചിരുന്നു എങ്കിലും അത് സാധാരണ ജനങ്ങൾക്ക് ലഭ്യമായിരുന്നില്ല. കേരളത്തിലെ ആദ്യകാല തപാൽസംവിധാനം അഞ്ചൽ എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. 1848 വരെ അഞ്ചൽ സംവിധാനം രാജാക്കന്മാർക്കു മാത്രമായിരുന്നു. 1857ൽ തിരുവിതാംകൂറിലെ ആദ്യത്തെ അഞ്ചലാപ്പീസ് ആരംഭിച്ചു. അങ്ങനെയാണ് അഞ്ചൽ വഴി ജനങ്ങൾക്കും കത്തയയ്ക്കാൻ പറ്റുന്ന രീതിയിലേക്ക് അഞ്ചൽവകുപ്പിനെ മാറ്റിയതും അഞ്ചൽവകുപ്പ് പരിഷ്ക്കരിച്ചതും. 1869 ആകുമ്പോഴേക്കും 'തപാൽ വള്ളങ്ങൾ' തപാൽ ഉരുപ്പടികൾ കൊണ്ടുപോകാനായി നിലവിൽവന്നു. പനയോലയിലായിരുന്നു അന്ന് വിവരങ്ങൾ കൈമാറിയിരുന്നത്.

അഞ്ചൽ എന്ന പദത്തിന് 'നാട്ടുതപാൽ' എന്നാണ് അന്നത്തെ അർത്ഥം. ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് സർക്കാരിൽ നിന്നും പണം, എഴുത്ത്, മറ്റു രേഖകൾ എന്നിവ എത്തിക്കാൻ വേണ്ടിയായിരുന്നു അഞ്ചൽ സർവ്വീസ് തുടങ്ങിയത്. അതിന്റെ നടത്തിപ്പു കാര്യാലയത്തിന് 'അഞ്ചലാപ്പീസ്' എന്നും, 'അഞ്ചൽപ്പുര' എന്നും അതിൽ ജോലി ചെയ്യുന്ന ആൾക്ക് അഞ്ചലോട്ടക്കാരനെന്നുമായിരുന്നു പേര്.

അഞ്ചലോട്ടക്കാരന് അന്ന് ആളുകളുടെ ഇടയിൽ വലിയ

### സന്ദേശവുമായി പറന്ന പ്രാവുകൾ

ആധുനിക തപാലൊക്കെ തുടങ്ങുന്നതിന് ഏറെ മുൻപ്, ബിസി 322ൽ ചന്ദ്രഗുപ്തമൗര്യന്റെ കാലത്ത് ഇന്ത്യയിൽ പ്രാവുകളെ സന്ദേശവാഹകരായി ഉപയോഗിച്ചിരുന്നു. കൗതുകമെന്തെന്നാൽ ഇന്ത്യയിൽ പ്രാവുകളെ ഉപയോഗിച്ചുള്ള ഔദ്യോഗികതപാൽ കൈമാറ്റം 2002വരെ നിലനിന്നിരുന്നത്രേ! ഒറീസയിലെ പോലീസ് ഡിപ്പാർട്ട്മെന്റായിരുന്നു ഇങ്ങനെ സന്ദേശങ്ങൾ കൈമാറിയിരുന്നത്!

### കത്തുകൾ

കേരളത്തിൽ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലം മുതലേ കത്തുകൾ നിലവിലുണ്ടായിരുന്നു. അന്ന് 'നീട്ട്, തിട്ടൂരം' എന്നൊക്കെയായിരുന്നു അറിയപ്പെട്ടിരുന്നത്. വെള്ളിക്കെട്ടും ശംഖുമുദ്രയും 'ശ്രീപത്മനാഭൻ തുണ' എന്ന് എഴുതിയിട്ടുള്ള വടികൾ കൈയിലേന്തിയിരുന്ന കുതിരക്കാരായിരുന്നു അന്നത്തെ തപാൽക്കാർ. സർക്കാർവക സാധനങ്ങളും കൊട്ടാരത്തിൽ നിന്നുള്ള രേഖകളും കച്ചേരികളിൽ എത്തിക്കാൻ വേണ്ടി രാജാവ് ദൂതരെ നിയമിച്ചിരുന്നു.

ബഹുമാനവും പദവിയുമൊക്കെയുണ്ടായിരുന്നു. ഒരു അഞ്ചൽദേശത്തുനിന്ന് മറ്റൊരു അഞ്ചൽ ദേശത്തിലേക്ക് അഞ്ചലുമായി ഓടിപ്പോകുന്ന അഞ്ചലോട്ടക്കാരന്റെ വേഷഭൂഷാദികളൊക്കെ വളരെ പ്രത്യേകതയും കൗതുകവുമാർന്നതായിരുന്നു. കത്തുകൾ നിറച്ച വലിയ തോൾസഞ്ചി, മണികെട്ടിയ അരപ്പട്ട, കൈയിൽ മണികെട്ടിയ മുദ്രയുള്ള ദണ്ഡ്. അഞ്ചലോട്ടക്കാരൻ വഴിയിലൂടെ ഓടുമ്പോൾ ദൂരെനിന്നേ മണികിലുങ്ങുന്നതു കേൾക്കാം. ആളുകൾ എതിരായി വന്നു ചേരാതെ വഴി മാറിക്കൊടുക്കണം എന്ന സൂചനയാണത്. അഞ്ചൽക്കാരന്റെ നേരെ ചെന്ന് ആരും വഴിമുടക്കരുതെന്നാണ് നിയമം. തുച്ഛമായ ശമ്പളമേ ഉള്ളൂ. എങ്കിലും എട്ടുമൈലോളം ഓടിക്കൊണ്ടിരിക്കണം. വിശ്രമമില്ലാത്ത ജോലിയിലെ ഏക ആശ്വാസം ആളുകൾ ആദരവോടെ അഞ്ചലോട്ടക്കാരനെ കാണുന്നു എന്നതാണ്. വഴിയിൽ വരുന്ന അക്രമികളിൽ നിന്നു രക്ഷപ്പെടാനാണത്രേ കൈയിലെ ദണ്ഡ്.



അഞ്ചൽ സ്റ്റാമ്പുകൾ

1889– ആകുമ്പോഴേക്കും ഏറെ പരിഷ്ക്കാരങ്ങൾ തപാൽ വകുപ്പിൽ വന്നു ചേർന്നു. അഞ്ചലോട്ടക്കാരനും അഞ്ചൽപ്പിള്ളയും പുതിയ നാമധേയത്തോടെ അഞ്ചൽ മാസ്റ്ററും മെയിൽ റണ്ണറുമായി രൂപം മാറിവന്നു. ആ കാലത്താണ് അഞ്ചൽ സ്റ്റാമ്പുകളും അഞ്ചൽ കാർഡുകളും നിലവിൽവന്നത്.

പച്ചനിറത്തിലുള്ള തപാൽ പെട്ടികളായിരുന്നു ആദ്യകാലത്ത് നിലവിലുണ്ടായിരുന്നത്. ഇവയ്ക്ക്‘അഞ്ചൽ പെട്ടികൾ’ എന്നായിരുന്നു പേര്. തിരുവിതാംകൂറിലും കൊച്ചിയിലും ഇത്തരം അഞ്ചൽപെട്ടികൾ ഉണ്ടായിരുന്നു.

ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധതയോടെ 1947–ൽ അതുവരെ കേരളത്തിൽ നിലനിന്നിരുന്ന തിരുവിതാംകൂർ കൊച്ചി അഞ്ചൽ സർവ്വീസ് ഇന്ത്യൻ പോസ്റ്റൽ ഡിപ്പാർട്ട്മെന്റിൽ ലയിച്ചു.



തിരുവിതാംകൂറിലെ അഞ്ചൽപ്പെട്ടി

# നളപാകം

എം എൻ കാരശ്ശേരി

നമ്മുടെ ഭാഷയിൽ 'നളപാകം' എന്നൊരു പ്രയോഗമുണ്ട്. മികച്ച പാചകം എന്ന അർഥത്തിലാണത്. നളൻ പാകം ചെയ്താലെന്നതു പോലെ രുചിയേറിയത് എന്ന്.

ആരാണീ നളൻ?

ആ പേരിൽ മൂന്നു വ്യക്തികൾ നമ്മുടെ പാരമ്പര്യകഥകളിലുണ്ട്. ഒന്നാമത്തെയാൾ നിഷധരാജ്യം ഭരിച്ച രാജാവാണ്. രണ്ടാമത്തെയാൾ മഹർഷി. മൂന്നാമത്തെയാൾ വാനരനും.

പാചകത്തിന്റെ പേരിൽ കേളി കേട്ടയാൾ രാജാവാണ്. ഇദ്ദേഹത്തെപ്പറ്റിയാണ് ഉണ്ണായിവാര്യർ പ്രശസ്തമായ നളചരിതം ആട്ടക്കഥ രചിച്ചത്. വ്യാകരണപടുവായ ഏ ആർ രാജരാജ വർമ അതിനു വ്യാഖ്യാനമെഴുതിയിട്ടുണ്ട്.

മഹാഭാരതത്തിലെ 'വനപർവ' ത്തിലാണ് നള



വര: അരുണ ആലഞ്ചേരി

ന്റെയും പ്രണയിനി ദമയന്തിയുടെയും കഥയുള്ളത്. ആ കഥയിലെ നായകന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട സന്ദർഭങ്ങളിൽ പാചകനൈപുണ്യം വഴിത്തിരിവാകുന്നുണ്ട്.

കഥ ചുരുക്കിപ്പറയാം.

നളനും വിദർഭരാജ്യത്തെ ഭീമരാജാവിന്റെ പുത്രി ദമയന്തിയും തമ്മിൽ കണ്ടുമുട്ടുംമുമ്പു തന്നെ അനുരക്തരായിരുന്നു. രൂപഗുണത്തെപ്പറ്റിയും ശീലഗുണത്തെപ്പറ്റിയും അന്യോന്യം കേട്ടറിഞ്ഞതിന്റെ ഫലം. സ്വയംവരപ്പന്തലിൽ അവർ ഒത്തുചേർന്നു സന്തോഷത്തോടെ കഴിഞ്ഞുവരുന്നതിനിടയിൽ അനുജനായ പുഷ്കരനുമായി ചൂതുകളിയിൽ തോറ്റ നളന് നിബന്ധനപ്രകാരം രാജ്യം നഷ്ടപ്പെട്ടു. ഏറെ വൈകാതെ ആ രാജാവ് വനവാസിയായിത്തീർന്നു. അവിടെയും ദമയന്തി അദ്ദേഹത്തെ പിന്തുടർന്നു. തന്റേടം നഷ്ടപ്പെട്ട രാജാവ് ഭാര്യയെ വനത്തിലുപേക്ഷിച്ച് കടന്നുകളഞ്ഞു. വഴിയാത്രക്കാർ, ചേദിരാജ്യത്തിലെത്തിച്ച ദമയന്തി അവിടത്തെ കൊട്ടാരത്തിലെ പരിചാരികയായി ജീവിച്ചുപോന്നു.

വനത്തിലൂടെ നടക്കുമ്പോൾ തീയിൽ നിന്ന് ഒരു പാമ്പിനെ നളൻ രക്ഷിച്ചു. ആ പാമ്പിന്റെ കടിയേറ്റ് അദ്ദേഹത്തിന് വൈരൂപ്യവും നിറഭേദവും വന്നുചേർന്നു. പിന്നെ അദ്ദേഹം അയോധ്യയിലെത്തി ഋതുപർണ രാജാവിന്റെ തേരാളിയായി ജീവിച്ചു. അപ്പോഴത്തെ പേര് ബാഹുകൻ എന്നായിരുന്നു.

**ബാഹുകൻ തയ്യാറാക്കിയ മാംസം അൽപ്പം കൊണ്ടുവരാൻ ദമയന്തി തോഴിയെ ഏർപ്പാടുചെയ്തു. അതു കഴിച്ചുനോക്കി ദമയന്തി ഉറപ്പിച്ചു. ഇത്ര രുചികരമായി പാചകം ചെയ്യാൻ നളനു മാത്രമേ സാധിക്കൂ. കോലത്തിനും നിറത്തിനും എത്ര വ്യത്യാസമുണ്ടെങ്കിലും ഈ തേരാളി മറ്റൊരാളല്ല. അങ്ങനെയാണ് ആ ദമ്പതികൾ പരസ്പരം വീണ്ടെടുത്തത്. നളമഹാരാജാവിന്റെ പാചകം ഇതിഹാസപ്രസിദ്ധി നേടുന്നത് സ്വാഭാവികം.**

ഭീമരാജാവ് നാനാദിക്കിലേക്കും അയച്ച അന്വേഷകസംഘത്തിലെ ചിലർ ചോദിരാജ്യത്തെത്തി ദമയന്തിയെ കണ്ടെടുത്തു. വിദർഭയിൽ മടങ്ങിയെത്തിയ അവൾ ഭർത്താവിനെ കണ്ടുപിടിക്കുന്ന പരിശ്രമങ്ങളിലേർപ്പെട്ടു. അങ്ങനെയാണ് അയോധ്യാരാജധാനിയിലെ തേരാളിയുടെ കാര്യം ശ്രദ്ധയിൽപ്പെട്ടത്. വിരൂപനെങ്കിലും ഒന്നാംതരം പാചകക്കാരനാണെന്ന് കേട്ടത് അവളിൽ പ്രതീക്ഷയുണർത്തി. അയാൾ ദമയന്തിയുടെ വിവരങ്ങൾ താത്പര്യത്തോടെ ചോദിച്ചറിഞ്ഞു എന്നു കേട്ടതും ആശ വളർത്തി.

സത്യം കണ്ടെത്താൻ വേണ്ടി ഒരു സൂത്രം പ്രയോഗിക്കാൻ വിദർഭയിൽ തീരുമാനമായി. ദമയന്തിയുടെ രണ്ടാം സ്വയംവരത്തിന് ഉടനെ വന്നെത്തണമെന്നു കാണിച്ച് അയോധ്യയിലെ ഋതുപർണന് സന്ദേശം പോയി. അദ്ദേഹം കൃത്യസമയത്തു തന്നെ എത്തി.

വിരൂപിയായ തേരാളിയുടെ അടുത്തേക്ക് ദമയന്തി തോഴിയെ അയച്ച് പലവിധ പരീക്ഷകൾ നടത്തി. അങ്ങനെ ആ തേരാളി തന്റെ ഭർത്താവു തന്നെ എന്ന് ദമയന്തി ഉറപ്പിച്ചു. അവസാനത്തേതും പ്രധാനപ്പെട്ടതുമായ പരീക്ഷണത്തിന്റെ കാര്യം പ്രധാനമാണ്.

ബാഹുകൻ തയ്യാറാക്കിയ മാംസം അൽപ്പം കൊണ്ടുവരാൻ ദമയന്തി തോഴിയെ ഏർപ്പാടുചെയ്തു. അതു കഴിച്ചുനോക്കി ദമയന്തി ഉറപ്പിച്ചു. ഇത്ര രുചികരമായി പാചകം ചെയ്യാൻ നളനു മാത്രമേ സാധിക്കൂ. കോലത്തിനും നിറത്തിനും എത്ര വ്യത്യാസമുണ്ടെങ്കിലും ഈ തേരാളി മറ്റൊരാളല്ല.

അങ്ങനെയാണ് ആ ദമ്പതികൾ പരസ്പരം വീണ്ടെടുത്തത്. നളമഹാരാജാവിന്റെ പാചകം ഇതിഹാസപ്രസിദ്ധി നേടുന്നത് സ്വാഭാവികം.

പാചകത്തെപ്പറ്റി നമ്മുടെ സമൂഹത്തിൽ പല വിധത്തിലുള്ള അബദ്ധധാരണകളുമുണ്ട്. അതൊരു തരംതാണ പണിയാണ് എന്നും സ്ത്രീകളാണ് അതു ചെയ്യേണ്ടത് എന്നും ഉള്ള സങ്കൽപ്പമാണ് പ്രധാനം.

സ്വാമി വിവേകാനന്ദൻ ഭക്ഷണപ്രിയനും പാചകക്കാരനുമായിരുന്നു. ഒരിക്കൽ അദ്ദേഹം ശിഷ്യനോടു കയർത്തു.

''മര്യാദയ്ക്കു അരി വയ്ക്കാനറിഞ്ഞുകൂടാത്തവൻ എങ്ങനെയാ സന്ന്യാസിയാകുന്നത്.''

# സംഗ്രാമധീര രവിവർമ

ഡോ. എം ജി ശശിഭൂഷൺ

**പ്രശസ്തരും പ്രഗത്ഭരുമായ പലരും വേണാട് ഭരിച്ചിരുന്നു. അവരിൽ പ്രമുഖ സ്ഥാനമാണ് രവിവർമ കുലശേഖരൻ (1266-1316) എന്ന രാജാവിന്. തോവാള (കന്യാകുമാരി) മുതൽ കന്നേറ്റി (കരുനാഗപ്പള്ളി) വരെയുള്ള ഭൂപ്രദേശം മാത്രമായിരുന്നു അന്നു വേണാട്. ആ വേണാടിന്റെ പ്രശസ്തി, രവിവർമ കുലശേഖരൻ കാഞ്ചീപുരംവരെ വ്യാപിപ്പിച്ചു. രവിവർമ കുലശേഖരൻ എന്ന സംഗ്രാമധീരനെക്കുറിച്ചാണ് ഇത്തവണത്തെ തിരുവിതാംകൂർ ചരിത്രത്തിൽ.**

ഉമാദേവി എന്ന വേണാടു രാജ്ഞിയുടെയും കളക്കാട്ടെ (തിരുനെൽവേലി) സാമന്തരാജാവായ ജയസിംഹന്റെയും മകനായിട്ടാണ് രവിവർമയുടെ ജനനം. അച്ഛന്റെ കാലശേഷം രവിവർമ ഭരണത്തിലേറി. രവിവർമ കുലശേഖരൻ എന്നാണ് പിന്നീട് അദ്ദേഹം അറിയപ്പെടുന്നത്. പാണ്ഡ്യൻ എന്നൊരു രാജാവിനെ തോൽപ്പിച്ചു കൊണ്ടായിരുന്നു രവിവർമ കുലശേഖരൻ തന്റെ ജൈത്രയാത്ര ആരംഭിച്ചത്. രവിവർമയുടെ ധീരതയിലും യുദ്ധതന്ത്രജ്ഞതയിലും ആകൃഷ്ടനായ അന്നത്തെ പാണ്ഡ്യരാജാവായ മാരവർമൻ കുലശേഖരൻ, തന്റെ മകളെ രവിവർമയ്ക്കു വിവാഹം കഴിച്ചു കൊടുത്തു.

മാരവർമൻ കുലശേഖരന്റെ മരണശേഷം അദ്ദേഹത്തിന്റെ മക്കളായ വീരപാണ്ഡ്യനും സുന്ദരപാണ്ഡ്യനും അധികാരത്തിനു വേണ്ടി കലഹിച്ചു തുടങ്ങി. മാരവർമന്റെ രണ്ടു റാണിമാരിലുള്ള മക്കളായിരുന്നു ഇവർ. മധുരയിലെ ഈ കലാപം, തെക്കേന്ത്യയെ ആക്രമിക്കാനുള്ള സമയമായാണ് അലാവുദ്ദീൻ ഖിൽജിയുടെ സൈന്യാധിപൻ മാലിക് കഫൂർ കണ്ടത്. മാലിക്കിന്റെ സൈന്യത്തെ നേരിടാൻ വീരപാണ്ഡ്യനും സുന്ദരപാണ്ഡ്യനും കഴിഞ്ഞില്ല. പ്രാദേശികരാജാക്കന്മാരെ സംഘടിപ്പിച്ച് ചെറുത്തുനിൽപ്പു നടത്താൻ രാജകുടുംബത്തിലെ വിവേകികളായ ചിലർ ശ്രമിച്ചു നോക്കി. തന്ത്രപ്രധാനമായ തോവാള മാലിക് കഫൂറിന്റെ സൈന്യത്തിൽ നിന്നു സംരക്ഷിക്കാനുള്ള ചുമതല രവിവർമ കുലശേഖരന്റെ അനിയൻ ആദിത്യവർമയ്ക്കാണു നൽകിയിരുന്നത്.

മധുര കൊള്ളയടിച്ച ശേഷം സ്വർണവും ആനകളും മറ്റുമായി മാലിക് കഫൂർ ഡൽഹിയിലേക്കു മടങ്ങി. അവശേഷിച്ച പാണ്ഡ്യരാജ കുടുംബാംഗങ്ങൾ പുതിയ രാജാവിനായി ആലോചന തുടങ്ങി. മാരവർമന്റെ മകളുടെ ഭർത്താവാണ് രവിവർമ. അങ്ങനെ ധീരനായ രവിവർമ കുലശേഖരൻ മധുരയിലെ രാജാവാകാൻ ക്ഷണിക്കപ്പെട്ടു. പക്ഷേ വീരപാണ്ഡ്യൻ അപ്പോഴും എതിരാളി ആയി. എന്നാൽ ആ ചെറുത്തുനിൽപ്പിന് ഫലമുണ്ടായില്ല. രവിവർമ വീരപാണ്ഡ്യനെ അനായാസം പരാജയപ്പെടുത്തി.

പുതിയ പദവി ഏറ്റെടുത്ത രവിവർമ കുലശേഖരൻ രാജ്യം വലുതാക്കാനുള്ള ശ്രമം തുടങ്ങി. കാഞ്ചീപുരം ചോളരുടെ പണ്ടത്തെ ആസ്ഥാനമാണ്. വാറങ്കലിലെ(ആന്ധ്ര) കാകതീയ രാജാക്കന്മാരുടെ ഒരു പ്രതിനിധിയാണ് അപ്പോൾ കാഞ്ചീപുരം ഭരിക്കുന്നത്. രവിവർമ അവിടേക്ക് സൈന്യവുമായി മുന്നേറി. 1312ൽ രവിവർമ കാഞ്ചീപുരം കീഴടക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രായം 46.

ചേരവും പാണ്ഡ്യവും ചോളവും ഒന്നിച്ചു ഭരിക്കുന്ന രാജാവ് ത്രിഭുവനചക്രവർത്തി എന്നാണ് അറിയപ്പെടുക. കാഞ്ചീപുരത്തുവച്ച് രവിവർമ ത്രീഭുവനചക്രവർത്തിയായി അഭിഷേകം നടത്തി. ധീരയോദ്ധാവ് എന്ന അർത്ഥമുള്ള സംഗ്രാമധീരൻ എന്ന ബിരുദവും രവിവർമയ്ക്ക് ഉണ്ടായിരുന്നു.

കാഞ്ചീപുരത്തു നേടിയ ഈ ഗംഭീരവിജയം ആഘോ

> തന്റെ പിതാവായ ജയസിംഹൻ ഭരിച്ചിരുന്ന കളക്കാട് വിപുലമാക്കി, താമ്രപർണിയാറിന്റെ പടിഞ്ഞാറെക്കരയിൽ ജയ സിംഹനാട് എന്ന പേരിൽ ഒരു പ്രത്യേക ദേശത്തിനു രൂപം കൊടുത്തതാണ് രവിവർമയുടെ രാഷ്ട്രീയ സംഭാവനകളിൽ പ്രധാനം. കളക്കാട് കേന്ദ്രമാക്കിയുള്ള ജയസിംഹനാട് (ദേശിങ്ങനാട്) ഭരിച്ചിരുന്നത് കൊല്ലത്തെ ഇളമുറരാജാക്കന്മാരായിരുന്നു. പത്മനാഭസ്വാമി ക്ഷേത്രത്തിനു വേണ്ടി തിരുനെൽവേലിയിലെ ഒരു ഗ്രാമം മുഴുവൻ രാജാവ് ദാനംചെയ്തിരുന്നു. കരുവേലംകുളം എന്നു പേരോടു കൂടിയ ഈ ഗ്രാമത്തിൽ ഒരു ശിവക്ഷേത്രവും ചെറിയൊരു പത്മനാഭസ്വാമിക്ഷേത്രവും ഇന്നുമുണ്ട്.

ഷിക്കാനായി രവിവർമ തിരുവനന്തപുരത്തു 'കാഞ്ചീപുരം കൊണ്ട തിരുമഠം' സ്ഥാപിച്ചു. കാഞ്ചീപുരം മഠം എന്ന പേരിലാണ് പിൽക്കാലത്ത് ഈ സ്ഥാപനം അറിഞ്ഞിരുന്നത്. കേരളത്തിനു പുറത്തു നിന്ന് പത്മനാഭസ്വാമിക്ഷേത്രത്തിൽ തീർത്ഥാടകരായി എത്തുന്ന രാജകീയ അതിഥികൾക്കു താത്കാലികമായി പാർക്കാനുള്ള സ്ഥലമായിരുന്നു കാഞ്ചീപുരം മഠം. ശ്രീപത്മനാഭന് നിത്യവും പാൽപ്പായസം നിവേദിക്കാനുള്ള ഏർപ്പാടുകളും മഠത്തിന്റെ ചുമതലയിൽ ആയിരുന്നു.

പിതാവായ ജയസിംഹൻ ഭരിച്ചിരുന്ന കളക്കാട് വിപുലമാക്കി, താമ്രപർണിയാറിന്റെ പടിഞ്ഞാറെക്കരയിൽ ജയസിംഹനാട് എന്ന പേരിൽ ഒരു പ്രത്യേക ദേശത്തിനു രൂപം കൊടുത്തതാണ് രവിവർമയുടെ രാഷ്ട്രീയസംഭാവനകളിൽ പ്രധാനം. കളക്കാട് കേന്ദ്രമാക്കിയുള്ള ജയസിംഹനാട് (ദേശിങ്ങനാട്) ഭരിച്ചിരുന്നത് കൊല്ലത്തെ ഇളമുറ രാജാക്കന്മാരായിരുന്നു.

പത്മനാഭസ്വാമി ക്ഷേത്രത്തിനു വേണ്ടി തിരുനെൽവേലിയിലെ ഒരു ഗ്രാമം മുഴുവൻ രാജാവ് ദാനം ചെയ്തിരുന്നു. കരുവേലം കുളം എന്നു പേരോടു കൂടിയ ഈ ഗ്രാമത്തിൽ ഒരു ശിവക്ഷേത്രവും ചെറിയൊരു പത്മനാഭസ്വാമി ക്ഷേത്രവും ഇന്നുമുണ്ട്.

ശ്രീരംഗം, കാഞ്ചീപുരം, തിരുവനന്തപുരം തുടങ്ങിയ ക്ഷേത്രങ്ങളെ കേന്ദ്രമാക്കി കലകളെയും തെന്നിന്ത്യൻ സംസ്കാരത്തെയും സംരക്ഷിക്കാനും അദ്ദേഹം ശ്രമിച്ചു. ശ്രീരംഗത്തെയും കാഞ്ചീപുരത്തെയും ക്ഷേത്രങ്ങളെ സേവിക്കാൻ സ്വന്തം പെൺമക്കളെയാണ് രാജാവ് അയച്ചത്. ആദ്യത്തെ മകൾ (ചേരകുലവല്ലി) ശ്രീരംഗത്ത് ദേവദാസി ആയിരുന്നു. രണ്ടാമത്തെ മകൾ (മലയാള നാച്ചിയാർ) കാഞ്ചീപുരത്തെ വരദരാജ പ്പെരുമാൾ ക്ഷേത്രത്തിലെ ദേവദാസിയും. കാഞ്ചീപുരത്തെയും ശ്രീരംഗത്തെയും മലയാള നാച്ചിയാർ നടകൾ രവിവർമ കുലശേഖരന്റെ പെൺമക്കളുടെ പേരിലുള്ള



വര: അരുണ അലഞ്ചേരി

ഇരുവരുടെയും ആലയങ്ങളാണ്. നിഷ്കളങ്കഭക്തിയെയും കുലീനജീവിതത്തെയും കുറിച്ച് തമിഴിൽ കഥകൾ പ്രചരിച്ചിരുന്നു.

തെക്കേ ഇന്ത്യയിലെ അതിപ്രശസ്തമായ നഗരമായി കൊല്ലം മാറിയത് രവിവർമയുടെ ഭരണകാലത്താണ്. ചൈനയുമായി അറബികൾ നടത്തിയ വ്യാപാരത്തിന്റെ ഇടത്താവളങ്ങളിൽ ഒന്നായിരുന്നു അന്നു കൊല്ലം. സിലോണുമായി (ശ്രീലങ്ക) കൊല്ലം നിരന്തരമായി വ്യാപാരത്തിൽ അക്കാലത്ത് ഏർപ്പെട്ടിരുന്നു.

ശ്രീരംഗം, പൂനമല്ലി, കാഞ്ചീപുരം തിരുവാടി, തിരുവനന്തപുരം (വലിയശാല) ക്ഷേത്രങ്ങളിൽ രവിവർമ കുലശേഖരന്റെ പ്രശസ്തികൾ എഴുതിവച്ചിട്ടുണ്ട്. ഇവിടെയെല്ലാം രവിവർമ കുലശേഖരന്റെ പ്രതിമകളും ഉണ്ടെന്നുവരാം. തമിഴ്നാട്ടിലെ ശ്രീമുഷ്ണം ക്ഷേത്രത്തിലാണ് രാജാവിന്റെ ബിരുദം രേഖപ്പെടുത്തിയ ഒരു പ്രതിമ കണ്ടെത്തിയിട്ടുള്ളത്.

രാജ്യതന്ത്രജ്ഞൻ മാത്രമായിരുന്നില്ല രവിവർമ. പ്രതിഭാശാലിയായ ഒരു കവിയും നാടകകൃത്തും കൂടിയായിരുന്നു. പത്മനാഭസ്വാമി ക്ഷേത്രത്തിലെ ഉത്സവത്തിൽ അവതരിപ്പിക്കാനായി അദ്ദേഹം എഴുതിയ നാടകമാണ് പ്രദ്യുമ്നാഭ്യുദയം. മൂന്നടിയോളം ഉയരമുള്ള ഒരു സ്വർണക്കലശവും രവിവർമ പത്മനാഭന് സമർപ്പിക്കുകയുണ്ടായി. അറുപത്തിനാലു കലകളിലും രവിവർമ കുലശേഖരനു പ്രാവീണ്യം ഉണ്ടായിരുന്നതായാണ് രാജസദസ്സിലെ കവികൾ പാടിപ്പുകഴ്ത്തിയിരുന്നത്.

കാകതീയ രാജവംശത്തിലെ രുദ്രാംബ റാണിയുടെ പടത്തലവനായ മുപ്പിടി നായ്ക്കൻ 1316-ൽ രവിവർമയുടെ സൈന്യത്തെ അപ്രതീക്ഷിതമായി കാഞ്ചീപുരത്തുവച്ചു തോൽപ്പിച്ചു. പരസ്പരം പോരാടിയിരുന്ന വീരപാണ്ഡ്യനും സുന്ദരപാണ്ഡ്യനും ഇതിനുമുൻപുതന്നെ ഒന്നിച്ചിരുന്നു. രവിവർമ കുലശേഖരൻ കൊല്ലത്തേക്കു മടങ്ങുന്നത് അതിനുശേഷമാണ്. ജയസിംഹനാടിന്റെ അധികാരം അപ്പോഴും രവിവർമയ്ക്കു തന്നെയായിരുന്നു. 1316-ലോ അതിനടുത്ത വർഷമോ കൊല്ലത്തുവച്ചായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.

തന്റേതായ ഒരു സാമ്രാജ്യം സ്ഥാപിക്കുകയായിരുന്നില്ല രവിവർമ കുലശേഖരന്റെ ലക്ഷ്യം. ഡൽഹിയിൽ നിന്നുള്ള വിദേശ മുസ്ലിം ആക്രമണകാരികളെ ഫലപ്രദമായി നേരിടാൻ പ്രാപ്തമായ ഒരു തെന്നിന്ത്യൻസംവിധാനം ഉണ്ടായിക്കാണാൻ രവിവർമ ആഗ്രഹിച്ചു. വേണാടിന്റെ നിലനിൽപ്പിനും ഇതാവശ്യമാണെന്ന് രവിവർമയ്ക്ക് അറിയാമായിരുന്നു.

അഞ്ചുശാഖകളായി ചിതറിപ്പോയിരുന്ന പാണ്ഡ്യന്മാരെ താത്കാലികമായെങ്കിലും ഒന്നിപ്പിക്കാൻ സംഗ്രാമധീരന്റെ പരിശ്രമങ്ങൾക്കു കഴിഞ്ഞു. ദക്ഷിണേന്ത്യാചരിത്രത്തിലെ ഒരു കൊള്ളിമീനായി രവിവർമ കുലശേഖരൻ ഓർക്കപ്പെടും.

## അറിയിപ്പ്

തളിര് മാസികയെകുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും അയച്ചു തരിക. കത്തയയ്ക്കുമ്പോൾ വാഴ്ത്തലുകൾ മാത്രമാകരുത്. സത്യസന്ധവും വ്യത്യസ്തങ്ങളുമായ അഭിപ്രായങ്ങളാണ് ഇതിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കുന്ന കത്തുകൾ പ്രസിദ്ധീകരിക്കുകയും അവയ്ക്കു സമ്മാനം നൽകുകയും ചെയ്യുന്നതാണ്.

**അയയ്ക്കേണ്ട വിലാസം**
**തളിര് മാസിക, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം-34 thalriu@ksicl.org**

# വെള്ളപ്പൊക്കം വന്നാൽ എന്തു ചെയ്യും?
# ഉത്തരമെഴുതൂ സമ്മാനം നേടൂ...



നാട്ടിൽ വെള്ളപ്പൊക്കം വന്നു. വീടിനുള്ളിലും വെള്ളം കയറി. വീടിന്റെ മുകളിൽ കയറിപ്പറ്റിയതിനാലാണ് അഖിലും റിയാസും രക്ഷപ്പെട്ടത്.

വെള്ളപ്പൊക്കം വന്നാൽ രക്ഷപ്പെടാനായി നമുക്ക് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കാൻ കഴിയും? എന്തെല്ലാം മുൻകരുതലുകളാണ് എടുക്കേണ്ടതെന്നു കാണിച്ച് കൂട്ടുകാർ അഖിലിനും റിയാസിനും കത്തെഴുതാമോ? പ്രായോഗികമായ നിർദ്ദേശങ്ങളുള്ള കത്തിന് സമ്മാനവുമുണ്ട് കേട്ടോ. കത്തിൽ നിങ്ങളുടെ സ്കൂൾ വിലാസവും പഠിക്കുന്ന ക്ലാസും രേഖപ്പെടുത്തിയിരിക്കണം.

കത്തെഴുതേണ്ട വിലാസം


കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി
പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം 33
ഇമെയിൽ keralasdma@gmail.com


പൊതുജന താത്പര്യാർത്ഥം പ്രസിദ്ധീകരിക്കുന്നത്.


കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം 33
ഫോൺ: 0471 -2331345, ഫാക്സ് 0471 -2333198 സ്റ്റേറ്റ് കൺട്രോൾ റൂം: 1070

വെബ്സൈറ്റ്: www.sdma.kerala.gov.in

# മഹാഭാരതം

സുഗതകുമാരി

# ഗോഗ്രഹണവും യുദ്ധവും



ക്രുദ്ധനായിവരുന്ന പാർത്ഥന്റെ മുമ്പിൽനിന്ന് ദുര്യോധനനെ അകറ്റുവാൻവേണ്ടി ഭീഷ്മർ ഇങ്ങനെ നിർദേശിച്ചു.

''ദുര്യോധനാ, പകുതിസൈന്യവും പശുക്കളുമായി നീ ഹസ്തിനപുരത്തേക്കു പൊയ്ക്കൊള്ളുക. ഞങ്ങൾ, ദ്രോണർ, കർണൻ, അശ്വത്ഥാമാവ്, കൃപാചാര്യർ എന്നിവർ അർജുനനോട് ഏറ്റുകൊള്ളാം.''

ദുര്യോധനനെ സമ്മതിപ്പിച്ച് മടക്കിയയച്ചിട്ട് ഭീഷ്മദ്രോണകർണാദികൾ വ്യൂഹം ചമച്ച് തയ്യാറെടുത്തു നിൽപ്പായി.

അകലെ രഥചക്രങ്ങൾ ഉരുളുന്നതും കടുത്ത ഞാണൊലിയും കേൾക്കാറായി. ദ്രോണർ പറഞ്ഞു.

''അതാ അർജുനന്റെ കൊടി പറക്കുന്നതു ദൂരത്തു കാണുന്നു! അതാ തേരൊലി കേൾക്കുന്നു! അതാ ഇടിപൊട്ടുംപോലെ മുഴങ്ങുന്നത് ഗാണ്ഡീവത്തിന്റെ ഞാണൊലി തന്നെ. ഇതാ രണ്ട് അമ്പുകൾ എന്റെ കാൽക്കൽ വന്നു വീഴുന്നു! ഇതാ വേറെ രണ്ടമ്പുകൾ എന്റെ ചെവികൾ തൊട്ടു കടന്നുപോയി! അർജുനൻ, എന്റെ ശിഷ്യൻ, എന്നെ പ്രണമിച്ചിരിക്കുന്നു. കാതിൽ അഭിവാദ്യം ചൊല്ലുകയും ചെയ്തിരിക്കുന്നു. അതാ അഗ്നിപോലെ വിളങ്ങിക്കൊണ്ട് ശ്രീമാനും ബുദ്ധിമാനും മഹാവീരനുമായ വിജയൻ വരുന്നതു കാണുക! ഹാ! രഥം, കൈയുറ, ആവനാഴി, ശംഖ്, കൊടി, കവചം, കിരീടം, വാൾ, വില്ല്, ഇവയെല്ലാമായി എല്ലാം തികഞ്ഞൊരു രാജകീയവരവാണ് നാം കാണുന്നത്.''

എന്നാൽ അർജുനൻ ഉത്തരനോട് നിർദേശിച്ചത് ഇങ്ങനെയാണ്,

''ഉത്തരാ, ഭീഷ്മപിതാമഹനും ആചാര്യന്മാരും കർണനുമെല്ലാം അതാ നിരന്നു നിൽക്കുന്നുണ്ട്. പക്ഷേ ദുര്യോധനനെവിടെ! അവൻ പശുക്കളെയുംകൊണ്ട് മറുവഴിക്കുകൂടെ കടന്നുകളഞ്ഞിരിക്കുന്നു. ആ വഴിക്കു പോകാം നമുക്കും!''

അർജുനന്റെ തേരു തിരിയുന്നതും ദുര്യോധനൻ പോയവഴിക്കു പായുന്നതും കണ്ട് കൃപാചാര്യൻ പറഞ്ഞു.

''നോക്കൂ, രാജാവില്ലാതെ നമ്മോടു പൊരുതാൻ പാർഥൻ ഇച്ഛിക്കുന്നില്ല. അവൻ ദുര്യോധനനെ പിന്തുടരുകയാണ്. എന്തിനാണു നമുക്കു പശുക്കൂട്ടം! ദുര്യോധനൻ ഇപ്പോൾ അർജുനന്റെ മുമ്പിൽ തകർന്നു പോകും. നമുക്കും അവരെ പിന്തുടർന്നു ചെല്ലാം.''

കൗരവപ്പട എത്തുംമുമ്പ് പാർത്ഥന്റെ തേര് ദുര്യോധനസമീപമെത്തി. പിൻതുടരുന്ന സൈന്യത്തെ ശരവർഷംകൊണ്ടു തടഞ്ഞു നിർത്തിക്കൊണ്ടും ഉച്ചത്തിൽ ശംഖനാദം ചെയ്തും അർജുനൻ മുന്നോട്ടടുത്തപ്പോൾ സൈനികർ പശുക്കളെ വിട്ടയച്ചു. അവയെല്ലാം വിരണ്ട് വാൽപൊക്കി ഓടിത്തുടങ്ങി. അവയെ രാജധാനിയുടെ നേർക്ക് ഓടിച്ചുവിട്ടിട്ട് പാർത്ഥൻ കൗരവരോടേറ്റു.

''ഉത്തരാ, അതാണു കർണൻ; അവന്റെ നേർക്കു തേരു തെളിക്കുക.'' എന്ന ആജ്ഞ കേട്ട് പാർത്ഥരഥം കർണന്റെ നേർക്ക് കുതിച്ചെത്തി. സിംഹങ്ങൾ തമ്മിൽ പൊരുതുന്നപോലെ അവർ പൊരുതി. യുദ്ധം ഭീകരമായിത്തീർന്നു. കർണന്റെ ചുറ്റും നിന്ന കർണസോദരന്മാർ ഒന്നൊന്നായി അർജുനാസ്ത്രങ്ങളേറ്റു നിലംപതിച്ചു. ക്രോധത്തോടെ കർണൻ ഇടവിടാതെ അമ്പുകളെയ്ത് പാർത്ഥനെ തടഞ്ഞുനിർത്താൻ ശ്രമിച്ചുവെങ്കിലും പാമ്പിനെക്കണ്ട ഗരുഡനെപ്പോലെ അർജുനൻ പാഞ്ഞെത്തി. പരസ്പരം ശരവർഷം ചൊരിയുന്ന ആ മഹാവീരന്മാ



വര: ജയേന്ദ്രൻ

രുടെ കൈവേഗവും രഥവേഗവും അസ്ത്രപാടവവും കണ്ട് എല്ലാംമറന്ന് കൗരവന്മാർ ആ യുദ്ധം കണ്ടുകൊണ്ടു നിന്നുപോയി. അർജുനൻ ശരങ്ങൾകൊണ്ടു യുദ്ധക്കളം മുഴുവൻ മറച്ചു. കുതിരപ്പടയും ആനകളും ഭീഷ്മദ്രോണാദികളുമെല്ലാം അമ്പിൻമറയിൽ അദൃശ്യരായി. കർണനാകട്ടെ അഗ്നിപോലെ എരിഞ്ഞുകൊണ്ട് അർജുനാസ്ത്രങ്ങളെ തടുത്തു തകർത്തു. ശംഖനാദവും ഭേരികളും ആർപ്പുവിളികളും ജയഘോഷങ്ങളും കൊണ്ട് യുദ്ധക്കളം മുഖരിതമായി- കൗരവസേന കർണനെ ഉത്സാഹിപ്പിച്ചു ജയാഘോഷം മുഴക്കുന്നതിനിടയിൽ അതാ ഒരട്ടഹാസം ഉയർന്നു കേൾക്കായി. പാർത്ഥന്റെ കൊടിമരത്തിൽ ചിഹ്നരൂപിയായി ഇരുന്നരുളുന്ന ശ്രീഹനുമാന്റെ ഗർജനമാണത്. ഗാണ്ഡീവം ഇടിയൊച്ചപോലെ ഞാണൊലി മുഴക്കി. കൂർത്തശരങ്ങൾ മിന്നൽപോലെ പ്രയോഗിച്ച് പാർത്ഥൻ കർണന്റെ മെയ്യാകെ മുറിവേൽപ്പിച്ചു. വില്ലുകുലച്ചു ചെവിയോളം വലിച്ച് എയ്തുവിട്ട ഉഗ്രബാണങ്ങളാൽ, ശരീരമാകെ ചോരയിൽ കുളിച്ച് അവശനായി, പോരിൽനിന്നു മടങ്ങുന്ന ആനത്തലവനെപ്പോലെ കർണൻ പടക്കളത്തിൽനിന്നു മാറിപ്പോയി.

കർണൻ തോറ്റു പിന്മാറിയപ്പോൾ ദുര്യോധനാദികൾ വ്യൂഹം ചമച്ച് പാർത്ഥനെ ചുഴന്നു യുദ്ധം ചെയ്തുതുടങ്ങി. അർജുനൻ പറഞ്ഞു.

''ഉത്തരാ, ആ പൊൻപനയുടെ ചിഹ്നമുള്ള കൊടി ഭീഷ്മപിതാമഹന്റേതാണ്. അങ്ങോട്ടേക്കു തേരു തെളിക്കുക.''

ഉത്തരൻ വിവശനായി പറഞ്ഞു.

''മഹാവീരാ, എനിക്കിനി തേരുതെളിക്കാൻ വയ്യ, എന്തൊരു ഭയങ്കരയുദ്ധമാണിത്! ദിവ്യാസ്ത്രവർഷംകണ്ട് എനിക്കു തലചുറ്റുന്നു. പടക്കളത്തിലെങ്ങും ചോരയാണ്. ആ ഗന്ധമേറ്റ് ഞാൻ തളർന്നുപോകുന്നു. ഗദാഘാതങ്ങളും ഞാണൊലികളും സിംഹനാദങ്ങളും ശംഖനാദങ്ങളും കേട്ടുകേട്ട് എന്റെ ചെവികൾ അടഞ്ഞുപോയി.വീരപാർത്ഥാ, ക്രുദ്ധനായ പരമശിവനെപ്പോലെ അങ്ങ് ഗാണ്ഡീവമെടുത്ത് അമ്പുകളയയ്ക്കുമ്പോൾ തീക്കൊള്ളി ചുറ്റുംപോലെ അഗ്നിവലയങ്ങൾ കണ്ട് ഞാൻ സംഭ്രാന്തനാകുന്നു- നോക്കൂ, കടിഞ്ഞാൺ പിടിക്കാനാവാതെ എന്റെ കൈകൾ തളരുന്നു.''

പാർത്ഥൻ ചിരിച്ചുകൊണ്ട് ഉത്തരനെ ആശ്വസിപ്പിച്ചു.

''രാജകുമാരാ, നീ മത്സ്യരാജപുത്രനാണ്. ഭയപ്പെടരുത്. വീരക്ഷത്രിയനാണു നീയെന്നോർക്കുക. ഞാൻ കൗരവപ്പടയെ മുടിക്കുന്നതു കണ്ടുകൊള്ളുക.''

തേര് ഭീഷ്മരുടെ നേർക്കടുക്കുന്നതു കണ്ട് ദുശ്ശാസനാദികൾ പാഞ്ഞെത്തി ചെറുത്തു. അർജുനാസ്ത്രമേറ്റ് ഭീഷ്മരുടെ പൊൻപനയണിക്കൊടി മുറിഞ്ഞുവീണു. അർജുനനെ ചുറ്റിവളഞ്ഞ് അവർ അസ്ത്രവർഷം തുടങ്ങി. ദുശ്ശാസനന്റെ കത്തിയമ്പുകളിലൊന്ന് ഉത്തരന്റെ മെയ്യിൽ തറച്ചു. മറ്റൊന്ന്

അർജുനന്റെ വിരിമാറത്തും. ക്രോധത്തോടെ അർജുനൻ തിരിഞ്ഞുനിന്ന് അവന്റെ പൊന്നു കെട്ടിച്ച വില്ല് തന്റെ കഴുകൻതൂവൽ വെച്ച അമ്പിനാൽ മുറിച്ചെറിഞ്ഞു. അഞ്ചമ്പു ദുശ്ശാസനന്റെ ദേഹത്തേറ്റു. ചുറ്റും നിന്ന ദുശ്ശാസനസോദരർ കൂർത്തുമൂർത്ത ബാണങ്ങളേറ്റു വിവശരായി തിരിഞ്ഞോടി. പടക്കളത്തിൽ ഘോഷം മുഴങ്ങി. ഭേരിയും ശംഖവും പടയാളികളുടെ അലർച്ചകളും മുറവിളികളും ആന കുതിരകളുടെ പേടിച്ച വിളികളും നിൽക്കാതെ കേൾക്കായി. പോർക്കളത്തിൽ ശവങ്ങൾ ചിതറിക്കിടന്നു. ദ്രോണരും കൃപരുമൊന്നിച്ച് പാർത്ഥനെ എതിർത്തുവെങ്കിലും ഉഗ്രസൂര്യൻ കിരണങ്ങൾ വർഷിക്കുംപോലെ ഇടവിടാതെ വന്നുതറയ്ക്കുന്ന അർജുനാസ്ത്രങ്ങളേറ്റ് അവരും പിന്തിരിഞ്ഞു. ഇക്കാഴ്ചകണ്ട് ഭീഷ്മർ തന്റെ മഹാസായകമെടുത്ത് പാർത്ഥന്റെ കൊടിമരം അറുക്കാൻ ശ്രമിച്ചു. അമ്പുകൾ കൊടിമരത്തിലെ വാനരനാഥനിൽ തറയ്ക്കുന്നതുകണ്ട് പാർത്ഥൻ ഭീഷ്മരുടെ വെൺകൊറ്റക്കുട അറുത്തിട്ടു. ഭീഷ്മസൂതനെയും അശ്വങ്ങളെയും അമ്പുകളാൽ തളർത്തി. ഭീഷ്മർ ദിവ്യാസ്ത്രപ്രയോഗം തുടങ്ങി. പാർത്ഥനും ദിവ്യാസ്ത്രങ്ങളാൽ അവയെ തടുത്തു. ആകാശത്ത് വെളുത്ത അരയന്നങ്ങൾപോലെ പാർത്ഥബാണങ്ങൾ തെളിയുകയായി. ഭീഷ്മരും അർക്കതേജസ്സോടെ പൗത്രനെ നേരിട്ടു പൊരുതി. ഇരുവരുടെയും അസ്ത്രപ്രഭാവം കണ്ട് കണ്ണുമങ്ങി നിന്നുപോയീ മറ്റുള്ളവർ.

ആകാശത്തുനിന്നും പുഷ്പവൃഷ്ടിയുണ്ടായി. പാർത്ഥന്റെ ഇടതുഭാഗത്തേക്ക് അമ്പെയ്തു തറപ്പിച്ച ഭീഷ്മരെനോക്കി ചിരിച്ചുകൊണ്ട് അർജുനൻ അദ്ദേഹത്തിന്റെ പൊന്നുകെട്ടിയ മഹാചാപം മുറിച്ചെറിഞ്ഞു. ആ മാറിടത്തിൽ പത്ത് അമ്പുകൾ എയ്തു മുറിവേൽപ്പിച്ചു. ആർത്തനായ ഭീഷ്മർ രഥത്തിന്റെ തൂണിൽപിടിച്ച് തളർന്നു ബോധമറ്റു നിന്നുപോയി. അതുകണ്ട ഭീഷ്മസൂതൻ തേര് തിരിച്ചോടിച്ച് യുദ്ധക്കളം വിട്ടകന്നു. എന്നാൽ ഇക്കാഴ്ച കണ്ട ദുര്യോധനൻ അലറിക്കൊണ്ട് പാർത്ഥനോടടുത്തു. ആ മഹാസ്ത്രങ്ങൾ തടുക്കാനാവാതെ മെയ്യാകെ ചോരയൊലിപ്പിച്ചുകൊണ്ട് ദുര്യോധനനും യുദ്ധക്കളത്തിൽ നിന്നു പിൻതിരിഞ്ഞു.

''ഹേ, ഹേ ധാർത്തരാഷ്ട്രാ, ദുര്യോധനാ, നിന്റെ പേര് അർഥമില്ലാത്തതാക്കുന്നതെന്ത്! ജീവനിൽ കൊതിപൂണ്ട് ഓടിപ്പോകുന്നതെന്തുകൊണ്ട്? ക്ഷത്രിയനായ നീ പിന്മടങ്ങുന്നുവോ? എന്നെ നോക്കൂ, ഞാൻ അർജുനൻ, തൃതീയ പാണ്ഡവൻ, പ്രഭുവായ യുധിഷ്ഠിരന്റെ ആജ്ഞ പാലിക്കുന്നവൻ, എന്നെ മനസ്സിലായോ നിനക്ക്? എന്നിൽനിന്ന് പ്രാണൻ കാക്കാനാണോ നീ ഓടുന്നത്!''

**ഹേ, ഹേ ധാർത്തരാഷ്ട്രാ, ദുര്യോധനാ, നിന്റെ പേര് അർഥമില്ലാത്തതാക്കുന്നതെന്ത്! ജീവനിൽ കൊതിപൂണ്ട് ഓടിപ്പോകുന്നതെന്തുകൊണ്ട്? ക്ഷത്രിയനായ നീ പിന്മടങ്ങുന്നുവോ? എന്നെ നോക്കൂ, ഞാൻ അർജുനൻ, തൃതീയ പാണ്ഡവൻ, പ്രഭുവായ യുധിഷ്ഠിരന്റെ ആജ്ഞ പാലിക്കുന്നവൻ, എന്നെ മനസ്സിലായോ നിനക്ക്? എന്നിൽനിന്ന് പ്രാണൻ കാക്കാനാണോ നീ ഓടുന്നത്!**

പാർത്ഥന്റെ ഈ പരിഹാസംകേട്ട് വാലിൽ ചവിട്ടേറ്റ പാമ്പിനെപ്പോലെ ദുര്യോധനൻ തിരിഞ്ഞുനിന്നു. ദുര്യോധനനെ കാക്കാൻ മുറിവേറ്റിട്ടും കർണൻ പാഞ്ഞെത്തി. ദ്രോണരും ഭീഷ്മരും കൃപരും ദുശ്ശാസനനുമെല്ലാം വീണ്ടും തേരേറി ആയുധങ്ങളുയർത്തി കൂട്ടമായി അർജുനനെ നേരിട്ടു. അവർ തൂകുന്ന കൂരമ്പുകളെയെല്ലാം മുറിച്ചൊഴിച്ചിട്ട് അർജുനൻ ദിവ്യമായ സമ്മോഹനാസ്ത്രം പ്രയോഗിക്കുകയായി. അതോടൊപ്പം ഇടിനാദംപോലുള്ള ഗാണ്ഡീവധ്വനിയാലും കടുക്കുന്ന ശംഖനാദത്താലും അവരെ നടുക്കി. സമ്മോഹനാസ്ത്ര പ്രഭാവത്താൽ മഹാശക്തരായ കൗരവന്മാരെല്ലാവരും ബോധംവെടിഞ്ഞു മയങ്ങി നിൽപ്പായി. ആ നിൽപ്പു കണ്ടു ചിരിച്ചുകൊണ്ട് പാർത്ഥൻ ഉത്തരനോടു പറഞ്ഞു.

''ചെല്ലൂ, അവരുടെ പട്ടുത്തരീയങ്ങൾ എടുത്തുകൊണ്ടു വരൂ. അന്തപ്പുരസ്ത്രീകൾക്കു വാക്കുകൊടുത്തതല്ലേ നാം? ദ്രോണാചാര്യന്റെ വെളുത്ത പട്ടുത്തരീയം, കർണന്റെ മഞ്ഞപ്പട്ടുത്തരീയം, ദുര്യോധനന്റെ നീലപ്പട്ട് എല്ലാം എടുത്തു കൊൾക. പിതാമഹന്റെ തേരിനെ ഒഴിഞ്ഞുവേണം പോകുവാൻ. അദ്ദേഹം അസ്ത്രശക്തിയാൽ മോഹിതനാവുകയില്ല. മറ്റുള്ളവരുടെയെല്ലാം വിശിഷ്ടങ്ങളായ ഉത്തരീയങ്ങൾ ശേഖരിച്ചു കൊള്ളുക.''

ഉത്തരൻ ഉത്സാഹത്തോടെ അതുചെയ്തു. ഭീഷ്മർ അസ്ത്രങ്ങളെയ്തു തടയാൻ ശ്രമിച്ചെങ്കിലും പത്തമ്പുകൾ അയച്ച് ഭീഷ്മരുടെ അശ്വങ്ങളെ കൊന്നു വീഴ്ത്തിയിട്ട് തേർക്കൂട്ടം വിട്ട് വിജയിയായ പാർത്ഥൻ മേഘം പിളർന്നു പോകുന്ന സൂര്യനെപ്പോലെ അകന്നുപോയി.

ബോധം വീണ്ടുകിട്ടിയ ദുര്യോധനാദികൾ കൺമിഴിക്കവേ അകലെ തേരിൽ സൂര്യനെപ്പോലെ ശോഭിക്കുന്ന പാർത്ഥനെക്കണ്ട് 'അവനെ വിടരുത്, എയ്തു വീഴ്ത്തുവിൻ.' എന്ന് ആക്രോശിച്ചു. ഭീഷ്മർ ചിരിച്ചു.

"അമ്പും വില്ലും താഴെവീണ് ബോധം കെട്ടുനിന്ന നിങ്ങളെ അവൻ കൊല്ലാതെ വിട്ടുവല്ലോ.അർജുനൻ ഹീനകർമം ചെയ്യുകയില്ല. മതി യുദ്ധം! പശുക്കളെ അവർ കൊണ്ടുപൊയ്ക്കഴിഞ്ഞു. മടങ്ങിപ്പോകുവിൻ."

ഭീഷ്മരുടെ ആജ്ഞകേട്ടും അഗ്നി പോലെ ജ്വലിക്കുന്ന വിജയനെക്കണ്ടും മനംമങ്ങി പിൻമാറുവാൻ തുടങ്ങുന്ന കൗരവരെക്കണ്ട് അർജുനനും ഉത്തരനും രസിച്ചുനിന്നു. ഭീഷ്മപിതാമഹനെയും ദ്രോണാചാര്യരെയും അർജുനൻ അകലെനിന്നു പ്രണമിച്ചു. കൃപരെയും അശ്വത്ഥാമാവിനെയും അമ്പുകളാൽ അഭിവാദ്യം ചെയ്തു. ദുര്യോധനന്റെ രത്നകിരീടം അമ്പെയ്തു ദൂരെ തെറിപ്പിച്ചു. ഇങ്ങനെ അവരോടെല്ലാം യാത്രചൊല്ലി ഗാണ്ഡീവഘോഷം മുഴക്കിക്കൊണ്ടും ദേവദത്തമെന്ന ശംഖിന്റെ ഗംഭീരധ്വനിയുയർത്തിക്കൊണ്ടും പൊന്മാല തൂങ്ങുന്ന കൊടി പറത്തിക്കൊണ്ടും വിജയിയായ ആ വിശ്വവീരൻ വിരാടരാജധാനിയിലേക്ക് കുതിരകളെ തിരിച്ചു പായിച്ചു. *(തുടരും)*

## തളിരിലേക്ക് മുതിർന്ന എഴുത്തുകാരുടെ രചനകൾ ക്ഷണിക്കുന്നു

തളിര് മാസികയിലേക്ക് രചനകൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, കാർട്ടൂൺ, ചിത്രകഥ തുടങ്ങി ഏതു രചനാസങ്കേതവും ആകാം. പത്തു വയസ്സിനും പതിനെട്ടുവയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്കുതകുന്നതായിരിക്കണം രചന. തളിര് മാസികയുടെ 5 പേജിൽ കവിയാത്തവയായാവണം രചനകൾ.

എഡിറ്റർ


## ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ പുസ്തകങ്ങൾ

**അപ്പൂന്റെ ഘടികാരം**
കെ പി മുരളീധരൻ
180രൂപ

**തൈ നടാനും ചില കാരണങ്ങൾ**
വെങ്കി
130രൂപ

**ഒളിക്കാൻ ഒരിടം**
ടി ആർ രാജേഷ്
110രൂപ

**എവിടെ എന്റെ ഡിപ്പി**
രാജീവ് എൻ ടി
100രൂപ

**കത്തിരിക്കക്കഥകൾ**
ജി എസ് ഉണ്ണികൃഷ്ണൻ നായർ
75രൂപ

**നെല്ലിക്ക**
രാധാകൃഷ്ണൻ എടച്ചേരി
40രൂപ

**ജി ശങ്കരക്കുറുപ്പ്**
ആര്യനാട് സനൽകുമാർ
100രൂപ

**ലണ്ടൻ യാത്ര**
കുസുമം പുന്നപ്ര
35രൂപ

**മീരയും കൂട്ടുകാരും**
ജോസാന്റണി കുരീപ്പുഴ
85രൂപ

പുസ്തകങ്ങൾ തിരുവനന്തപുരം പാളയം സംസ്കൃതകോളേജ് കാമ്പസിലെ പുസ്തകശാലയിൽ ലഭ്യമാണ്. ഡിഡി/മണിയോർഡർ ആയി പണമയച്ചാൽ കൊറിയറിലും പുസ്തകം ലഭിക്കും. വിശദവിവരത്തിന് എഴുതുക.

സെയിൽസ് വിഭാഗം
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്
തിരുവനന്തപുരം 34 ഫോൺ: 0471 2327276

email: sales@ksicl.org

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

**ആർഷ ജയദീപ്**
**ക്ലാസ് +1,**
**ജി എച്ച് എസ് എസ് മണത്തണ, കണ്ണൂർ**







വര: അരുണ ആലഞ്ചേരി

സുഗതകുമാരി ടീച്ചർ ഞങ്ങൾക്കായെഴുതുന്ന മുൻമൊഴി വായിച്ചു.

മുൻമൊഴിയുടെ തലക്കെട്ട് 'ഒരമ്മയുടെ പ്രഭാതം' എന്നായിരുന്നു. തലക്കെട്ട് വായിച്ച ഉടനെ എനിക്ക് എന്റെ എത്രയും പ്രിയപ്പെട്ട അമ്മയെയാണ് ഓർമവന്നത്.

കോടിക്കണക്കിനു അമ്മമാരുടെ പ്രഭാതം ഇന്നും ഇങ്ങനെയൊക്കെത്തന്നെയാണ്. അതിനു മാറ്റം വരണം എന്നതാണ് എന്റെ അഭിപ്രായം. എല്ലാം ചെയ്യാൻ ബാധ്യസ്ഥരല്ല ഓരോ അമ്മമാരും. അവർക്കും അവരുടേതായ മാനുഷികാവകാശങ്ങൾ ഉണ്ട്. നേരം പുലരുംമുൻപ് എഴുന്നേൽക്കുകയും നേരം എത്ര ഇരുട്ടിയാലും ഉറങ്ങാൻ കിടക്കാതിരിക്കുന്ന അമ്മമാരുടെ ലോകം പാടെ മാറണം. ഒരു വീട്ടിലെ അംഗങ്ങളെല്ലാം

മനസ്സുവച്ചാൽ ആ വീട്ടിലെ ജോലികൾ നിഷ്പ്രയാസം കൃത്യസമയത്തു തീർക്കാം. എന്നാൽ ആരും അതിനു മുതിരുന്നില്ല എന്നതാണു സത്യം.

പുതുതലമുറയിലെ യുവാക്കൾ ഓർക്കുക. താനും ഒരിക്കൽ ഒരമ്മയാകും അച്ഛനാകും എന്ന്. തനിക്കും ഒരുപാട് ഉത്തരവാദിത്വങ്ങൾ ഏൽക്കേണ്ടതായി വരുമെന്ന്. പുരുഷാധിപത്യത്തിൽ നിന്നും സ്വതന്ത്രയായ ഒരു സ്ത്രീക്ക് താൻ ആഗ്രഹിക്കുന്നത് ചെയ്യാനുള്ള അവകാശം ഭരണഘടന ഉറപ്പ് നൽകിയിട്ടുണ്ട്.

മുൻമൊഴിയിൽക്കണ്ട അമ്മ സമൂഹത്തിനാവശ്യമില്ല. അമ്മ എന്ന വാക്കിനർത്ഥം നമുക്കെല്ലാം അറിയാവുന്നതാണ്. സ്നേഹവും വാത്സല്യവും കരുണയും നിറഞ്ഞ ഭൂമിയിലെ മാലാഖമാരാണ് ഓരോ അമ്മയും.

**അനന്തുകൃഷ്ണൻ,**
**ക്ലാസ്സ് 4, ഗവ. എൽ പി എസ്,**
**മിയ്യണ്ണൂർ, കൊല്ലം**



പ്രിയ ടീച്ചർക്ക്,

ടീച്ചറിന്റെ മുൻമൊഴി ഞാൻ വായിച്ചു. ഇതു വായിച്ചപ്പോൾ എനിക്ക് ഓർമവന്നത് എന്റെ അമ്മ പറഞ്ഞു തന്നിട്ടുള്ള അമ്മയുടെ കുട്ടിക്കാലമാണ്. എന്റെ ഓർമയിലില്ലാത്ത അമ്മൂമ്മയും സ്നേഹിച്ച് കൊതി തീരുംമുൻപേ എന്നെ വിട്ടുപോയ എന്റെ അപ്പൂപ്പനേയും എനിക്ക് ഓർമ വന്നു, അമ്മ ടീച്ചറിന്റെ മുൻമൊഴി വായിച്ചു തന്നപ്പോൾ.

എന്നാൽ ഇന്ന് എന്റെ വീട്ടിലെ സ്ഥിതി വ്യത്യാസമാണ്. അമ്മ രാവിലെ ജോലി ചെയ്യുമ്പോൾ ഞാനും അമ്മയ്ക്ക് ഒപ്പം കൂടും. അച്ഛന് ജോലി ആർമിയിൽ ആണ്. നാട്ടിൽ വരുമ്പോൾ വീട്ടുജോലികളിൽ അച്ഛനും കൂടും. അടുക്കളജോലിയും വീട്ടുജോലികളും അമ്മമാരിൽ മാത്രം ഒതുങ്ങേണ്ടതല്ല. ജോലിക്ക് പോകുന്ന എത്രയോ അമ്മമാരുണ്ട്. അവർ എത്രമാത്രം കഷ്ടപ്പെടുന്നത് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അതെ, ചിന്തിക്കണം. അവരുടെ വിഷമങ്ങൾ നമ്മൾ മനസ്സിലാക്കണം. അതുകൊണ്ടു വീട്ടിൽ അമ്മമാർ അനുഭവിക്കുന്ന പ്രയാസങ്ങൾ കുറെയൊക്കെ കുട്ടികളായ നമ്മളും അറിഞ്ഞിരിക്കണം.

**അനശ്വര രവീന്ദ്രൻ,**
**ഗവ. എച്ച് എസ് എസ്,**
**കുളക്കട**



ടീച്ചറിന്,

തളിരിലെ ലേഖനം വായിച്ചപ്പോൾ ആദ്യം മനസ്സിൽ തെളിഞ്ഞത് എന്റെ അമ്മയുടെ മുഖമായിരുന്നു.

ടീച്ചറിന്റെ ലേഖനത്തിൽ ജോലിയുള്ള സ്ത്രീകളെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ നമ്മുടെ സമൂഹത്തിൽ ഉദ്യോഗസ്ഥരായ സ്ത്രീകളെക്കാൾ കൂടുതൽ ഉദ്യോഗം ഇല്ലാത്തവരാണ്. ജോലിക്കു പോകുമ്പോഴുള്ള കഷ്ടപ്പാടുകളെക്കാൾ കൂടുതൽ വീട്ടിലിരിക്കുന്നവർക്കാണെന്നാണ് എന്റെ അഭിപ്രായം. അവരുടെ ജോലിഭാരമോ, സങ്കടങ്ങളോ, വേവലാതികളോ ഒന്നും കാണാൻ കഴിയാത്തവയാണ് നാം. ആരും അവരെ തിരക്കാറുമില്ല. 'വെറുതെ ഒരു ഭാര്യ' എന്ന ചിത്രത്തിൽ നായകനായ ജയറാം നായികയോട് ചോദിക്കുന്നുണ്ട് 'ഈ വീട്ടിൽ നിനക്ക് എന്തായിത്ര ജോലിയെന്ന്' ഇതുപോലെയാണ് പല വീടുകളിലേയും അവസ്ഥ.

ഈ ചോദ്യം സ്വന്തം മനഃസാക്ഷിയോടാണ് നാം ചോദിക്കേണ്ടത്? മറ്റുള്ളവരെ പഴിചാരാതെ സ്വന്തം കാര്യങ്ങൾ സ്വയം ചെയ്തു നോക്കൂ. അപ്പോൾ മനസ്സിലാക്കാം വ്യത്യാസം എന്താണെന്ന്. ഇതിലൊക്കെയുപരി അമ്മയോട് മധുരമായി സംസാരിക്കാനും അവയുടെ സുഖവിവരങ്ങൾ തിരക്കുവാനും മറക്കരുത്. അത് ആ മനസ്സുകളിൽ കുളിർമഴ ചൊരിയുമെന്നത് തീർച്ചയാണ്. കുട്ടികൾ അമ്മയെ സഹായിക്കുന്നതും സ്നേഹിക്കുന്നതും കാണുമ്പോൾ അച്ഛന്മാർ ഉറപ്പായും അവരുടെ നിലപാടുകൾ മാറ്റും. ഇതാണ് എന്റെ അഭിപ്രായം. മാറ്റത്തിനുള്ള മുന്നോടിയായി വരൂ. നമുക്കവരെ സ്നേഹിക്കാം.

ഉണ്ടാക്കാം

# മെഴുകുതിരി ഫൗണ്ടൻ

അരവിന്ദ് ഗുപ്ത
ഡിസൈൻ K V Potdar



**ആവശ്യമുള്ള സാധനങ്ങൾ**

- പ്ലാസ്റ്റിക് കുപ്പി
- പുതിയ തരം സ്ട്രോ
- ഗ്ലാസ്
- നിറമുള്ള വെള്ളം
- മെഴുകുതിരി
- തീപ്പെട്ടി

എന്തുകൊണ്ടായിരിക്കും ഇങ്ങനെ സംഭവിക്കുന്നത്? ഉത്തരം കണ്ടെത്തി തളിരിനെഴുതൂ...



1 കുപ്പിയുടെ അടിഭാഗത്തായി അരികുചേർന്ന് ഒരു ദ്വാരമിടുക. സ്ട്രോ കയറാൻ പാകത്തിലുള്ളതായിരിക്കണം ദ്വാരം.



2 സ്ട്രോയുടെ ചെറിയ വശം ഇതിനുള്ളിലേക്കു കടത്തി പശയുപയോഗിച്ച് ചോർച്ചയില്ലാത്ത വിധം ദ്വാരം അടയ്ക്കുക. കുപ്പി–സ്ട്രോ സംവിധാനം ഇതുപോലെ ഇരിക്കും.



3 കുപ്പിയുടെ അടപ്പിൽ മെഴുകുതിരി കത്തിച്ചു വയ്ക്കുക.



4 സ്ട്രോയുടെ അറ്റം ഗ്ലാസിലെ വെള്ളത്തിലേക്ക് മുക്കിവച്ചശേഷം അടപ്പിൽ വച്ച മെഴുകുതിരി കുപ്പിക്കുള്ളിലേക്കു കയറ്റുക. മെഴുകുതിരി ഏതാനും സെക്കന്റുകൾ കുപ്പിക്കുള്ളിൽ കടത്തിയശേഷം അടപ്പുപയോഗിച്ച് കുപ്പി അടയ്ക്കണം.




5 ഏതാനും സെക്കന്റുകൾക്കുള്ളിൽ തിരി അണയും. അല്പനേരം കൂടി കാത്തുനിൽക്കൂ..
സ്ട്രോയ്ക്കുള്ളിലൂടെ വെള്ളം കുപ്പിയിലേക്കു നിറയുന്നതുകാണാം.

Printed and Published by **Dr. Paul Manalil** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# അക്ഷരചിത്രം

**ഭരണിക്കാവ് കൃഷ്ണൻ**

a ഉപയോഗിച്ച് ചേച്ചിയെ
വരയ്ക്കാം.







## തളിര് വരിക്കാരാവാൻ എന്തു ചെയ്യണം?

160രൂപയാണ് തളിര് മാസികയുടെ വാർഷികവരിസംഖ്യ. ഡിഡി/മണിയോർഡർ ആയി വരിസംഖ്യ അടയ്ക്കാം.

**വിലാസം**

എഡിറ്റർ, തളിര് മാസിക, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, തിരുവനന്തപുരം 34

തളിര് പ്രമോട്ടർമാർ വഴിയും പണമടയ്ക്കാവുന്നതാണ്. പ്രമോട്ടർമാരുടെ വിവരങ്ങൾ http://ksicl.org എന്ന വിലാസത്തിൽ ലഭ്യമാണ്.

സ്കൂളുകൾ തളിര് മാസികയ്ക്ക് വരിസംഖ്യ അടയ്ക്കുമ്പോൾ പ്രത്യേക ആനുകൂല്യങ്ങളും ഉണ്ട്. വിശദവിവരത്തിനായി 0471-2327276, 2333790 എന്നീ നമ്പറുകളിൽ 11 മണിക്കും 5 മണിക്കും ഇടയിൽ വിളിക്കുക. thaliru@ksicl.org എന്ന ഇമെയിലിൽ ബന്ധപ്പെട്ടാലും വിശദവിവരം ലഭിക്കുന്നതാണ്.

**എഡിറ്റർ**

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017
RNI No. 20076/70 August 2016
Regd KL/TV (N)/399/2015-2017 Published on 29-07-2016 Vol:22, Issue:8, ₹15


# ഇന്ററാക്ടീവ് പുസ്തകങ്ങൾ

## ഇനി കളിക്കാനും ചിന്തിക്കാനും കൂട്ടുകൂടാനും പുസ്തകങ്ങൾ

- കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്നു –
- മലയാളത്തിൽ ആദ്യമായി ഇന്ററാക്ടീവ് പുസ്തകങ്ങൾ
- പ്രൈമറി കുട്ടികൾക്കുള്ള ഉപഹാരം

